33rd Year of Service 2025

# കേരള എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

December 15, 2025 Vol. XXXIII No. 51



BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY

SUNNY
FINANCIAL STRATEGIES, LLC

**Tom Sunny, CFP®, CLU®, RICP®**
**Financial Advisor & Planner**
847-414-9116 tom@sunnyfinancial.com

- Comprehensive Financial Planning
- Risk Management & Insurance: Life/Disability/Long Term Care/Health/Medicare
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Business Plans/Employee Benefits/Pension
- Retirement Income/Retirement Savings
- Tax Planning Strategies
- Estate Planning: Trusts/Wills
- Education Funds



www.sunnyfinancial.com

475 N Martingale Rd, Suite 1250, Schaumburg, IL 60173

Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.

**SECURE TAX SERVICES**

**DBA Small Business Accounting LLC**

**Personal and Business Tax Services**



Tino Simon Mundaplackil

Phone: 630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

**Free Electronic Filing**

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

**ACCIDENT ATTORNEYS**

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

**LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY**

**Fee Discounts On Certain Cases For Malayalee Clients**
**Home Visits Available**



Steve Crifase
Steve@Crifaselaw.com

**CRIFASE LAW FIRM, LTD.**

**312-855-0511**

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

33rd Year of Service 2025

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

5 ഗൂഢാലോചന ആവർത്തിച്ച് മഞ്ജുവാര്യർ
10 വിസി നിയമനം ഏറ്റെടുത്ത് സുപ്രീംകോടതി
12 മുനമ്പം: ഹൈക്കോടതി ഉത്തരവിന് സ്റ്റേ
15 സിഎംഎ ബ്ലഡ് ഡൊണേഷൻ ക്യാമ്പ് നടത്തി
22 ക്രിസ്മസും ക്രിസ്തുവും

# തദ്ദേശ തെരഞ്ഞെടുപ്പ്: യുഡിഎഫിന് തകർപ്പൻ വിജയം

## കോർപ്പറേഷനുകളിലും ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകളിലും യുഡിഎഫ്; ജില്ലാ പഞ്ചായത്തിൽ എൽഡിഎഫ്–യുഡിഎഫ് സമനില; തിരുവനന്തപുരത്ത് ബിജെപിക്ക് നേട്ടം

തിരുവനന്തപുരം: ഭരണവിരുദ്ധവികാരം ശക്തമായ അടിയൊഴുക്കായപ്പോൾ ഇടതുകോട്ടകൾ മണൽക്കൊട്ടാരം പോലെ തകർന്നടിഞ്ഞു. പ്രചാരണത്തിന്റെ അവസാനഘട്ടത്തിലുയർന്ന വിവാദങ്ങളെയെല്ലാം നിഷ്പ്രഭമാക്കി, പിണറായി സർക്കാരിനുമേൽ യുഡിഎഫ് തകർപ്പൻ വിജയം നേടി. പുതിയ സംസ്ഥാനാദ്ധ്യക്ഷനു കീഴിൽ ചിട്ടയായ പ്രവർത്തനം കാഴ്ചവെച്ച ബിജെപിയുടെ മികവിൽ എൻഡിഎയ്ക്കും വൻമുന്നേറ്റം. നിയമസഭാ തെരഞ്ഞെടുപ്പിന്റെ സെമി ഫൈനലായി വിശേഷിപ്പിക്കപ്പെട്ട തദ്ദേശതെരഞ്ഞെടുപ്പിൽ ജനം പ്രതിപക്ഷത്തിന് അനുകൂലമായി വിധിയെഴുതി.

കേരളത്തിലെ കോർപറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്തുകളിൽ വ്യക്തമായ മേധാവിത്വം നേടിയ യുഡിഎഫ്, പതിവിനു വിരുദ്ധമായി ഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളും ഇക്കുറി കൈപ്പിടിയിലാക്കി. ജില്ലാ പഞ്ചായത്തുകളിൽ സമനില (7–7) നേടാനായതു മാത്രമാണ് എൽഡിഎഫിനു ന്യായീകരിക്കാൻ അൽപ്പമെങ്കിലും വക നൽകിയത്. ചരിത്രത്തിലാദ്യമായി കേരളതലസ്ഥാനത്ത്, തിരുവനന്തപുരം കോർപറേഷൻ ഭരണം പിടിച്ചെടുത്ത എൻഡിഎയ്ക്ക് കഴിഞ്ഞതവണത്തേക്കാൾ കൂടുതൽ ഗ്രാമപഞ്ചായത്തുകളിൽ അധികാരമേറാനും വഴിതെളിഞ്ഞു.

കേരളത്തിലെ ആറ് കോർപറേഷനുകളിൽ നാലിലും (കൊല്ലം, എറണാകുളം, തൃശൂർ, കണ്ണൂർ) യുഡിഎഫിനാണ് ജയം. പാർട്ടിക്കോട്ടകളായ കൊല്ലത്തെയും (ശേഷം 34–ാം പേജിൽ)

# തെരഞ്ഞെടുപ്പ് അവലോകന യോഗത്തിൽ സിപിഎം–സിപിഐ പോര്

തിരുവനന്തപുരം: തദ്ദേശതെരഞ്ഞെടുപ്പിൽ എൽഡിഎഫിനുണ്ടായ കനത്ത പരാജയത്തിനു കാരണം ശബരിമല സ്വർണക്കൊള്ളയെന്നു സിപിഐ, അല്ലെന്ന് സിപിഎമ്മും. സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും എൽഡിഎഫ് കൺവീനർ ടി.പി. രാധാകൃഷ്ണനുമാണ് ഇക്കാര്യത്തിൽ തുറന്ന പോരിന് തുടക്കമിട്ടത്.





ശബരിമല സ്വർണക്കൊള്ള തെരഞ്ഞെടുപ്പിൽ പ്രതീക്ഷിച്ചതിനേക്കാൾ വലിയ തിരിച്ചടിയായെന്നാണ് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തിന്റെ നിലപാട്. അതിനെ ഖണ്ഡിക്കുകയാണ് സിപിഎം നേതാവും എൽഡിഎഫ് കൺവീനറുമായ ടി.പി. രാമകൃഷ്ണൻ. ശബരിമല വിവാദമാണ് പരാജയത്തിന് കാരണമെന്ന് വിലയിരുത്തിയിട്ടില്ലെന്നും ഇപ്പോൾ വിലയിരുത്തൽ നടത്തുന്നില്ലെന്നുമാണ് ടി.പി. രാമകൃഷ്ണന്റെ അഭിപ്രായം. പരാജയകാരണങ്ങളിൽ മറ്റ് വിശകലനങ്ങളിലേക്ക് പോകുന്നില്ലെന്നാണ് അദ്ദേഹത്തിന്റെ നിലപാട്. എന്നാൽ ടി.പി. രാമകൃഷ്ണന്റെ അഭിപ്രായത്തെ തള്ളുകയാണ് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം.

ശബരിമല സ്വർണക്കൊള്ള കേസ് തെരഞ്ഞെടുപ്പിൽ വലിയ തിരിച്ചടിയായിപ്പോയെന്നും (ശേഷം 34–ാം പേജിൽ)

# വോട്ട് ചോരിക്കെതിരെ ഡൽഹിയിൽ കോൺഗ്രസിന്റെ കൂറ്റൻ റാലി

ന്യൂഡൽഹി: വോട്ട് ചോരിക്കെതിരേ ഡൽഹി രാം ലീല മൈതാനിയിൽ കോൺഗ്രസ് സംഘടിപ്പിച്ച റാലിയിൽ പ്രതിഷേധമിരമ്പി. 'വോട്ട് ചോർ ഗഡി ഛോഡ്' (വോട്ട് കള്ളൻ അധികാരസ്ഥാനം ഒഴിയുക) എന്ന മുദ്രാവാക്യം ഉയർത്തി നടത്തിയ പ്രതിഷേധത്തിൽ പങ്കെടുക്കാൻ വിവിധ സംസ്ഥാനങ്ങളിൽനിന്നടക്കം പതിനായിരങ്ങളാണ് ഡിസംബർ 14-ന് ഇന്ത്യാതലസ്ഥാനത്ത് എത്തിച്ചേർന്നത്. റാലിയിൽ പ്രസംഗിച്ച കോൺഗ്രസ് നേതാക്കൾ കേന്ദ്രസർക്കാരിനെയും തെരഞ്ഞെടുപ്പ് കമ്മീഷനെയും ആർഎസ്എസിനെയും രൂക്ഷമായി വിമർശിച്ചു. മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെയും രണ്ട് തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും പേരുകൾ എടുത്തുപറഞ്ഞുകൊണ്ടായിരുന്നു ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ വിമർശനം. മോദിയുടേതല്ല രാജ്യത്തിന്റേതാണു തെരഞ്ഞെടുപ്പു കമ്മീഷനെന്ന് രാഹുൽ ഓർമിപ്പിച്ചു. സത്യത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട്, സത്യത്തിനൊപ്പം നിന്നുകൊണ്ട്, നരേന്ദ്രമോദിയെയും അമിത് ഷായെയും ബിജെപിയെയും താഴെയിറക്കുമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. (ശേഷം 34–ാം പേജിൽ)



# നടിയെ ആക്രമിച്ച കേസ്: വിധിയിൽ അദ്ഭുതമില്ലെന്ന് അതിജീവിത

കൊച്ചി: ആക്രമണ കേസിൽ തന്റെ അടിസ്ഥാന അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടില്ലെന്ന് അതിജീവിത. കേസിന്റെ വിചാരണ നടന്ന കോടതിയിൽനിന്ന് നീതി പ്രതീക്ഷിക്കേണ്ടതില്ലെന്ന് രാജിവെച്ച രണ്ട് പബ്ലിക് പ്രോസിക്യൂട്ടർമാരും തന്നോടു പറഞ്ഞിരുന്നുവെന്നതടക്കം കോടതി വിധിക്കെതിരേ രൂക്ഷ വിമർശനമാണ് അതിജീവിത ഉന്നയിച്ചിരിക്കുന്നത്. നടിയെ ആക്രമിച്ച കേസിൽ 12-ന് ശിക്ഷാവിധിയടക്കം വന്നശേഷം ആദ്യമായി നടത്തിയ പ്രതികരണത്തിലാണ് അതിജീവിതയുടെ വിമർശനം.

എന്റെ വേദനകളെ നുണയെന്നും ഈ കേസ് കെട്ടിച്ചമച്ച കഥയെന്നും പരിഹസിച്ചവർക്കായി താൻ ഈ വിധിയെ സമർപ്പിക്കുന്നുവെന്നാണ് അതിജീവിത കുറിച്ചിരിക്കുന്നത്.

ഈ വിധി പലരെയും ഒരുപക്ഷേ നിരാശപ്പെടുത്തിയിരിക്കാം. എന്നാൽ, തനിക്കിതിൽ അദ്ഭുതമില്ലെന്നും 2020-ന്റെ അവസാനംതന്നെ ചില അന്യായമായ നീക്കങ്ങൾ തനിക്കു ബോധ്യപ്പെട്ടിരുന്നുവെന്നും വിധിക്കുശേഷം നടത്തിയ ആദ്യ പ്രതികരണത്തിൽ അതിജീവിത വ്യക്തമാക്കി.

നിരന്തരമായ വേദനകൾക്കും കണ്ണീരിനും കടുത്ത മാനസിക സംഘർഷങ്ങൾക്കുമൊടുവിൽ താനിപ്പോൾ തിരിച്ചറിയുന്നു, നിയമത്തിന്റെ മുമ്പിൽ ഈ രാജ്യത്തെ എല്ലാ പൗരന്മാരും തുല്യരല്ല. തിരിച്ചറിവ് നൽകിയതിനു നന്ദി. ഉയർന്ന നീതിബോധമുള്ള ന്യായാധിപന്മാർ ഉണ്ടാകുമെന്നുതന്നെയാണ് ഇപ്പോഴും വിശ്വസിക്കുന്നതെന്നും സമൂഹമാധ്യമത്തിൽ പങ്കുവെച്ച കുറിപ്പിൽ അവർ വ്യക്തമാക്കി.

## സിഡ്നിയിലെ ഭീകരാക്രമണം:

# 16 പേരെ കൊലപ്പെടുത്തിയ തീവ്രവാദികളെ പിടികൂടി

സിഡ്നി: ഓസ്ട്രേലിയയിലെ ഏറ്റവും ജനസാന്ദ്രതയുള്ള നഗരമായ സിഡ്നിയിലെ ബോണ്ടി ബീച്ചിൽ ഹനുക്ക ആഘോഷത്തിനിടെ 16 പേരെ വെടിവെച്ചുകൊന്നത് 50-ഉം 24-ഉം പ്രായമുള്ള അച്ഛനും മകനുമാണെന്ന് ന്യൂ



സൗത്ത് വെയിൽസ് പോലീസ്. സിഡ്നിയിലെ ജൂതസമൂഹത്തെ ലക്ഷ്യമിട്ടു നടന്ന വെടിവയ്പ് ഭീകരാക്രമണമായി പ്രഖ്യാപിച്ചതായും പോലീസ് അറിയിച്ചു.

ഭീകരരായ സാജിദ് അക്രം, നവീദ് അക്രം എന്നിവർ അച്ഛനും മകനുമാണ്. സാജിദ് അക്രത്തെ സംഭവസ്ഥലത്തുവെച്ചു പോലീസ് വധിച്ചിരുന്നു. നവീദ് അക്രം ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്. സംഭവത്തിൽ അന്വേഷണം ആരംഭിച്ചതായും അക്രമികളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ചെന്നും പോലീസ് അറിയിച്ചു. സംഭവസ്ഥലത്തിനടുത്തുനിന്നു കണ്ടെത്തിയ സ്ഫോടക വസ്തുക്കൾ നിർവീര്യമാക്കിയെന്നും മുതിർന്ന പോലീസ് ഉദ്യോഗസ്ഥൻ അറിയിച്ചു.

ആക്രമണത്തിനു തൊട്ടുപിന്നാലെ പടിഞ്ഞാറൻ സിഡ്നിയിലെ ബോണിറിഗ്, കാംപ്സി എന്നീ സബർബുകളിലെ രണ്ട് സ്ഥലങ്ങളിൽ പോലീസ് രാത്രിയിൽ റെയ്ഡ് നടത്തി. ഭീകരൻ സാജിദ് അക്രത്തിന്റെ താമസസ്ഥലങ്ങളുമായി ബന്ധപ്പെട്ടായിരുന്നു റെയ്ഡ്. ഇയാൾക്ക് തോക്ക് ലൈസൻസ് ഉണ്ടായിരുന്നുവെന്നും ആറ് തോക്കുകൾ രജിസ്റ്റർ ചെയ്തിരുന്നതായും പോലീസ് അറിയിച്ചു. ഈ തോക്കുകളാണ് ആക്രമണത്തിന് ഉപയോഗിച്ചതെന്നു കരുതുന്നതായി പോലീസ്. പത്തുവർഷമായി ഇയാൾ തോക്ക് ലൈസൻസ് കൈവശം വെച്ചിരുന്നതായി കണ്ടെത്തി.

സംഭവസ്ഥലത്തുനിന്നു ഇസ്ലാമിക് സ്റ്റേറ്റിന്റെ പതാക കണ്ടെത്തിയതായി റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. അതേസമയം, ഇത്തരം ചോദ്യങ്ങൾക്കു പോലീസ് മേധാവി മറുപടി പറഞ്ഞില്ല. ഇവർക്ക് ഐഎസ് ഉൾപ്പെടെയുള്ള ഭീകരസംഘടനകളുമായി ബന്ധമുണ്ടോ എന്നത് അന്വേഷിക്കുന്നുണ്ടെന്നും പോലീസ്.

അക്രമത്തിൽ 30-ലേറെ പോലീസ് ഉദ്യോഗസ്ഥർക്കു പരുക്കേൽക്കുകയും ചെയ്തിരുന്നു. യഹൂദരുടെ എട്ടു ദിവസം നീളുന്ന ഹനൂക്ക ഉത്സവത്തിന്റെ ഒന്നാംദിനം ആഘോഷിക്കാൻ ബീച്ചിൽ ഒത്തുകൂടിയ ആയിരത്തോളം പേർക്കു നേരെ ഭീകരർ വെടിയുതിർക്കുകയായിരുന്നു.

ബീച്ചിലും സമീപത്തെ പാർക്കിലുമായി ഒത്തുകൂടിയ യഹൂദർക്കു നേർക്ക് പത്തു മിനിറ്റ് വെടിവയ്പുണ്ടായി. കറുത്ത വസ്ത്രം ധരിച്ച രണ്ടുപേർ പാലത്തിൽനിന്ന് വെടിയുതിർക്കുന്ന വീഡിയോ പുറത്തുവന്നിട്ടുണ്ട്. വെള്ള വസ്ത്രം ധരിച്ച ഒരാൾ ഇതിലൊരാളെ മൽപ്പിടിത്തത്തിലൂടെ കീഴ്പ്പെടുത്തുന്നതും വീഡിയോയിലുണ്ട്.

ആക്രമണത്തെ അപലപിച്ച ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി ആൽബനീസ് ദേശീയ സുരക്ഷാസമിതി യോഗം വിളിച്ചു ചേർത്തു. ഗാസ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ആഗോള യഹൂദ സമുദായത്തിനു നേർക്കുണ്ടായ ഏറ്റവും വലിയ ആക്രമണമാണിത്.

താരതമ്യേന സുരക്ഷിത രാജ്യമായ ഓസ്ട്രേലിയയിൽ ഇത്തരം വെടിവയ്പു സംഭവങ്ങൾ അപൂർവമാണ്. ഇസ്രേലി പ്രസിഡന്റ് ഐസക് ഹെർസോഗ്, ബ്രിട്ടീഷ് പ്രധാനമന്ത്രി കീയർ സ്റ്റാർമർ, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ തുടങ്ങിയവർ ഭീകരാക്രമണത്തെ അപലപിച്ചു.

## നിതിൻ നബീൻ ബിജെപി വർക്കിങ് പ്രസിഡണ്ട്



ന്യൂഡൽഹി: ബിജെപി ദേശീയ വർക്കിങ് പ്രസിഡണ്ടായി ബിഹാർ മന്ത്രിയും യുവനേതാവുമായ നിതിൻ നബീനെ തെരഞ്ഞെടുത്തു. ബിഹാർ പൊതുമരാമത്ത് വകുപ്പു മന്ത്രിയും പട്നയിലെ ബങ്കിപൂരിൽ നിന്നുള്ള എംഎൽഎയുമാണ് 45 വയസുകാരനായ നിതിൻ. ബിജെപി അദ്ധ്യക്ഷനായ ജെ.പി. നഡ്ഡയ്ക്കു പകരക്കാരനായാണ് നിതിൻ ഈ പദവിയിൽ എത്തുന്നത്. പാർട്ടി പാർലമെന്റ് ബോർഡാണ് നിതിൻ നബീനെ ദേശീയ വർക്കിങ് പ്രസിഡണ്ട് സ്ഥാനത്തേക്ക് നിയമിച്ചത്. ഇതിനു പുറമെ പാർട്ടി യുപി ഘടകം അദ്ധ്യക്ഷനായി കേന്ദ്ര ധനകാര്യവകുപ്പ് സഹമന്ത്രി പങ്കജ് ചൗധരിയെയും തെരഞ്ഞെടുത്തു.

പശ്ചിമബംഗാൾ, അസം, തമിഴ്നാട്, കേരളം, പുതുച്ചേരി നിയമസഭാ തെരഞ്ഞെടുപ്പുകളിൽ പാർട്ടിയെ നയിക്കുകയെന്നതാണ് നബീന്റെ ആദ്യ ചുമതല. മുതിർന്ന ബിജെപി നേതാവ് നബീൻ കിഷോർ സിൻഹയുടെ മകനായ നിതിൻ എ.ബി.വി.പിയിലൂടെയാണ് രാഷ്ട്രീയജീവിതം ആരംഭിച്ചത്. യുവമോർച്ച മുൻ സെക്രട്ടറിയാണ്. തുടർച്ചയായി നാലു തവണ അദ്ദേഹം ബിഹാറിൽ എംഎൽഎ ആയി തെരഞ്ഞെടുക്കപ്പെട്ടു. ഈ ചെറിയ പ്രായത്തിനിടെ പല തവണ സംസ്ഥാന മന്ത്രിയായും സേവനമനുഷ്ഠിച്ചു. ദേശീയ അദ്ധ്യക്ഷപദവിയിൽ ജെ.പി. നഡ്ഡയുടെ കാലാവധി 2024-ൽ അവസാനിച്ചെങ്കിലും പൊതുതെരഞ്ഞെടുപ്പ് കണക്കിലെടുത്ത് കാലാവധി നീട്ടുകയായിരുന്നു. 2019 ജൂണിൽ അന്നത്തെ അദ്ധ്യക്ഷനായിരുന്ന അമിത് ഷാ കേന്ദ്ര ആഭ്യന്തമന്ത്രിയായി ചുമതലയേറ്റപ്പോഴാണ് നഡ്ഡയെ വർക്കിംഗ് പ്രസിഡണ്ടായി നിയമിച്ചത്. പിന്നീട് 2020 ജനുവരിയിൽ നഡ്ഡയെ പുതിയ ദേശീയ അദ്ധ്യക്ഷനായി ഔദ്യോഗികമായി പ്രഖ്യാപിക്കുകയായിരുന്നു.

ബിജെപി ഭരണഘടന അനുസരിച്ച് പ്രസിഡണ്ടിന്റെ കാലാവധി മൂന്നു വർഷമാണ്. തുടർച്ചയായി രണ്ടു തവണ ചുമതല വഹിക്കാം., ദേശീയ കൗൺസിലിലെയും സംസ്ഥാന കൗൺസിലുകളിലെയും അംഗങ്ങളടങ്ങുന്ന ഇലക്ടറൽ കോളജാണ് പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നത്. പകുതി സംസ്ഥാനങ്ങളിലെങ്കിലും അംഗത്വവിതരണവും മണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിലുള്ള സംഘടനാ തെരഞ്ഞെടുപ്പുകളും പൂർത്തിയാക്കിയ ശേഷമാണ് ദേശീയ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്ന പ്രക്രിയ ആരംഭിക്കുന്നത്.

## സ്വർണ്ണക്കൊള്ള: പാർലമെന്റിനു മുന്നിൽ യുഡിഎഫ് എംപിമാരുടെ പ്രതിഷേധം



ന്യൂഡൽഹി: ശബരിമല സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട് തദ്ദേശ തെരഞ്ഞെടുപ്പിനിടെ വൈറലായ പാരഡി ഗാനം പാർലമെന്റിനു മുന്നിൽ ആലപിച്ച് യുഡിഎഫ് എംപിമാർ. ശബരിമല വിഷയത്തിൽ കോടതി നിരീക്ഷണത്തിൽ സിബിഐ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടാണ് പ്രതിഷേധം നടന്നത്.

ശബരിമലയിലെ സ്വർണ്ണക്കൊള്ളയിൽ നിലവിലെ എസ്ഐടി അന്വേഷണം പോരെന്നാണ് യുഡിഎഫ് ചൂണ്ടിക്കാട്ടുന്നത്. 15-ന് രാവിലെ 10.30-ഓടെയായിരുന്നു ആന്റോ ആന്റണി എംപിയുടെ നേതൃത്വത്തിൽ പാർലമെന്റിനു മുന്നിലെ പ്രതിഷേധം. കെ.സി. വേണുഗോപാൽ, ആന്റോ ആന്റണി, ഹൈബി ഈഡൻ തുടങ്ങിയവർ ശബരിമല വിഷയം ലോക്സഭയുടെ ശൂന്യവേളയിൽ ഉന്നയിച്ചിരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 51
December 15, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

പ്രശസ്തി ദാനം മുഖേന ലഭിക്കേണ്ടതല്ല. സ്വകർമ്മംകൊണ്ട് ഉണ്ടാകേണ്ടതാണ്.
**സോക്രട്ടീസ്**

തയാറെടുക്കാൻ പരാജയപ്പെടുന്നതിലൂടെ നിങ്ങൾ പരാജയപ്പെടാൻ തയാറെടുക്കുകയാണ്.
**ബെഞ്ചമിൻ ഫ്രാങ്ക്ളിൻ**

## നടിയെ ആക്രമിച്ച കേസ്:
# ആറു പ്രതികൾക്ക് 20 വർഷം കഠിനതടവ്

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ കോടതി കുറ്റക്കാരെന്നു കണ്ടെത്തിയ ആറു പ്രതികൾക്ക് 20 വർഷം കഠിനതടവും അരലക്ഷം രൂപ വീതം പിഴയും ശിക്ഷ വിധിച്ചു. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജി ഹണി എം. വർഗീസാണ് ശിക്ഷ വിധിച്ചത്. വിവിധ വകുപ്പുകളിലെ ശിക്ഷകളിലായി പ്രതികളിൽനിന്ന് ഈടാക്കുന്ന തുകയിൽനിന്ന് അഞ്ചുലക്ഷം രൂപ അതിജീവിതയ്ക്കു നൽകാനും കോടതി നിർദേശിച്ചു. ഒന്നാംപ്രതി പെരുമ്പാവൂർ വേങ്ങൂർ നടുവിലെക്കുടിയിൽ സുനിൽകുമാർ എന്ന പൾസർസുനി (35), യഥാക്രമം രണ്ടുമുതൽ ആറുവരെ പ്രതികളായ തൃശൂർ കൊരട്ടി പുതുശേരി ഹൗസിൽ മാർട്ടിൻ ആന്റണി (33), എറണാകുളം തമ്മനം മണപ്പാട്ടിപ്പറമ്പിൽ ബി. മണികണ്ഠൻ (37), തലശേരി കതിരൂർ മംഗലശേരിയിൽ വി.പി. വിജീഷ് (38), എറണാകുളം ഇടപ്പള്ളി പള്ളിക്കപ്പറമ്പിൽ എച്ച്. സലിം (വടിവാൾ സലിം–30), തിരുവല്ല പഴയനിലത്തിൽ പ്രദീപ് (31) എന്നിവർക്കാണു ശിക്ഷ വിധിച്ചത്.

ആറുപ്രതികൾക്കും ജീവപര്യന്തം തടവാണ് പ്രോസിക്യൂഷൻ ആവശ്യപ്പെട്ടിരുന്നതെങ്കിലും 20 വർഷം കഠിനതടവാണ് കോടതി വിധിച്ചത്. വിചാരണ കാലയളവിൽ പ്രതികൾ ജയിലിൽ കിടന്ന കാലഘട്ടവും ശിക്ഷാകാലാവധിയിൽ ഉൾപ്പെടും.

ഒരുപകൽ നീണ്ട ഉദ്വേഗജനകമായ വാദങ്ങൾക്കും കോടതിനടപടികൾക്കും ഒടുവിലാണ് ജഡ്ജി ശിക്ഷ പ്രഖ്യാപിച്ചത്. പ്രതികളിൽ ചിലർ കോടതിമുറികളിൽ പൊട്ടിക്കരഞ്ഞു. ശിക്ഷ കുറച്ചുതരണമെന്ന് എല്ലാ പ്രതികളും കോടതിയോട് ആവശ്യപ്പെട്ടു. കേസിൽ എട്ടാം പ്രതിയായിരുന്ന ദിലീപ് ഉൾപ്പെടെ ഏഴു മുതൽ പത്തുവരെയുള്ള നാലു പ്രതികളെ തെളിവുകളുടെ അഭാവത്തിൽ കോടതി വെറുതെ വിട്ടിരുന്നു. സെഷൻസ് കോതടതിയുടെ വിധിപ്പകർപ്പ് പഠിച്ചശേഷം അപ്പീൽ പോകുമെന്ന് പ്രോസിക്യൂഷനും സർക്കാരും വ്യക്തമാക്കിയിട്ടുണ്ട്.

കൂട്ടബലാത്സംഗത്തിന് ഐപിസി സെക്ഷൻ 376 (ഡി) പ്രകാരം 20 വർഷം കഠിന തടവ് ആറു പ്രതികളും അനുഭവിക്കണം. ഓരോരുത്തരും 50,000 രൂപ പിഴ നൽകണം. പിഴ അടച്ചില്ലെങ്കിൽ ഒരു വർഷം കൂടി കഠിനതടവ്. ഇരയ്ക്കെതിരെ ഗൂഢാലോചന നടത്തിയതിൽ ഐപിസി 120 ബി പ്രകാരം 20 വർഷം തടവുശിക്ഷയുണ്ട്. അന്യായമായി തടങ്കലിൽ വച്ചതിന് ഐപിസി സെക്ഷൻ 342 പ്രകാരം ഒരു വർഷം തടവുകൂടി ആറുപ്രതികൾക്കും വിധിച്ചിട്ടുണ്ട്.

ഒന്നാംപ്രതി പൾസർ സുനിക്ക് ഐടി ആക്ട് പ്രകാരം അഞ്ചുവർഷം കൂടി തടവുശിക്ഷയുണ്ട്. ഐടി ആക്ട് സെക്ഷൻ 66ഇ, 67എ എന്നിവ പ്രകാരമാണു ശിക്ഷ. വിവിധ ശിക്ഷകളുടെ ഭാഗമായി 3.25 ലക്ഷം രൂപ സുനി മാത്രം പിഴയായി അടയ്ക്കണം.

രണ്ടാം പ്രതി മാർട്ടിന് ഐപിസി സെക്ഷൻ 201 (തെളിവ് നശിപ്പിക്കൽ)പ്രകാരം മൂന്നു വർഷം കഠിനതവും 25,00 രൂപ പിഴയും ശിക്ഷയുണ്ട്. ഇതുൾപ്പെടെ മാർട്ടിന് ആകെ പിഴതുക ഒന്നരലക്ഷം രൂപയാണ്. തുക അടച്ചില്ലെങ്കിൽ ആറുമാസം തടവുകൂടി അനുഭവിക്കണം. പ്രതികൾക്കു വിവിധ വകുപ്പുകളിൽ ചുമത്തിയ അധിക ശിക്ഷകൾ 20 വർഷത്തെ കഠിനതടവിനൊപ്പം അനുഭവിച്ചാൽ മതിയെന്നു കോടതി വ്യക്തമാക്കി.



പൾസർസുനി | മാർട്ടിൻ ആന്റണി | മണികണ്ഠൻ | വി.പി. വിജീഷ് | എച്ച്. സലിം | പ്രദീപ്

കേസിലെ തൊണ്ടിമുതലുകളിൽ ഉൾപ്പെട്ട അതിജീവിതയുടെ വിവാഹനിശ്ചയമോതിരം അവർക്കു തിരികെ നൽകണം. മോതിരം കാണത്തക്ക വിധത്തിലാണ് ആക്രമണം നടന്ന ദിവസം പ്രതികൾ വീഡിയോ ചിത്രീകരിച്ചിരിക്കുന്നത്. മറ്റു തൊണ്ടിമുതലുകളായ മൊബൈൽ ഫോണും പെൻഡ്രൈവും അന്വേഷണ ഉദ്യോഗസ്ഥൻ കസ്റ്റഡിയിൽ സൂക്ഷിക്കണം. അപ്പീൽ കാലാവധിക്കുശേഷം മാത്രമേ ഇവ നശിപ്പിക്കാൻ പാടുള്ളുവെന്നും കോടതി നിർദേശിച്ചു.

## ഗൂഢാലോചന ആവർത്തിച്ച് മഞ്ജുവാര്യർ



കൊച്ചി: നടിയെ ആക്രമിച്ച കേസിൽ ഗൂഢാലോചന ആവർത്തിച്ച് നടി മഞ്ജു വാര്യർ. കേസിൽ നീതി പൂർണമായി നടപ്പായെന്നു പറയാൻ കഴിയില്ല. കുറ്റം ചെയ്തവർ മാത്രമേ ശിക്ഷിക്കപ്പെട്ടിട്ടുള്ളു. ഇത് ആസൂത്രണം ചെയ്തവർ ആരായാലും അവർ പുറത്ത് പകൽവെളിച്ചത്തിലുണ്ട് എന്നത് ഭയപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്. അവർകൂടി ശിക്ഷിക്കപ്പെട്ടാലേ അതിജീവിതയ്ക്കുള്ള നീതി പൂർണമാകുകയുള്ളൂവെന്നും സമൂഹമാധ്യമത്തിൽ പങ്കുവെച്ച കുറിപ്പിൽ മഞ്ജു വാര്യർ വ്യക്തമാക്കി. കേസിലെ കോടതിവിധിയിൽ അതിജീവിതയുടെ ആദ്യ പ്രതികരണത്തിനു പിന്നാലെയാണ് മഞ്ജുവിന്റെ കുറിപ്പ്. ഇതവൾക്കുവേണ്ടി മാത്രമല്ല. ഈ നാട്ടിലെ ഓരോ സ്ത്രീക്കും ഓരോ മനുഷ്യനുംകൂടി വേണ്ടിയാണ്. അവർക്ക് തൊഴിലിടങ്ങളിലും തെരുവിലും ജീവിതത്തിലും സധൈര്യം തലയുയർത്തിപ്പിടിച്ച് ഭയപ്പാടില്ലാതെ നടക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. ഉണ്ടായേ തീരൂവെന്നും കുറിപ്പിൽ മഞ്ജു പറഞ്ഞു. കേസിൽ കോടതി വെറുതേ വിട്ടതിനു പിന്നാലെ മഞ്ജു വാര്യർക്കും പോലീസിനുമെതിരേ വിമർശനവുമായി ദിലീപ് രംഗത്തെത്തിയിരുന്നു. ഈ കേസിൽ ക്രിമിനൽ ഗൂഢാലോചനയുണ്ട്. അതന്വേഷിക്കണമെന്ന് മഞ്ജു വാര്യർ പറഞ്ഞിടത്തുനിന്നാണ് തനിക്കെതിരായ ഗൂഢാലോചന ആരംഭിച്ചതെന്നും കേസിൽ നടന്ന യഥാർത്ഥ ഗൂഢാലോചന തനിക്കെതിരേയാണെന്നും ദിലീപ് പറഞ്ഞിരുന്നു. ജയിലിലായിരുന്ന പ്രതികളെ കൂട്ടുപിടിച്ച് പോലീസ് തനിക്കെതിരേ കള്ളക്കഥ മെനയുകയായിരുന്നു. ഒരു മേലുദ്യോഗസ്ഥനും ക്രിമിനൽ പോലീസ് സംഘവും ചേർന്നാണ് അതു നടപ്പിലാക്കിയത്. പ്രധാന പ്രതിയെയും കൂട്ടാളികളെയും ചേർത്തുപിടിച്ച് പോലീസ് സംഘം കള്ളക്കഥ മെനഞ്ഞു. മാധ്യമങ്ങളെ കൂട്ടുപിടിച്ച് ആ കള്ളക്കഥ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തു. പോലീസ് സംഘം ഉണ്ടാക്കിയ എല്ലാ കള്ളക്കഥകളും കോടതിയിൽ തകർന്നുവീണെന്നും കോടതിവിധിക്കു പിന്നാലെ ദിലീപ് പ്രതികരിച്ചിരുന്നു.

## വിസി നിയമനം: ചാൻസലറുടെ അധികാരപരിധിയിലെന്നു ഗവർണർ

തിരുവനന്തപുരം: വൈസ് ചാൻസലർ നിയമനം ഏറ്റെടുത്ത സുപ്രീംകോടതി വിധിയെ വിമർശിച്ച് ഗവർണർ ആർ.വി. അർലേക്കർ.

യുജിസി നിയമത്തിൽ വൈസ് ചാൻസലർ നിയമനത്തിനുള്ള അധികാരം ചാൻസലർ കൂടിയായ ഗവർണറിൽ നിക്ഷിപ്തമാണെന്നും ഭരണഘടന വിഭാവനം ചെയ്ത നടപടികളിൽ ഭേദഗതി വരുത്താൻ കോടതികൾക്ക് അധികാരമില്ലെന്നും അദ്ദേഹം പറഞ്ഞു. സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസും മുൻ കേരള ഗവർണറുമായ ജസ്റ്റിസ് (റിട്ട.) പി. സദാശിവത്തിന് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അവാർഡ് സമ്മാനിച്ചശേഷം സംസാരിക്കുകയായിരുന്നു ഗവർണർ.

ജനാധിപത്യത്തിൽ, ഓരോ സ്ഥാപനത്തിനും അതിന്റേതായ പരിധികളുണ്ട്. ജനാധിപത്യത്തിൽ ഒരു സ്ഥാപനം മറ്റൊന്നിന്റെ പങ്ക് കൈയേറുന്ന പ്രവണത അപലപനീയമാണ്. ഭരണഘടന ഭേദഗതി ചെയ്യാനുള്ള അധികാരം പാർലമെന്റിലും തെരഞ്ഞെടുക്കപ്പെട്ട നിയമസഭകളിലും നിക്ഷിപ്തമാണ്. കോടതികളുടെ അധികാരം ഭരണഘടനയെ വ്യാഖ്യാനിക്കലാണ്. ഭരണഘടന ഭേദഗതി ചെയ്യാൻ കോടതികൾക്ക് അധികാരമില്ലെന്നും അദ്ദേഹം പറഞ്ഞു. ഒരേ വിഷയത്തിൽ പരസ്പര വിരുദ്ധമായ വ്യാഖ്യാനങ്ങളും വിധിന്യായങ്ങളും ഉണ്ടാകാൻ പാടില്ലെന്നും അദ്ദേഹം പറഞ്ഞു. കേരള ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളുടെ വൈസ് ചാൻസലർ നിയമനത്തിൽ ഗവർണറും മുഖ്യമന്ത്രിയും സമവായത്തിൽ എത്താത്ത സാഹചര്യത്തിൽ പേരുകൾ നിർദേശിക്കാൻ സുപ്രീംകോടതി റിട്ട. ജഡ്ജ് ജസ്റ്റിസ് സുധാൻശു ധൂലിയ അദ്ധ്യക്ഷനായ സമിതിയെ സുപ്രീംകോടതി നിയോഗിച്ചിരുന്നു.

## രാഹുലിന്റെ മുൻകൂർ ജാമ്യ ഹർജി വ്യാഴാഴ്ച

കൊച്ചി: യുവതിയെ ബലാൽസംഗം ചെയ്യുകയും നിർബന്ധിച്ചു ഗർഭച്ഛിദ്രം നടത്തുകയും ചെയ്തെന്ന കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരായ അറസ്റ്റ് വിലക്ക് നീട്ടി. വ്യാഴാഴ്ച വരെയാണ് വിലക്ക് നീട്ടിയത്. കേസിൽ മുൻകൂർ ജാമ്യം തേടിയുള്ള രാഹുലിന്റെ ഹർജി അന്ന് പരിഗണിക്കാനും ജസ്റ്റിസ് കെ. ബാബുവിന്റെ ബെഞ്ച് തീരുമാനിച്ചു.

നേരത്തെ മറ്റൊരു ബലാൽസംഗ കേസിൽ രാഹുൽ മാങ്കൂട്ടത്തിന് മുൻകൂർ ജാമ്യം അനുവദിച്ച തിരുവനന്തപുരം സെഷൻസ് കോടതി വിധിക്കെതിരായ സർക്കാരിന്റെ അപ്പീൽ പരിഗണിക്കുന്നത് മറ്റൊരു ബെഞ്ച് മാറ്റിവെച്ചിരുന്നു. ക്രിസ്മസ് അവധിക്കു ശേഷമായിരിക്കും ഈ കേസ് വീണ്ടും പരിഗണിക്കുക.

കേസിൽ വിശദമായി വാദം കേൾക്കണമെന്ന് വ്യക്തമാക്കിക്കൊണ്ടാണ് കോടതി രാഹുലിന്റെ അറസ്റ്റ് താൽക്കാലികമായി വിലക്കിയത്. തുടർന്ന് കേസ് ഇന്നു പരിഗണിച്ചപ്പോഴാണ് കേസ് വ്യാഴാഴ്ച വാദത്തിനെടുക്കാമെന്ന് തീരുമാനിക്കുകയായിരുന്നു. പരസ്പര സമ്മതത്തോടെയുള്ള ബന്ധമായിരുന്നെന്നും ബന്ധത്തിൽ വിള്ളലുണ്ടായപ്പോൾ യുവതി പരാതി നല്കിയതാണ് എന്നുമാണ് രാഹുലിന്റെ വാദം. ആരോപണം ബലാൽസംഗ കുറ്റത്തിന്റെ നിർവചനത്തിൽ വരുന്നതല്ല. ഗർഭച്ഛിദ്രം നടത്തിയെന്ന ആരോപണം തെറ്റിദ്ധരിപ്പിക്കാനാണ്. ഇക്കാര്യത്തിൽ തന്റെ പക്കൽ മതിയായ തെളിവുകളുണ്ട്. കസ്റ്റഡിയിൽ ചോദ്യം ചെയ്യേണ്ട ആവശ്യമില്ല. അന്വേഷണവുമായി സഹകരിക്കാൻ തയ്യാറാണ് എന്നുമാണ് ഹർജിയിൽ പറയുന്നത്.

അന്വേഷണ ഉദ്യോഗസ്ഥന്റെ മുന്നിൽ ഹാജരാകാൻ അവസരം നല്കിയാൽ കുറ്റകൃത്യത്തിന്റെ സാഹചര്യങ്ങൾ വിവരിക്കാൻ തയ്യാറാണെന്നും രാഹുൽ ഹർജിയിൽ പറഞ്ഞിരുന്നു. തിരുവനന്തപുരം സെഷൻസ് കോടതി ജാമ്യാപേക്ഷ തള്ളിയതിനെ തുടർന്നാണ് ഹൈക്കോടതിയെ സമീപിച്ചത്. തുടർന്ന് ഹർജിയിൽ തീരുമാനമെടുക്കുന്നതിനു മുമ്പ് പ്രതിഭാഗത്തിനു പറയാനുള്ളത് കേൾക്കാമെന്ന് കോടതി തീരുമാനിക്കുകയായിരുന്നു.

## ക്ഷേത്രോത്സവ കൂപ്പൺ വിതരണോദ്ഘാടനത്തിൽനിന്ന് ദിലീപിനെ മാറ്റി

കൊച്ചി: എറണാകുളം ശിവക്ഷേത്രത്തിലെ ഉത്സവത്തിന്റെ കൂപ്പൺ വിതരണ ഉദ്ഘാടനത്തിൽനിന്ന് നടൻ ദിലീപിനെ ഒഴിവാക്കി. ഉദ്ഘാടനത്തിന് ദിലീപിനെ ക്ഷണിച്ചതിൽ വൻ പ്രതിഷേധം ഉയർന്നതിനെ തുടർന്നാണ് ക്ഷേത്ര ഭരണസമിതിയുടെ തീരുമാനം.

ജനുവരി 23–നാണ് എറണാകുളം ശിവക്ഷേത്രത്തിലെ ഉത്സവം ആരംഭിക്കുന്നത്. ഇതിനോടനുബന്ധിച്ചുള്ള കൂപ്പൺ ഉദ്ഘാടന ചടങ്ങുകൾ ഡിസംബർ 16–ന് വൈകിട്ട് 6.30–ന് നടത്താനിരിക്കുകയായിരുന്നു.

ആദ്യ കൂപ്പൺ ഏറ്റുവാങ്ങാനായി നടൻ ദിലീപിനെയായിരുന്നു തീരുമാനിച്ചിരുന്നത്. ഇതു സംബന്ധിച്ച നോട്ടീസും പോസ്റ്ററുകളും അച്ചടിച്ചിരുന്നു.

എന്നാൽ, ഇയാളെ ഉദ്ഘാടനത്തിനെത്തിക്കുന്നതുമായി ബന്ധപ്പെട്ട് വൻ പ്രതിഷേധം സമിതിക്കുള്ളിൽതന്നെ ഉയർന്നു.

കൊച്ചിൻ ദേവസ്വം ബോർഡിലും അതൃപ്തിയുണ്ടായി. തുടർന്ന് കൂപ്പൺ ഉദ്ഘാടന ചടങ്ങിൽനിന്ന് നടനെ മാറ്റുകയായിരുന്നു. ചടങ്ങിൽ ക്ഷേത്രം മേൽശാന്തി ആദ്യകൂപ്പൺ ഏറ്റുവാങ്ങും.

## എസ്ഐആർ: ബംഗാളിൽ 13.5 ലക്ഷം ഫോമുകളിൽ മാതാപിതാക്കളുടെ പേര് ഒന്നുതന്നെ

ന്യൂഡൽഹി: ബംഗാളിൽ സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ലഭിച്ച ഒരുകോടിയോളം എന്യൂമറേഷൻ ഫോമുകൾ തെരഞ്ഞെടുപ്പ് കമ്മീഷൻ വീണ്ടും പരിശോധിക്കും. പൂരിപ്പിച്ചു തിരികെ ലഭിച്ച ഫോമുകളിൽ വിചിത്രമായ വിവരങ്ങൾ പലരും രേഖപ്പെടുത്തിയതിനാലാണ് വിശദമായ പുനഃപരിശോധന വേണ്ടിവരുന്നതെന്ന് കമ്മീഷൻ വൃത്തങ്ങൾ പറഞ്ഞു. 85 ലക്ഷത്തിലേറെ ഫോമുകളിൽ വോട്ടർമാരുടെ അച്ഛന്റെ പേര് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 13.5 ലക്ഷം ഫോമുകളിൽ അച്ഛന്റെയും അമ്മയുടെയും പേരിന്റെ സ്ഥാനത്ത് ഒരേ പേരാണ് രേഖപ്പെടുത്തിയത്. 24 ലക്ഷത്തിലേറെ വോട്ടർമാർക്ക് ആറോ അതിലേറെയോ മക്കളുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവർ തമ്മിലുള്ള പ്രായവ്യത്യാസം പൊരുത്തപ്പെടുന്നതല്ല. 12 ലക്ഷത്തോളം വോട്ടർമാരുടെയും അവരുടെ അച്ഛന്റെയും പ്രായവും തമ്മിൽ 15 വയസ്സിൽ താഴെ മാത്രമാണ് വ്യത്യാസം. എല്ലാ അപേക്ഷാഫോമുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. പൊരുത്തക്കേടുകളുള്ള വോട്ടർമാർക്ക് രേഖകളുമായി ഹിയറിങ്ങിന് ഹാജരാകാൻ നിർദേശം നൽകും. ആവശ്യമെങ്കിൽ വീണ്ടും വീടുകളിലെത്തിയും പരിശോധിക്കും. കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ച ശേഷം പരാതികളുണ്ടെങ്കിൽ വോട്ടർമാർക്ക് വീണ്ടും കമ്മീഷനെ സമീപിക്കാൻ അവസരം നൽകും.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# നീതിരഹിതമായ കോടതിവിധി

നടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച് അപകീർത്തികരമായ ദൃശ്യങ്ങൾ പകർത്തിയ കേസിൽ കുറ്റക്കാരെന്നു കണ്ടെത്തിയ ആറു പ്രതികൾക്കും 20 വർഷം കഠിനതടവും പിഴയും എറണാകുളം പ്രിൻസിപ്പൽസ് സെഷൻസ് കോടതി ശിക്ഷ വിധിച്ചിരിക്കുന്നു. കൂട്ടബലാത്സംഗ കുറ്റത്തിനു ലഭിക്കാവുന്ന ഏറ്റവും കുറഞ്ഞ ശിക്ഷയാണു പ്രതികൾക്കു ലഭിച്ചത്. കേരളവും ഇന്ത്യതന്നെയും കാത്തിരുന്ന ഈ വിധിയിൽ സമാന കുറ്റകൃത്യങ്ങൾക്ക് ഒരുമ്പെടുന്ന എല്ലാവർക്കുമുള്ള മുന്നറിയിപ്പും താക്കീതുമുണ്ടോ എന്നു വരുംകാലമാണു തെളിയിക്കേണ്ടത്. കോടതിയിൽ വൈകാരികതയ്ക്കല്ല, നിയമപരമായ ബോധ്യത്തിനാണ് പ്രാധാന്യം എന്നാണ് അതിന്റെ കാതൽ. നടി ആക്രമിക്കപ്പെട്ട കേസിൽ ഉൾപ്പെടെ എല്ലാത്തിലും നടപ്പിലാവേണ്ടത് യഥാർത്ഥ നീതിയാണ്.

പോരാട്ടം ഇവിടെ തീരുന്നില്ലെന്ന് പ്രോസിക്യൂഷനും അതിജീവിതയും പറയുന്നു. ഒട്ടേറെ ചോദ്യങ്ങൾക്ക് ഇനിയും മറുപടി കിട്ടാനുണ്ട്. എന്തായിരുന്നു അക്രമികളുടെ ലക്ഷ്യം. ഇതിനുപിന്നിൽ ആരെങ്കിലുമുണ്ടോ. ഉണ്ടെങ്കിൽ ആരാണ് സൂത്രധാരൻ. അത് എന്തുകൊണ്ട് വെളിപ്പെടുന്നില്ല. കോടതിമുറിയിൽ അപമാനിക്കപ്പെട്ടു എന്ന പെൺകുട്ടിയുടെ പരാതിക്ക് പരിഹാരമുണ്ടായോ. പ്രധാന തെളിവായ മെമ്മറികാർഡ് ആരെല്ലാം കൈകാര്യം ചെയ്തു. അതിന്റെ ഹാഷ് വാല്യൂ എങ്ങനെ മാറി. കോടതിക്ക് ആവശ്യമായ തെളിവുകൾ എത്തിക്കുന്നതിൽ എവിടെയെങ്കിലും വീഴ്ചവന്നോ തുടങ്ങി ഒട്ടേറെ ചോദ്യങ്ങൾ ഇനിയും ബാക്കിയാണ്. അതേസമയം, ഈ കൊടും ക്രൂരകൃത്യം ആസൂത്രണം ചെയ്തവരുണ്ടെങ്കിൽ അവരിപ്പോഴും കാണാമറയത്താണോ, കുറ്റകൃത്യത്തിൽ നേരിട്ടിടപെട്ട ആറു പേരെ ശിക്ഷിച്ചതുകൊണ്ടു മാത്രം അതിജീവിതയ്ക്കു മതിയായ നീതി ലഭിച്ചോ, പരമാവധി ശിക്ഷ നൽകണമെന്നു വാദിച്ചിട്ടും അതു നേടിയെടുക്കാൻ പ്രോസിക്യൂഷനു സാധിക്കാതെപോയതെന്തുകൊണ്ട്, പ്രതികൾക്കെതിരെയുള്ള വകുപ്പുകളിൽ നിശ്ചയിക്കപ്പെട്ട ഏറ്റവും കുറഞ്ഞ ശിക്ഷ മാത്രം കോടതി നൽകിയതെന്ത് തുടങ്ങിയ ചോദ്യങ്ങൾ പലരുമുയർത്തുന്നത് ഇതിനിടെ പ്രതിധ്വനികളോടെ ബാക്കിയാവുകയും ചെയ്യുന്നു.

സമീപകാലത്തു കേരളത്തെ ഏറ്റവുമധികം ഞെട്ടിച്ച ക്രൂരസംഭവത്തിലുള്ള ശിക്ഷാവിധിയാണ് ഉണ്ടായത്. കോടതിയുടെ തീർപ്പ് ചോദ്യം ചെയ്യേണ്ടതു മേൽക്കോടതികളാണ്. അതേസമയം, ഹീനമായ ഈ കുറ്റകൃത്യത്തിൽ പ്രതികൾ അർഹിക്കുന്ന ശിക്ഷ അവർക്കു ലഭിച്ചിട്ടില്ലെന്ന് സ്പെഷൽ പ്രോസിക്യൂട്ടറും പൊതുസമൂഹത്തിലെ ഒരു വിഭാഗവും ആരോപിക്കുന്നതു കേരളം കേൾക്കുന്നു. ഒരു സാഹചര്യത്തിലും സ്വീകരിക്കാനാകാത്ത വിധിയാണ് ഇതെന്ന് അതിജീവിതയുടെ അഭിഭാഷകയും പറയുന്നുണ്ട്. പ്രതികളുടെ പ്രവൃത്തികൾ ഒരു സ്ത്രീയുടെ അന്തസ്സിനെയാണു ചോദ്യം ചെയ്തതെന്നത് അവഗണിക്കാനാകില്ലെന്ന് വ്യക്തമാക്കിയ നീതിപീഠം പറഞ്ഞ വിധി അതുകൊണ്ടുതന്നെ വലിയൊരു ചർച്ചയ്ക്കുകൂടി കാരണമായിരിക്കുകയാണ്. കൊടും പീഡനത്തിന്റെയും അപമാനങ്ങളുടെയും കനൽപാതയിലൂടെ നീങ്ങിയിട്ടും പതറാതെ, നിയമപോരാട്ടത്തിനിറങ്ങിയ അതിജീവിതയ്ക്കു ശിരസ്സു കുനിച്ച് അഭിവാദ്യമർപ്പിക്കുകയാണു കേരളം. ഈ ശിക്ഷാവിധി അതിജീവിതയ്ക്കു പൂർണനീതിയാകുന്നില്ലെന്നാണ് ഒരു വാദമെങ്കിലും പുതിയ പെൺമയ്ക്കതു തീർച്ചയായും പോരാട്ടവീര്യം നൽകുന്നുണ്ട്. സ്ത്രീകളെ അപമാനിക്കുന്നവർ ആരായാലും അവർക്കു മാതൃകാപരമായ കടുത്തശിക്ഷ നൽകുന്ന കാര്യത്തിൽ വീഴ്ച ഉണ്ടായിക്കൂടെന്നും ഇക്കാര്യത്തിൽ നിതാന്ത ജാഗ്രതയും അടിയന്തര നടപടികളും ഉണ്ടായേ തീരൂവെന്നും അധികാരികളും രാഷ്ട്രീയ നേതാക്കളുമൊക്കെ ഉറക്കെ പറയുമ്പോഴും പാതകങ്ങൾ ഇവിടെ ആവർത്തിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. നടിയാണെങ്കിലും സാധാരണക്കാരിയാണെങ്കിലും അവർക്കെതിരെ കൊടുംക്രൂരതകൾ ആവർത്തിക്കാതിരിക്കാൻ കർശന ശിക്ഷ ഉണ്ടായേതീരൂ.

നിർഭയ കേസിലെ സുപ്രീം കോടതി വിധി പ്രസക്തമാണെന്ന് ഡിസംബർ 12-ന് വിധി പറയുമ്പോൾ കോടതി ഓർമിപ്പിക്കുകയുണ്ടായി. 2012 ഡിസംബറിൽ ഡൽഹിനഗരമധ്യത്തിൽ, ഓടുന്ന ബസിൽ കൂട്ടമാനഭംഗത്തിനിരയായി പിന്നീടു മരണമടഞ്ഞ പെൺകുട്ടിക്കു നാം തിരിച്ചുകൊടുത്തതെന്താണ് എന്ന ചോദ്യം പലരുടെയും മനസ്സിൽ മുഴങ്ങുന്നുണ്ടാവും. ആ പെൺകുട്ടി അന്നു മരണത്തിനു കീഴടങ്ങിയപ്പോൾ 'ഞങ്ങളുടെ കുഞ്ഞിന്റെ മരണം ഇന്ത്യയിൽ സ്ത്രീസുരക്ഷയ്ക്കു വഴിയൊരുക്കട്ടെ' എന്നാണ് അവളുടെ മാതാപിതാക്കൾ പറഞ്ഞത്. ആ പെൺകുട്ടിയുടെ മരണം പാഴായില്ലെന്ന് നമുക്ക് ഉറപ്പുപറയാനാകുമോ? ഡൽഹി സംഭവത്തിനുശേഷവും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നായി കൂട്ടബലാത്സംഗങ്ങളുടെയും പീഡനങ്ങളുടെയും നിർഭാഗ്യ വാർത്തകൾ തുടർച്ചയായി കേട്ടുകൊണ്ടേയിരിക്കുകയാണു നാം. പെൺമ ആവശ്യപ്പെടുന്നത് ഈ രാജ്യത്ത് അന്തസ്സോടെയും അഭിമാനത്തോടെയും ജീവിക്കാനുള്ള സാഹചര്യമാണ്. അതുകൊണ്ടുതന്നെ, സ്ത്രീകൾ ഇടപെടുന്ന എല്ലാ മേഖലയിലും മതിയായ സുരക്ഷ ഉറപ്പു വരുത്തുകയും അവരെ അപമാനിക്കുന്നവർക്കു മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുകയും വേണം.

# ഭിന്നിപ്പിക്കരുത് വന്ദേമാതരം

പ്രത്യേക ലേഖകൻ

വന്ദേമാതരം..., ജനഗണമന...., - രണ്ടും ദേശീയഗാനങ്ങളാണ്. സൗകര്യത്തിനായി ജനഗണമനയെ ദേശീയ ഗാനമെന്നും വന്ദേമാതരത്തെ ദേശീയ ഗീതമെന്നും പറയാറുണ്ട്. ബങ്കിംചന്ദ്ര ചതോപാധ്യായ എഴുതിയതും 1880-കളുടെ തുടക്കത്തിൽ ആനന്ദമഠം എന്ന നോവലിലൂടെ പ്രസിദ്ധീകരിച്ചതുമാണു വന്ദേമാതരം. ഈ ഗാനത്തിന്റെ 150-ാം വാർഷികം പ്രമാണിച്ച് പാർലമെന്റിന്റെ ഇരു സഭകളിലും വിശദമായ ചർച്ച നടന്നു. ഇതോടെ, കാര്യമായ വിവാദങ്ങളില്ലാതെ 150 വർഷമായി ദേശീയതയെയും രാജ്യസ്നേഹത്തെയും ഉണർത്തിയ മഹത്തായ വന്ദേമാതരം ഭരണ-പ്രതിപക്ഷ വാഗ്വാദത്തിനുള്ള വേദിയായി.

ലോക്സഭയിലും രാജ്യസഭയിലും പത്തു മണിക്കൂറിലേറെ നീണ്ട ചർച്ചയ്ക്കുശേഷം ഇന്ത്യയും ശരാശരി ഇന്ത്യക്കാരനും എന്തു നേടിയെന്നു സംശയിക്കുന്നവരെ കുറ്റപ്പെടുത്താനാകില്ല. ചരിത്രത്തിലെ പഴയ മുറിവുകൾ വീണ്ടും തുറക്കാനാണോ 'വന്ദേമാതരം ചർച്ച്' വഴിതെളിച്ചതെന്ന ചോദ്യം ബാക്കിയാണ്. പ്രതിപക്ഷ സമ്മർദത്തിനു വഴങ്ങി എസ്ഐആർ ഉൾപ്പെടെ തെരഞ്ഞെടുപ്പു പരിഷ്കാരങ്ങളെക്കുറിച്ചു നടത്തിയ 10 മണിക്കൂർ ചർച്ചയുടെയും നേട്ടമോ തെറ്റുതിരുത്തലോ എന്തെന്ന സംശയവും ബാക്കി.

വന്ദേമാതരം, തെരഞ്ഞെടുപ്പു പരിഷ്കാര ചർച്ചകൾ ഫലത്തിൽ ഭരണ-പ്രതിപക്ഷങ്ങളുടെ രാഷ്ട്രീയ കസർത്തിനുള്ള അവസരമായി. ജോലിയിൽ ജീവൻ നഷ്ടപ്പെടുന്ന ബിഎൽഒമാരുടെ കാര്യംപോലും സർക്കാരിനു വലിയ പ്രശ്നമായില്ല. ഇൻഡിഗോ സൃഷ്ടിച്ച പ്രതിസന്ധിയുടെ മറവിൽ വിമാന യാത്രക്കാർ അനുഭവിച്ച കൊടിയ ദുരിതവും കൊള്ളനിരക്കുകളും ചർച്ച ചെയ്തില്ല. അതിവേഗം വളരുന്ന വ്യോമയാന മേഖലയിൽ സർക്കാരിനു നിയന്ത്രണം ഇല്ലാതായാൽ ഉണ്ടാകുന്ന ദുരന്തങ്ങളുടെ സൂചനയാണ് ഇൻഡിഗോ ദുരന്തം. വിഷപ്പുകയിൽ വലയുന്ന ദേശീയ തലസ്ഥാനത്തെ ജനങ്ങളുടെ കഷ്ടതകളും പിന്നീടു ചർച്ച ചെയ്യാമെന്നാണു സർക്കാർ പറഞ്ഞത്.

പഹൽഗാമിലും അതീവസുരക്ഷാ മേഖലയായ ഡൽഹി ചെങ്കോട്ടയിലും ഉണ്ടായ ഭീകരാക്രമണമോ സുരക്ഷാ വീഴ്ചകളോ ചർച്ച ചെയ്തില്ല. ഡൽഹി സ്ഫോടനത്തിനു പിന്നിലെ ഡോക്ടർമാരുടെ വെള്ളക്കോളർ ഭീകരഗ്രൂപ്പുകളുടെ സാന്നിധ്യവും അന്താരാഷ്ട്ര ഭീകരസംഘടനകളുമായുള്ള ഇവരുടെ ബന്ധവും ഉത്തരം ലഭിക്കാത്ത ചോദ്യങ്ങളാണ്. ചരിത്രത്തിലെ ഏറ്റവും വലിയ തകർച്ച നേരിടുന്ന രൂപയുടെ വിലയിടിവിന്റെ ആഘാതം എംപിമാർക്കും സർക്കാരിനും പ്രധാനമല്ലേ? യുഎസ് ഡോളറിനെതിരെ 90 രൂപയിലും താഴേക്കു തകർന്നതു നേട്ടമാണെന്നു പ്രധാനമന്ത്രി മോദി പറയില്ല.

രണ്ടു വ്യത്യസ്ത ചിന്താധാരകൾ തമ്മിലുള്ള ശക്തമായ മാറ്റുരയ്ക്കലായിരുന്നു പാർലമെന്റിലെ ചർച്ച. ആർഎസ്എസ് പ്രതിനിധാനം ചെയ്യുന്ന സംഘപരിവാറിന്റെയും കോൺഗ്രസ് നേതൃത്വത്തിലുള്ള പ്രതിപക്ഷത്തിന്റെയും. ആ അർത്ഥത്തിൽ സ്വാഗതാർഹവും ഗൗരവതരവുമായ ചർച്ചയാണു ഇരുസഭകളിലും നടന്നത്. എന്നാൽ, രാഷ്ട്രീയ നേട്ടങ്ങൾക്കായി ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ അധിക്ഷേപിക്കാൻ ആസൂത്രിത നീക്കമുണ്ടായെന്നതു കാണാതെപോകരുത്. ഭൂതകാലത്തെ രാഷ്ട്രീയമായി ഉപയോഗപ്പെടുത്തിക്കൊണ്ട് വർത്തമാനകാല പ്രശ്നങ്ങളെ മറയ്ക്കാൻ കഴിയുമെന്ന തോന്നലും സർക്കാരിന് ഉണ്ടായിരിക്കണം.

ബങ്കിം ചന്ദ്രയ്ക്കും പരസ്യവേദിയിൽ ആദ്യമായി വന്ദേമാതരം പാടിയ മഹാനായ രവീന്ദ്രനാഥ ടാഗോറിനും ചർച്ചയിൽ കാര്യമായ പങ്കോ പ്രശംസയോ ഉണ്ടായില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1896-ലെ കൊൽക്കത്ത സമ്മേളനത്തിലായിരുന്നു ടാഗോറിന്റെ വന്ദേമാതരം ആലാപനം. ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാട്ടത്തിൽ പ്രചോദനമായ ദേശഭക്തി ഗാനം. ബങ്കിം ചന്ദ്രയെക്കാൾ കൂടുതൽ നെഹ്റുവിനെയാണു മോദിയും ഷായും നഡ്ഡയും ചർച്ചയിലേക്കു വലിച്ചിഴച്ചത്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ഇന്ദിരാഗാന്ധിയേക്കാൾ ആർഎസ്എസിനെ ഇന്നും അലോസരപ്പെടുത്താൻ നെഹ്റുവിനു കഴിയുന്നുവെന്നതും ശ്രദ്ധേയമാണ്.

പാർലമെന്റിലെ ചർച്ചയിൽ മോദിയും ഷായും നഡ്ഡയും നെഹ്റുവിനെതിരെ ആക്ഷേപം കടുപ്പിച്ചപ്പോൾ പ്രിയങ്കയുടെയും ഖാർഗെയുടെയും തിരിച്ചടികളും കുറിക്കു കൊള്ളുന്നതായി. വന്ദേമാതരത്തിന്റെ ചരിത്രവും അഭിമാനവും നിറഞ്ഞ വാക്കുകളുടെ പേരിൽ ചരിത്രവും അഭിമാനവും കശക്കിയെറിയുന്നതും കാണാനായി. ചരിത്രവസ്തുതകളെ സൗകര്യംപോലെ അവതരിപ്പിക്കാൻ ഇരുപക്ഷവും മടിച്ചില്ല. ഇന്ത്യയുടെ മഹത്തായ സംസ്കാരവും പാരമ്പര്യവും തന്നിഷ്ടംപോലെ വക്രീകരിക്കാനും വികൃതമാക്കാനും നേതാക്കൾ മത്സരിച്ചു.

ഇന്ത്യയുടെ ഐക്യത്തിനായുള്ള ദേശീയഗാനങ്ങളെ വിഭാഗീയമായി ഭിന്നിപ്പിക്കാനുള്ള ഉപകരണം ആക്കിയെന്നതാണു ദുരന്തം. വന്ദേമാതരത്തിന്റെ ആദ്യ രണ്ടു ഖണ്ഡങ്ങൾ മാത്രം ഉപയോഗിക്കാനുള്ള കോൺഗ്രസിന്റെ തീരുമാനം വിഭജനത്തിനു വിത്തുപാകിയെന്നാണു മോദിയും ഷായും നഡ്ഡയും സമർത്ഥിക്കാൻ ശ്രമിച്ചത്.

ഇന്ത്യയിലെ ജനങ്ങളെ മതപരമായി വിഭജിക്കാനല്ല; മറിച്ച് ഒന്നിപ്പിക്കാനാകണം സർക്കാരിന്റെ ദൗത്യവും ശ്രമങ്ങളും. ഇന്ത്യയിലെ മതസൗഹാർദവും മതനിരപേക്ഷതയും ഐക്യവും അഖണ്ഡതയും സമാധാനവും തകർക്കുകയോ അതിന് ക്ഷതമേൽപിക്കുകയോ ചെയ്യുന്നതൊന്നും ഗുണകരമല്ല.

മഹാത്മാഗാന്ധിയും സർദാർ പട്ടേലും അടക്കമുള്ള നേതാക്കൾ സംയുക്തമായി ചർച്ച ചെയ്തെടുത്ത തീരുമാനങ്ങളുടെ പേരിൽ രാഷ്ട്രശില്പിയായ നെഹ്റുവിനെ ഒറ്റതിരിഞ്ഞ് ആക്രമിക്കാനും ആക്ഷേപിക്കാനും ഇന്ത്യയിലെ പ്രധാനമന്ത്രിയും ഉന്നത മന്ത്രിമാരും ശ്രമിച്ചതിനെ ഇന്ത്യയിലെ വലിയൊരു വിഭാഗം ജനം അംഗീകരിക്കാനിടയില്ല. ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൽനിന്നു സ്വാതന്ത്ര്യം നേടുന്നതിനായി സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ ഒന്നിപ്പിക്കാനാണു വന്ദേഭാരതത്തെ സ്വാതന്ത്ര്യസമര നേതാക്കൾ ഉപയോഗപ്പെടുത്തിയത്. മതവൈരം ഉണ്ടാകരുതെന്ന ആശയത്തോടെയായിരുന്നു തീരുമാനങ്ങളെന്നു ചരിത്രം പറയുന്നു.

മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറെയും കമ്മീഷണർമാരെയും തെരഞ്ഞെടുക്കുന്നതിനുള്ള സമിതിയിൽനിന്നു സുപ്രീംകോടതി ചീഫ് ജസ്റ്റിസിനെ ഒഴിവാക്കിയത് എന്തിനെന്ന രാഹുലിന്റെ ചോദ്യത്തിനു സർക്കാർ വ്യക്തതയുള്ള ഉത്തരം നൽകിയില്ല. തെരഞ്ഞെടുപ്പു കമ്മീഷണർമാരുടെ നടപടികൾ ഇന്ത്യയിലെ ഒരു കോടതിയിലും ചോദ്യം ചെയ്യാനാകില്ലെന്ന പ്രത്യേക നിയമ പരിരക്ഷ നൽകിയതിൽ ദുഷ്ടലാക്കുണ്ടെന്ന രാഹുലിന്റെ ആരോപണവും നിഷേധിക്കാനായില്ല.

സിസിടിവി ദൃശ്യങ്ങൾ അടക്കമുള്ള പോളിംഗ് ബൂത്തുകളിലെ തെളിവുകൾ നശിപ്പിക്കാൻ ചട്ടം ഭേദഗതി ചെയ്തതിനുള്ള അമിത് ഷായുടെ വിശദീകരണവും ബിജെപി അനുകൂലികൾക്കു മാത്രമേ ദഹിക്കൂ. ജനാധിപത്യത്തിന്റെ കാതലായ തെരഞ്ഞെടുപ്പുകളെക്കുറിച്ചുള്ള സംശയങ്ങൾപോലും ദൂരീകരിക്കാൻ കമ്മീഷനും കേന്ദ്രസർക്കാരിനും ബാധ്യതയുണ്ട്. പ്രതിപക്ഷ നേതാവ് തെളിവുസഹിതം ചൂണ്ടിക്കാട്ടിയ വോട്ടർപട്ടികയിലെ ക്രമക്കേടുകൾക്ക് ഇനിയും കൃത്യവും വ്യക്തവുമായ ഉത്തരമില്ലെന്നതു ഗുരുതരമാണ്.

ജാതി, മത, പ്രാദേശിക വ്യത്യാസങ്ങളില്ലാതെ ജനങ്ങളെയാകെ ഒന്നിപ്പിച്ച് മതേതര ജനാധിപത്യ രാഷ്ട്രമായി ഇന്ത്യയെ ശക്തിപ്പെടുത്തുക പ്രധാനമാണ്.


എല്ലാ പൗരന്മാരെയും കൂട്ടിയിണക്കി സുരക്ഷയും സമാധാനവുമുള്ള വികസിത രാഷ്ട്രമായി ഇന്ത്യയെ മാറ്റുകയെന്നതുമാണു ഭാരതമാതാവിനുള്ള ഏറ്റവും വലിയ വന്ദനം.


# സവർക്കർ പുരസ്കാരം തരൂർ നിരസിച്ചു



ന്യൂഡൽഹി: ഹൈറേഞ്ച് റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി (എച്ച്ആർഡിഎസ്) എന്ന സംഘടന പ്രഖ്യാപിച്ച പ്രഥമ സവർക്കർ പുരസ്കാരം നിരസിച്ച് കോൺഗ്രസ് പ്രവർത്തകസമിതിയംഗം ശശി തരൂർ. പുരസ്കാരവിവരം മാധ്യമങ്ങളിൽ നിന്നാണ് അറിഞ്ഞതെന്നും സംഘാടകർ തന്നോട് ആലോചിക്കാതെ പ്രഖ്യാപിച്ചത് നിരുത്തരവാദപരമായ നടപടിയാണെന്നും തരൂർ പറഞ്ഞു. എന്നാൽ, ഒരു മാസം മുൻപേ തരൂരിനെ കണ്ട് അവാർഡ് വിവരം അറിയിച്ചതാണെന്ന് എച്ച്ആർഡിഎസ് സ്ഥാപകസെക്രട്ടറി അജി കൃഷ്ണൻ പ്രതികരിച്ചു. തരൂരിന്റെ ആഗോള സ്വീകാര്യതയ്ക്കുള്ള അംഗീകാരമായാണ് പുരസ്കാരം പ്രഖ്യാപിച്ചതെന്നും അദ്ദേഹം പറഞ്ഞു. പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് തരൂരിന് പുരസ്കാരം നല്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ, വിവാദമായതോടെ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അദ്ദേഹം കേരളത്തിൽ എത്തിയപ്പോഴാണ് അവാർഡിനെക്കുറിച്ച് അറിഞ്ഞതെന്ന് തരൂർ ഫെയ്സ് ബുക്കിൽ കുറിച്ചു. പുരസ്കാരത്തെക്കുറിച്ച് അറിവില്ലെന്നും താനത് സ്വീകരിച്ചിട്ടില്ലെന്നും തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് ഉത്തരമായി തരൂർ വ്യക്തമാക്കിയിരുന്നു.


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• WORLD WIDE COVERAGE
• PRESCRIPTION DRUG BENEFIT
• FREE GYM MEMBERSHIP
• DENTAL, VISION & HEARING
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com


DOULOS BIBLICAL SEMINARY VECHOOCHIRA, RANNI
DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
zoom
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PRINCIPAL
VICE. PRINCIPAL
PR. DR. V. P. JOSE
PR. DR. JOHN. K. MATHEW
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
26 YEARS IN CHRISTIAN MINISTRY
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289


Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056
Scanned with CamScanner

# സെൻസസ്: ജനുവരി 15–നകം ഉദ്യോഗസ്ഥരെ നിയമിക്കണം

ന്യൂഡൽഹി: സെൻസസ് നടപടികൾക്കുവേണ്ടിയുള്ള വിവരശേഖരണ പ്രക്രിയയ്ക്കായി അടുത്ത വർഷം ജനുവരി 15–നകം ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ (ആർജിഐ) നിർദേശം നൽകി.

ജനസംഖ്യാ കണക്കെടുപ്പിന് എന്യൂമറേറ്റർമാരെയും മേൽനോട്ടത്തിനായി സൂപ്പർവൈസർമാരെയും നിയമിക്കണമെന്നാണ് ആർജിഐയുടെ സർക്കുലറിൽ പറയുന്നത്. 700 മുതൽ 800 വരെ ജനസംഖ്യക്കായി ഒരു എന്യൂമറേറ്ററെയും ആറ് എന്യൂമറേറ്റർമാരുടെ ജോലികൾക്കു മേൽനോട്ടം വഹിക്കുന്നതിനായി ഒരു സൂപ്പർവൈസറെയും നിയമിക്കാനാണു നിർദേശം. അടിയന്തര സാഹചര്യങ്ങൾക്കായി പത്തു ശതമാനം അധിക എന്യൂമറേറ്റർമാരെയും സൂപ്പർവൈസർമാരെയും നിയമിക്കാനും സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

1990–ലെ സെൻസസ് നിയമങ്ങളുടെ റൂൾ 3 അനുസരിച്ച് അധ്യാപകരെയും ക്ലർക്കുമാരെയും ഏതെങ്കിലുമൊരു സംസ്ഥാന സർക്കാർ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ ഉദ്യോഗസ്ഥനെയും എന്യൂമറേറ്ററായി നിയമിക്കാമെന്ന് ആർജിഐ വ്യക്തമാക്കി.

എന്യൂമറേറ്ററേക്കാൾ ഉയർന്ന റാങ്കുള്ള ഉദ്യോഗസ്ഥനായിരിക്കും സൂപ്പർവൈസർ. വരുന്ന സെൻസസ് നടപടികൾ നിശ്ചിത സമയപരിധിക്കുള്ളിൽ അവസാനിപ്പിക്കുന്നതിന് 30 ലക്ഷം ഉദ്യോഗസ്ഥരെയാണ് ഫീൽഡുകളിൽ വിന്യസിക്കുക.

രണ്ടു ഘട്ടമായി നടക്കുന്ന സെൻസസിന്റെ ആദ്യഘട്ടം അടുത്ത വർഷം ഏപ്രിൽ മുതലും രണ്ടാം ഘട്ടം 2027 ഫെബ്രുവരിയിലുമാണ് ആരംഭിക്കുക.

15 വർഷത്തിനുശേഷം ഇന്ത്യയിൽ നടക്കുന്ന സെൻസസ് നടപടികളുടെ ചോദ്യാവലി തയാറാക്കുന്നതിന്റെ അവസാനഘട്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന് കേന്ദ്രം പാർലമെന്റിൽ അറിയിച്ചിരുന്നു.

# യുനെസ്കോയുടെ പൈതൃക പട്ടികയിൽ ദീപാവലിയും

ന്യൂഡൽഹി: ഐക്യരാഷ്ട്രസഭയുടെ വിദ്യാഭ്യാസ, ശാസ്ത്ര, സാംസ്കാരിക സംഘടനയുടെ (യുനെസ്കോ) മനുഷ്യരാശിയുടെ അദൃശ്യ സാംസ്കാരിക പൈതൃകത്തിന്റെ പ്രതിനിധി പട്ടികയിൽ ഇടംപിടിച്ചു ദീപാവലി. യുനെസ്കോയുടെ ഇന്റർ ഗവൺമെന്റൽ കമ്മിറ്റി യോഗം ഡൽഹിയിലെ ചെങ്കോട്ടയിൽ പുരോഗമിക്കുമ്പോഴാണ് പട്ടികയിൽ ദീപാവലിയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രഖ്യാപനം.

ഡൽഹി ആതിഥേയത്വം വഹിക്കുന്ന അദൃശ്യ സാംസ്കാരിക പൈതൃകങ്ങൾ സംരക്ഷിക്കുന്നതിനുള്ള യുനെസ്കോയുടെ 20–ാമത് സെഷനിൽ പ്രതിനിധികൾ വിവിധ രാജ്യങ്ങളിൽനിന്നുള്ള 67 നാമനിർദേശങ്ങൾ വിലയിരുത്തിയാണ് ദീപാവലിയെ പട്ടികയിൽ ഉൾപ്പെടുത്തിയത്. കേരളത്തിൽനിന്നുള്ള കൂടിയാട്ടം, മുടിയേറ്റ്, കൊൽക്കത്തയിലെ ദുർഗാപൂജ, ഗുജറാത്തിലെ ഗർബ, കുംഭമേള, യോഗ, നവ്റൂസ് തുടങ്ങിയ 15 സാംസ്കാരിക പൈതൃകങ്ങളോടൊപ്പമാണു ദീപാവലിയും പട്ടികയിൽ ഇടംപിടിച്ചിരിക്കുന്നത്.

ഇന്ത്യയെങ്ങും ആഘോഷിക്കുന്ന ദീപങ്ങളുടെ ഉത്സവമായ ദീപാവലി പട്ടികയിൽ ഇടംപിടിച്ചതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വാഗതം ചെയ്തു. യുനെസ്കോ പട്ടികയിൽ ഇടംപിടിച്ചത് ദീപാവലിയുടെ ആഗോള ജനപ്രീതി ഇനിയും വർധിപ്പിക്കുമെന്ന് പ്രധാനമന്ത്രി എക്സിൽ കുറിച്ചു.

# സിൽവർലൈൻ: സർക്കാരിനു നഷ്ടം 51 കോടി

തിരുവനന്തപുരം: സിൽവർലൈൻ പദ്ധതിയിൽ ഇനി പ്രതീക്ഷവെച്ചിട്ടു കാര്യമുണ്ടെന്നു തോന്നുന്നില്ലെന്ന തിരിച്ചറിവു മുഖ്യമന്ത്രി പിണറായി വിജയന് ഉണ്ടായപ്പോഴേക്കും സർക്കാർ ഖജനാവിൽനിന്നു ചെലവിട്ടത് 51.26 കോടി രൂപ. സാമൂഹികാഘാത പഠനത്തിനായി നാട്ടിയ മഞ്ഞക്കുറ്റികൾ പറിച്ചതിന്റെ പേരിൽ ഇപ്പോഴും നിലനിൽക്കുന്നത് അൻപതിലേറെ കേസുകൾ. ഡിപിആറിന് അനുമതി കിട്ടാതിരുന്നിട്ടും കേരള റെയിൽ ഡവലപ്മെന്റ് കോർപറേഷൻ (കെ–റെയിൽ) വിവിധ പഠനങ്ങൾക്കായി വീണ്ടും പണം ചെലവിട്ടുകൊണ്ടിരുന്നതു മുഖ്യമന്ത്രിയുടെ വാക്കിന്റെ പുറത്താണ്. പ്രതീക്ഷയില്ലെന്നു മുഖ്യമന്ത്രിതന്നെ തുറന്നു സമ്മതിക്കുമ്പോൾ, ചെലവിട്ട കോടികൾക്കു സമരക്കാർ തല്ലുകൊണ്ടതിനും ആര് ഉത്തരവാദിത്തമേൽക്കും എന്നതിന് ഉത്തരമില്ല. 2020 ജൂണിൽ സമർപ്പിച്ച ഡിപിആർ മൂന്ന് വർഷത്തോളം കയ്യിൽവെച്ച ശേഷമാണു കേന്ദ്രം തിരുത്തൽ നിർദേശിച്ചത്. എന്നാൽ, വഴങ്ങാൻ കേരളം തയാറായില്ല. അനിശ്ചിതത്വം നിലനിൽക്കുന്നതിനിടയിലാണു ബലപ്രയോഗത്തിലൂടെ സാമൂഹികാഘാതപഠനം നടന്നത്. 40 ലക്ഷം രൂപ ചെലവിട്ട പഠനം ജനങ്ങളുടെ എതിർപ്പിനെത്തുടർന്നു പാതിയിൽ ഉപേക്ഷിക്കേണ്ടിവന്നു. പദ്ധതി കടന്നുപോകുന്ന 11 ജില്ലകളിലും സിൽവർലൈൻ വിരുദ്ധ സമരസമിതി പ്രവർത്തകർക്കെതിരെ കേസുണ്ട്. കുറ്റി സ്ഥാപിച്ചുപോയ ഭൂമി ക്രയവിക്രയം ചെയ്യാൻ കഴിയാത്ത നിലയിലാണ്.

# എസ്ഐആർ: ഒരുപാട് ഇടപെടാനാകില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ഇരുപത് വർഷത്തിനുശേഷമാണ് വോട്ടർപട്ടിക തീവ്ര പരിഷ്കരണം (എസ്ഐആർ) നടക്കുന്നതെന്നും അതുകൊണ്ട് സാങ്കേതിക നടപടിക്രമങ്ങളിൽ ഒരുപാട് ഇടപെടാനാകില്ലെന്നും സുപ്രീംകോടതി.

വിവിധ സംസ്ഥാനങ്ങളിലെ എസ്ഐആർ നടപടികളെ ചോദ്യംചെയ്തുള്ള ഹർജികളിൽ അന്തിമ വാദത്തിനിടെയായിരുന്നു ചീഫ് ജസ്റ്റിസ് സൂര്യ കാന്ത്, ജസ്റ്റിസ് ജോയ്മാല്യ ബാഗ്ചി എന്നിവരുടെ ബെഞ്ചിന്റെ വാക്കാലുള്ള നിരീക്ഷണം.

എസ്ഐആർ എല്ലാവർഷവുമുള്ള നടപടിയായി മാറ്റാനാകില്ല. ഇതിപ്പോൾ 20 വർഷത്തിനുശേഷമാണ് നടത്തുന്നതെന്ന് മനസ്സിലാക്കണം. അതുകൊണ്ടാണ് സാങ്കേതിക നടപടിക്രമങ്ങളിൽ കോടതിക്ക് ഒരുപാട് ഇടപെടാനാകാത്തതെന്നും ബെഞ്ച് പറഞ്ഞു.

വോട്ടർമാരെ സംശയത്തോടെ നോക്കുന്ന സംശയാലുക്കളായ അയൽക്കാരെയും പോലീസുകാരെയും പോലെ തെരഞ്ഞെടുപ്പ് കമ്മീഷൻ പെരുമാറരുതെന്ന് തമിഴ്നാട്ടിൽ നിന്നുള്ള ഹർജിക്കാരുടെ അഭിഭാഷകൻ രാജു രാമചന്ദ്രൻ വാദിച്ചു.

ദ്രുതഗതിയിലുള്ള നഗരവത്കരണം, കുടിയേറ്റം തുടങ്ങിയവ ബിഹാറിന്റെ പശ്ചാത്തലത്തിൽ ഉള്ളതാണെന്നും അവ കാരണമാക്കി തമിഴ്നാട് പോലുള്ള സംസ്ഥാനത്ത് എങ്ങനെ എസ്ഐആർ നടത്തുമെന്നും അദ്ദേഹം ചോദിച്ചു.

കുടിയേറ്റമെന്നാൽ ആഭ്യന്തര കുടിയേറ്റം മാത്രമായി കാണേണ്ടതില്ലെന്നും വിദേശത്തേക്കുള്ള കുടിയേറ്റവും അതിന്റെ പരിധിയിൽ വരുമെന്നും ബെഞ്ച് പറഞ്ഞു.

വിഷയത്തിൽ പുതിയ ഹർജികൾ സ്വീകരിക്കേണ്ടെന്ന് ചീഫ് ജസ്റ്റിസ് കോടതി രജിസ്ട്രിക്ക് നിർദേശം നൽകി. തുടർവാദം ഡിസംബർ 16–ന് നടക്കും.

# ബിഷപ് റവ. വി.എസ്. ഫ്രാൻസിസ് സിഎസ്ഐ സഭ ഡെപ്യൂട്ടി മോഡറേറ്റർ



കോട്ടയം: സിഎസ്ഐ സഭാ ഡെപ്യൂട്ടി മോഡറേറ്ററായി ഈസ്റ്റ് കേരള മഹായിടവക ബിഷപ് റവ. വി.എസ്. ഫ്രാൻസിസ് നിയമിതനായി. ഡിസംബർ 11–ന് ചെന്നൈ റോയൽപേട്ടയിലെ സിനഡ് ആസ്ഥാനത്ത് നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ബിഷപ് ഫ്രാൻസിസിനെ ദക്ഷിണേന്ത്യാ സഭയുടെ ഉപാധ്യക്ഷനായി തെരഞ്ഞെടുത്തത്.

2019 ജൂലൈ എട്ടിനായിരുന്നു ഈസ്റ്റ് കേരള മഹായിടവകയുടെ നാലാമത് ബിഷപ്പായി സ്ഥാനാരോഹണം ചെയ്തത്. ഈസ്റ്റ് കേരള മഹായിടവക ട്രഷറർ, മിഷൻ ബോർഡ് ഡയറക്ടർ, ദളിത് ആൻഡ് ആദിവാസി ബോർഡ് സിനഡ് ചെയർമാൻ, സിഎസ്ഐ സൗത്ത് കേരള മഹായിടവക–കൊല്ലം കൊട്ടാരക്കര മഹായിടവകയുടെ മോഡറേറ്റർ കമ്മിസറി തുടങ്ങി വിവിധ മേഖലകളിൽ സേവനം ചെയ്തു. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഓക്സിലറി വൈസ്പ്രഡിസണ്ട്, കണ്ണമൂല കെയുടി വൈദിക സെമിനാരി വൈസ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

# അണ്ടർ–19 ലോകകപ്പ്: ഓസ്ട്രേലിയൻ ടീമിൽ മലയാളിയും

മെൽബൺ: അണ്ടർ–19 ക്രിക്കറ്റ് ലോകകപ്പിനുള്ള ഓസ്ട്രേലിയൻ ടീമിൽ വയനാട്ടിൽ വേരുകളുള്ള ജോൺ ജെയിംസ് ഉൾപ്പെടെ രണ്ട് ഇന്ത്യൻ വംശജർ ഇടംപിടിച്ചു. വയനാട് മുള്ളൻകൊല്ലിയിൽനിന്ന് ഓസ്ട്രേലിയയിലേക്ക് കുടിയേറിയ ജോമേഷ്–സ്മിത ദമ്പതിമാരുടെ മകനായ ജോൺ ജെയിംസ് മീഡിയം പേസ് ബൗളിങ് ഓൾറൗണ്ടറാണ്. ഇടംകൈ സ്പിന്നർ ആര്യൻ ശർമയാണ് ടീമിലെത്തിയ മറ്റൊരു ഇന്ത്യൻ വംശജൻ. ഈയിടെ ഇന്ത്യയ്ക്കെതിരായ ടെസ്റ്റ് മത്സരത്തിലും ഇരുവരും കളിച്ചിരുന്നു. 15 അംഗ ഓസ്ട്രേലിയൻ ടീമിനെ ഒലിവർ പീക്കെ നയിക്കും. ജനുവരി 15 മുതൽ ഫെബ്രുവരി ആറുവരെ നമീബിയയിലും സിംബാബ്‌വെയിലുമാണ് ലോകകപ്പ് മത്സരങ്ങൾ.








# വ്യവസായി ജോൺ ടൈറ്റസിന്റെ 'ഏവിയേഷൻ ആൽക്കമിസ്റ്റ്' ഫോമാ പ്രകാശനം ചെയ്തു






**പന്തളം ബിജു**

ലാസ് വെഗാസ്: ഫോമാ വെസ്റ്റേൺ റീജിയന്റെ ആഭിമുഖ്യത്തിൽ ലാസ് വെഗാസിൽ നടന്ന പ്രത്യേക ചടങ്ങിലാണ് പുസ്തകപ്രകാശനം നടത്തിയത്. 'ഏവിയേഷൻ ആൽക്കമിസ്റ്റ്' എന്ന പുസ്തകത്തിന്റെ കോപ്പി അദ്ദേഹം തന്നെ ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, മുൻ ഫോമാ സെക്രട്ടറി ജോൺ സി. വർഗീസ്, മുൻ ട്രഷറർ ജോസഫ് ഔസോ, ആർവിപി ജോൺസൺ ജോസഫ് എന്നിവർക്കു നല്കിക്കൊണ്ടാണ് പ്രകാശനകർമ്മം നിർവ്വഹിച്ചത്. ആത്മകഥയുടെ ആമുഖം അവതരിപ്പിച്ചുകൊണ്ടാണ് 'ഏവിയേഷൻ ആൽക്കമിസ്റ്റ്' അദ്ദേഹം സദസ്സിന് പരിചയപ്പെടുത്തിയത്. ജീവിതയാത്രയിൽ സന്തത സഹചാരിയായി എപ്പോഴും കൂടെയുള്ള അദ്ദേഹത്തിന്റെ പത്നി കുസുമം ടൈറ്റസും ഈ ചടങ്ങിന് ദൃക്സാക്ഷിയായിരുന്നു.



എല്ലാ കഥകളും ഒരു പോയിന്റിൽ നിന്നായിരിക്കും ആരംഭിക്കുന്നത്. എങ്കിലും ചില കഥകൾ എന്തുകൊണ്ട് പോയിന്റിൽ നിന്നും ആരംഭിച്ചു എന്നൊരു ചോദ്യം അവശേഷിക്കും. അവിടെയാണ് ഫോമായുടെ മുൻ പ്രസിഡണ്ടു കൂടിയായ ജോൺ ടൈറ്റസ് (ബാബു) എന്ന ഏവിയേഷൻ ആൽക്കമിസ്റ്റിന്റെ ആത്മകഥയുടെ ജൈത്രയാത്ര ആരംഭിക്കുന്നത്.

1971-ൽ പത്തനംതിട്ടയിൽ നിന്നും എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ് ഉപരിപഠനത്തിനായി അമേരിക്കയിലെത്തുന്ന ഇരുപതു വയസുകാരനായ ഒരു സാധാരണ മലയാളി യുവാവിന്റെ അതിജീവനത്തിന്റെ കടമ്പകളും അതിനുശേഷം ബിസിനസ്സിൽ വെട്ടിപ്പിടിച്ച വിജയഗാഥയും കേട്ടിരുന്ന സദസ്സിലെ പുതിയ തലമുറയ്ക്ക് അത്ഭുതവും അതിശയവുമാണ് സമ്മാനിച്ചത്.

1984 മുതൽ വാഷിങ്ടണിലെ സിയാറ്റിൽ പ്രവർത്തിക്കുന്ന എയ്റോ കോൺട്രോൾസ് എന്ന കമ്പനി ഇന്ന് അമേരിക്കയിലെ വ്യോമയാന ബിസിനസ്സിൽ മുൻനിരയിലാണ്. ആഗോള വ്യോമയാന ഭീമനായ ബോയിങ് വിമാന കമ്പനിയുമായി ചേർന്ന് പ്രവർത്തിക്കുന്ന ഇദ്ദേഹത്തിന്റെ കമ്പനിക്ക് അമേരിക്കയിലുടനീളം ബന്ധങ്ങളുണ്ട്.






ഫോമാ വെസ്റ്റേൺ റീജിയൻ ആർവിപി ജോൺസൺ ജോസഫിന്റെ നേതൃത്വത്തിൽ നടന്ന ഈ ചടങ്ങിൽ ബിസിനസ്സ് ചെയർ ബിജു സ്കറിയ സ്വാഗതമേകുകയും നാഷണൽ കമ്മിറ്റി അംഗങ്ങളായ സുജ ഔസോ, സാജൻ മൂലപ്ലാക്കൽ, ഡോ. മഞ്ജു പിള്ള, ആഗ്നസ് ബിജു, റീജിയണൽ ചെയർമാൻ റിനി പൗലോസ്, സെക്രട്ടറി സജിത് തൈവളപ്പിൽ, ട്രഷറർ മാത്യു ചാക്കോ, വൈസ് ചെയർമാൻ ജോസഫ് ഔസോ, ജോയിന്റ് സെക്രട്ടറി സെൽബി കുര്യാക്കോസ്, പിആർഒ പന്തളം ബിജു തോമസ്, ജാസ്മിൻ പരോൾ, ഡോ. രശ്മി സജി, രാജൻ ജോർജ്, ജാക്സൺ പൂയപ്പാടം, പോൾ ജോൺ, ഷാൻ പരോൾ, സർഗം പ്രസിഡണ്ട് വിൽസൺ നെച്ചിക്കാട്ട്, കൊളറാഡോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് വിമൽ ആൻഡ്രൂസ്, മങ്ക പ്രസിഡണ്ട് പത്മപ്രിയ പാലോട്ട്, കേരള അസോസിയേഷൻ ഓഫ് ലാസ് വെഗാസ് പ്രസിഡണ്ട് ഡോ. തോംസൺ ചെമ്പ്ളാവിൽ, സെക്രട്ടറി ഡേവിഡ് പറപ്പിള്ളി എന്നിവർ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിക്കുകയും ചെയ്തു.

ഫോമാ നാഷണൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, നാഷണൽ നേതാക്കളായ തോമസ് കർത്തനാൽ, മോളമ്മ വർഗീസ്, ബിജു തോണിക്കടവിൽ, മാത്യു വർഗീസ്, അനു സ്കറിയ, ബിനോയ് തോമസ്, രേഷ്മ രഞ്ജൻ, ജിഷോ തോമസ്, രാജു പള്ളത്ത്, മോൻസി വർഗീസ് എന്നിവരുടെ സാന്നിദ്ധ്യം ഏറെ ശ്രദ്ധയാകർഷിച്ചു.









# വിസി നിയമനം ഏറ്റെടുത്ത് സുപ്രീംകോടതി

ന്യൂഡൽഹി: കേരള ഡിജിറ്റൽ സാങ്കേതിക സർവകലാശാലകളിലേക്കുള്ള വൈസ് ചാൻസലർ നിയമനത്തിൽ ഗവർണറും മുഖ്യമന്ത്രിയും സമവായത്തിലെത്താത്ത സാഹചര്യത്തിൽ പേരുകൾ നിർദേശിക്കാൻ സെർച്ച് കമ്മിറ്റിയെ ചുമതലപ്പെടുത്തി സുപ്രീംകോടതി.

രണ്ടു സർവകലാശാലകൾക്കുമാത്രമായി ഓരോ പേരു വീതം 17-നകം നിർദേശിക്കാനാണു സുപ്രീംകോടതി റിട്ട. ജഡ്ജി ജസ്റ്റിസ് സുധാൻശു ധൂലിയ അധ്യക്ഷനായ കമ്മിറ്റിക്കു കോടതിയുടെ നിർദേശം. മുദ്രവെച്ച കവറിൽ രണ്ടുപേരുകൾ കൈമാറണം. ഈ മാസം 18-ന് വിഷയം വീണ്ടും പരിഗണിക്കുമെന്നും ജസ്റ്റീസുമാരായ ജെ. ബി. പർദിവാല, കെ.വി. വിശ്വനാഥൻ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

മുഖ്യമന്ത്രി ഗവർണർക്കു നൽകിയ കത്തും ഗവർണറുടെ മറുപടിയും പരിശോധിച്ച് സംയോജിത റിപ്പോർട്ട് കൈമാറാനും സെർച്ച് കമ്മിറ്റിയോട് സുപ്രീംകോടതി നിർദേശിച്ചു. കേസ് പരിഗണിച്ചപ്പോൾ, ഇരുകൂട്ടരും വിട്ടുവീഴ്ചയ്ക്കു തയാറായില്ലെങ്കിൽ കോടതി നിയമനം നടത്തുമെന്നും അതിനുള്ള സാഹചര്യം സൃഷ്ടിക്കരുതെന്നും ബെഞ്ച് വ്യക്തമാക്കിയിരുന്നു.

എന്നാൽ ഡിസംബർ പത്തിന് ബുധനാഴ്ച സർവകലാശാല ചാൻസലർകൂടിയായ ഗവർണറും സംസ്ഥാന നിയമമന്ത്രിയും ഉന്നതവിദ്യാഭ്യാസ മന്ത്രിയും നടത്തിയ കൂടിക്കാഴ്ചയിലും തീരുമാനത്തിലെത്താത്ത സാഹചര്യത്തിലാണു കോടതി ഇടപെടൽ.

ശിപാർശ സംബന്ധിച്ച് ഗവർണർ മുഖ്യമന്ത്രിക്കു നൽകിയ ഒരു കത്ത് പരിശോധിക്കണമെന്ന് ഗവർണർക്കുവേണ്ടി ഹാജരായ അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണി ആവശ്യപ്പെട്ടെങ്കിലും കോടതി വിസമ്മതിച്ചു.

സർവകലാശാലയുടെ പ്രവർത്തനം പൂർണമായും തടസപ്പെടുത്തിയതിനാൽ സിസ തോമസിന്റെ പേരൊഴികെ മറ്റേതെങ്കിലും പേര് തെരഞ്ഞെടുക്കാമെന്ന് മുഖ്യമന്ത്രി നിർദേശിച്ചതായി കേരളത്തിനുവേണ്ടി ഹാജരായ ജയദീപ് ഗുപ്ത കോടതിയിൽ പറഞ്ഞു. തുടർന്നാണ് വിസി നിയമനത്തിൽ തങ്ങൾ തീരുമാനമെടുക്കുമെന്ന് കോടതി വ്യക്തമാക്കിയത്.

വിസിയാക്കാൻ യോഗ്യതയില്ലെന്ന് മുഖ്യമന്ത്രി വിയോജനക്കുറിപ്പ് എഴുതിയ ഡോ. സിസ തോമസിനെ സാങ്കേതിക സർവകലാശാലാ വിസിയായും മുൻഗണനാപട്ടികയിൽ നാലാമതായി നിർദേശിച്ച ഡോ. പ്രിയ ചന്ദ്രനെ ഡിജിറ്റൽ സർവകലാശാല വിസിയായും ഗവർണർ ശിപാർശ ചെയ്തതോടെയാണ് ഇരുകൂട്ടരും തമ്മിൽ വീണ്ടും തർക്കം മുറുകിയത്.

മുഖ്യമന്ത്രി ശിപാർശചെയ്ത അതേ മുൻഗണനാക്രമത്തിൽ നിയമനം നടത്താനായിരുന്നു സുപ്രീം കോടതിയുടെ മുൻ നിർദേശം.

എന്നാൽ നിർദേശിച്ച വ്യക്തികളുടെ യോഗ്യതകൾ മുഖ്യമന്ത്രിയുടെ ശിപാർശയ്ക്കൊപ്പം കൈമാറാത്ത സാഹചര്യത്തിൽ രണ്ടു പട്ടികയിലും ഉൾപ്പെട്ടവരെ സ്ഥിരം വിസിമാരായി നിയമിക്കുകയല്ലാതെ മറ്റു മാർഗമില്ലെന്ന് ഗവർണർ സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു.

# മസ്തിഷ്കമരണം സംഭവിച്ച ജയിൽ ഉദ്യോഗസ്ഥന്റെ കൈകൾ സേലം സ്വദേശിയിൽ വച്ചുപിടിപ്പിച്ചു

കൊച്ചി: പമ്പയിൽ മരിച്ച ജയിൽ ഉദ്യോഗസ്ഥന്റെ കൈകൾ വച്ചു പിടിപ്പിച്ച ഇരുപത്തിമൂന്നുകാരൻ ആശുപത്രിവിട്ടു. അപസ്മാരബാധയെത്തുടർന്നുള്ള വീഴ്ചയിൽ മസ്തിഷ്കമരണം സംഭവിച്ച പൂജപ്പുര സെൻട്രൽ ജയിലിലെ ജയിലർ എ.ആർ. അനീഷിന്റെ കൈകളാണ് സേലം സ്വദേശിയായ ഗോകുലപ്രിയനിൽ വച്ചുപിടിപ്പിച്ചത്. അമൃത ആശുപത്രിയിൽ പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്ടീവ് വിഭാഗം മേധാവി ഡോ. സുബ്രഹ്മണ്യ അയ്യരുടെ നേതൃത്വത്തിൽ ഒക്ടോബർ 22-നായിരുന്നു ശസ്ത്രക്രിയ. അനീഷിന്റെ തന്നെ ആഗ്രഹപ്രകാരമാണ് അവയവങ്ങൾ ദാനം ചെയ്തത്. കുടുംബ സംരംഭമായ കോഴിഫാമിലെ മേൽക്കൂര ഉറപ്പിക്കുന്നതിനിടെ ഹൈടെൻഷൻ ലൈനിൽനിന്നു വൈദ്യുതാഘാതമേറ്റ് 2018-ലാണു ഗോകുലപ്രിയനു ഇരുകൈകളും നഷ്ടമായത്. മുത്തച്ഛൻ അപകടത്തിൽ മരിക്കുകയും ചെയ്തു. ഗോകുലപ്രിയനു കൃത്രിമകൈകൾ വച്ചുപിടിപ്പിച്ചെങ്കിലും സാധാരണജീവിതം സാധ്യമായിരുന്നില്ല.

ചികിത്സക്കായി അമൃതയിലേക്കുള്ള യാത്രയുടെ സൗകര്യാർഥം ഹരിപ്പാട്ടുള്ള മുത്തശ്ശിയുടെ വീട്ടിലേക്കു ഗോകുലപ്രിയൻ താമസം മാറ്റിയിരുന്നു. കേരളസർക്കാരിന്റെ മൃതസഞ്ജീവനി പദ്ധതി വഴിയാണു ഗോകുലപ്രിയനു അനീഷിന്റെ കൈകൾ ലഭിച്ചത്. മണിക്കൂറുകൾ നീണ്ട ശസ്ത്രക്രിയയിലൂടെ കൈകൾ തുന്നിച്ചേർത്തു.

32 ദിവസത്തെ ചികിത്സയ്ക്കുശേഷം ആശുപത്രി വിട്ട ഗോകുലപ്രിയനെ അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ, സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. പ്രതാപൻ നായർ എന്നിവരുടെ നേതൃത്വത്തിൽ കേക്കുമുറിച്ചു യാത്രയാക്കി. കൈകൾ ലഭിച്ചതോടെ തനിക്കു പഴയ ജീവിതം ലഭിക്കുമെന്നാണു പ്രതീക്ഷയെന്നു ഗോകുലപ്രിയൻ പറയുന്നു.



അമൃത ആശുപത്രിയിൽ കൈകൾ വച്ചുപിടിപ്പിച്ച ഗോകുലപ്രിയൻ കേക്കു മുറിക്കുന്നു.

# മരുന്നുകൾക്ക് അമിതവിലയെന്ന് പാർലമെന്ററി സമിതി

തൃശൂർ: ഇന്ത്യൻ ഔഷധവിപണിയിലെ അശാസ്ത്രീയതയും അമിതവിലയും തുറന്നുകാട്ടി പാർലമെന്ററി സമിതി. വ്യാപാരികളുടെ കമ്മീഷൻ 600 മുതൽ 1100 ശതമാനം വരെയാണെന്നാണ് കണ്ടെത്തൽ. സാധാരണക്കാർക്ക് താങ്ങാവുന്ന വിലയിൽ മരുന്നുകൾ കിട്ടുന്ന സ്ഥിതിയുണ്ടാക്കണമെന്നാണ് സമിതി ഔഷധമന്ത്രാലയത്തോട് ആവശ്യപ്പെട്ടിരിക്കുന്നത്.

പ്രധാന ആന്റിബയോട്ടിക്കുകളിലൊന്നായ സിപ്രോഫ്ളോക്സാസിനും ടിനിഡാസോളും ചേർന്ന മരുന്ന് വിതരണക്കാർക്ക് കൊടുക്കുന്നത് ഒരു പെട്ടിക്ക് 450 രൂപയ്ക്കാണെന്നാണ് രേഖകൾ തെളിയിക്കുന്നത്. ഈ മരുന്നിന്റെ വിപണിയിലെ പരമാവധി വില 3500 രൂപയാണ്. ജലദോഷത്തിനും മറ്റുമെതിരേയുള്ള ലാബക്കോഫ് വിതരണക്കാർക്ക് കിട്ടുന്നത് ഒരു പെട്ടിക്ക് 316 രൂപയ്ക്കാണെങ്കിൽ ചില്ലറവിൽപ്പനവില 2850 രൂപയാണ്. ഇത്തരത്തിലുള്ള ഒട്ടേറെ മരുന്നുകളുടെ വിലയിലെ അന്തരം സമിതി രാജ്യസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. മരുന്നുകളുടെ വില നിശ്ചയിക്കുന്നതിന് ശാസ്ത്രീയ മാനദണ്ഡങ്ങളില്ലെന്നാണ് പ്രാഥമിക വിലയിരുത്തൽ. അവശ്യമരുന്നുപട്ടികയിൽ ഉൾപ്പെടുന്നവയാണ് വിലനിയന്ത്രണനിയമത്തിന്റെ കീഴിൽ വരുന്നത്.

ഈ നിബന്ധന ഇന്ത്യൻസാഹചര്യത്തിൽ അപര്യാപ്തമാണെന്നും പൊതുജനാരോഗ്യത്തിനു കൂടുതൽ ആവശ്യം വരുന്ന മരുന്നുകളുടെ വില നിയന്ത്രിക്കാനുള്ള നടപടികൾ വേണമെന്നും റിപ്പോർട്ട് നിർദേശിക്കുന്നു. അവശ്യമരുന്നുപട്ടികയിലില്ലാത്ത മരുന്നുകളുടെ വില നിശ്ചയിക്കുന്നത് നിർമാതാക്കളുടെ താത്പര്യം അനുസരിച്ചു മാത്രമാണ്. വർഷംതോറും 10 ശതമാനത്തിലധികം വില കൂട്ടരുതെന്ന നിബന്ധന മാത്രമാണ് നിലവിലുള്ളത്. ഇതിന് പകരം എല്ലാ മരുന്നുകളുടെയും വില നിശ്ചയിക്കാൻ കഴിയുന്ന വിധത്തിൽ നിയമവും സംവിധാനവും മാറണമെന്നാണ് സമിതി പറയുന്നത്. നിർദേശങ്ങളിൽ എന്തൊക്കെ തുടർനടപടികളെടുത്തെന്ന് അറിയിക്കണമെന്നും സമിതി ആവശ്യപ്പെട്ടിട്ടുണ്ട്.






# മൂന്നുപതിറ്റാണ്ടിന്റെ പ്രൗഢിയിൽ അന്താരാഷ്ട്ര ചലച്ചിത്രമേള

തിരുവനന്തപുരം: ഇന്ത്യയിൽതന്നെ മുപ്പത് പതിപ്പുകൾ പൂർത്തിയാക്കുന്ന ഏക ചലച്ചിത്രമേളയാണ് ഐഎഫ്എഫ്കെ എന്നതിൽ മലയാളികൾക്ക് അഭിമാനിക്കാമെന്ന് മന്ത്രി സജി ചെറിയാൻ. തിരുവനന്തപുരം നിശാഗന്ധിയിൽ 30-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.


30-ാത് അന്താരാഷ്ട്ര ചലച്ചിത്രോത്സവം ദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു.

കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ ഈ മേള സർഗാത്മക ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സിനിമക്കാർ മാത്രമല്ല, കലയിലെ വിവിധ മേഖലയിലുള്ളവർ ഒത്തുചേരുന്ന ഇടമാണ് മേള. വിശാലമായ മാനവികതയുടെ സന്ദേശംപരത്തുന്ന സാംസ്കാരിക പ്രതിരോധംകൂടിയാണിത്. കൃത്യമായ രാഷ്ട്രീയനിലപാടുകളാണ് ഈ മേളയെ വ്യത്യസ്തമാക്കുന്നതെന്നും മന്ത്രി പറഞ്ഞു. ചലച്ചിത്ര അക്കാദമി വൈസ് ചെയർപേഴ്സൺ കുക്കു പരമേശ്വരൻ അദ്ധ്യക്ഷയായി. ചിലിയൻ സംവിധായകൻ പാബ്ലോ ലോറോ മുഖ്യാതിഥിയായിരുന്നു. പലസ്തീൻ അംബാസഡർ അബ്ദുള്ള എം. അബുഷവേഷ്, ജർമൻ അംബാസഡർ ഡോ. ഫിലിപ്പ് അക്കർമേൻ എന്നിവർ വിശിഷ്ടാതിഥികളായി. സംവിധായകൻ ഷാജി എൻ. കരുണിനെക്കുറിച്ചുള്ള പുസ്തകം 'കരുണയുടെ ക്യാമറ' മന്ത്രി സജി ചെറിയാൻ, അനസൂയ ഷാജിക്കു നൽകി പ്രകാശനം ചെയ്തു.

സ്പാനിഷ് നടിയും ജൂറി അംഗവുമായ ആഞ്ജല മോളിന, വിയറ്റ്നാമിൽനിന്നുള്ള ചലച്ചിത്രപ്രവർത്തകനും ജൂറി അംഗവുമായ ബൂയി തക് ചുയെൻ, സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ, സാംസ്കാരികവകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, കെഎസ്എഫ്ഡിസി ചെയർമാൻ കെ. മധു, ടി.കെ. രാജീവ്കുമാർ, സംവിധായകൻ കമൽ, ബീനാ പോൾ, ചീഫ് സെക്രട്ടറി ഡോ. ജയതിലക്, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ്, മധുപാൽ തുടങ്ങിയവർ പങ്കെടുത്തു. സിനിമയിൽ 50 വർഷം പൂർത്തിയാക്കിയ സംവിധായകൻ രാജീവ് നാഥ്, സാംസ്കാരികമന്ത്രിയിൽനിന്ന് ആദരം ഏറ്റുവാങ്ങി. ഉദ്ഘാടനശേഷം പലസ്തീൻ ജനതയുടെ പ്രതിരോധത്തിന്റെയും ചരിത്രത്തിന്റെയും അടയാളപ്പെടുത്തലുകളുമായി ആൻമേരി ജാസിർ സംവിധാനംചെയ്ത 'പലസ്തീൻ 36' പ്രദർശിപ്പിച്ചു.

## രാഹുൽ മാങ്കൂട്ടത്തിലിനെതിരെയുള്ള രണ്ടു പരാതികളിലും അന്വേഷണം ക്രൈംബ്രാഞ്ചിന്


തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരെയുള്ള രണ്ടു ലൈംഗികപീഡന പരാതികളിലും അന്വേഷണം ക്രൈംബ്രാഞ്ചിനു കൈമാറി. തിരുവനന്തപുരത്തുള്ള യുവതിയുടെ പരാതിയിലെ ആദ്യ കേസിന്റെ അന്വേഷണം തിരുവനന്തപുരം സിറ്റി പോലീസ് ഡിസിപിയുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തിനായിരുന്നു. ഈ കേസാണ് ക്രൈംബ്രാഞ്ചിന് കൈമാറിയത്. ക്രൈംബ്രാഞ്ച് കൊല്ലം ഡിവൈഎസ്പി എസ്. സാനിക്കാണ് അന്വേഷണ ചുമതല. പോലീസ് ആസ്ഥാനത്തെ എഐജി ജി. പൂങ്കുഴലി മേൽനോട്ടം വഹിക്കും. ബംഗളൂരുവിൽ താമസിക്കുന്ന പത്തനംതിട്ട സ്വദേശിനിയായ 23-കാരിയെ പീഡിപ്പിച്ച കേസ് പത്തനംതിട്ട ക്രൈംബ്രാഞ്ച് ഡിവൈഎസ്പിയും അന്വേഷിക്കും. രണ്ടാമത്തെ കേസിൽ അന്വേഷണസംഘത്തിനു മുന്നിൽ ഹാജരാകണമെന്ന ഉപാധിയോടെയാണ് പ്രിൻസിപ്പൽ സെഷൻസ് കോടതി രാഹുലിന് മുൻകൂർ ജാമ്യം അനുവദിച്ചിരിക്കുന്നത്. ഇതിനെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്.

## ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായം അടുത്ത വർഷം കൂടി അഞ്ച് വയസ്സ്

തിരുവനന്തപുരം: കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായം അടുത്ത അധ്യയന വർഷം കൂടി അഞ്ച് വയസ്സായി തുടരും. ആറ് വയസ്സാക്കാനുള്ള തീരുമാനം 2027 മുതലേ നടപ്പാക്കുകയുള്ളൂവെന്ന് മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. അതേസമയം, എസ്എസ്എൽസി പരീക്ഷ ജയിക്കാൻ എഴുത്തുപരീക്ഷയിൽ 30 ശതമാനം മാർക്ക് നേടണമെന്ന മിനിമം മാർക്ക് സമ്പ്രദായം നേരത്തേ പ്രഖ്യാപിച്ചതനുസരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ തന്നെ നടപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഒരുവർഷം മുൻപു മാത്രം ആറ് വയസ്സ് മാനദണ്ഡം പ്രഖ്യാപിച്ചതിനെതിരെ രക്ഷിതാക്കൾ ആശങ്ക അറിയിച്ചതിനെ തുടർന്നാണ് നിലപാട് മാറ്റം. ഒന്നാംക്ലാസ് പ്രവേശനം ആറ് വയസ്സാകുന്നതോടെ പ്രീപ്രൈമറി വിദ്യാഭ്യാസവും അതിനനുസരിച്ച് മൂന്ന് വർഷ ഘടനയിലാക്കേണ്ടി വരും. അതിനു വേണ്ട സമയംകൂടി പരിഗണിച്ചാണു തീരുമാനം. എന്നാൽ കേന്ദ്ര സിലബസ് സ്കൂളുകളിൽ ഭൂരിപക്ഷവും ആറ് വയസ്സ് മാനദണ്ഡം നടപ്പാക്കിക്കഴിഞ്ഞു.

## ശിവരാജ് പാട്ടീൽ അന്തരിച്ചു



മുംബൈ: മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയും ലോക്സഭ മുൻ സ്പീക്കറുമായിരുന്ന ശിവരാജ് പാട്ടീൽ (90) അന്തരിച്ചു. നെഹ്റു കുടുംബത്തിന്റെ വിശ്വസ്തനായിരുന്ന പാട്ടീൽ അഞ്ചു ദശകത്തിലേറെ നീണ്ട പൊതുജീവിതത്തിനിടെ നിർണായകമായ ഭരണഘടനാ പദവികൾ വഹിച്ചിട്ടുണ്ട്.

മുംബൈ ഭീകരാക്രമണ സമയത്ത് കേന്ദ്ര ആഭ്യന്തര മന്ത്രിയായിരുന്നു. ആക്രമണം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചെന്ന വിമർശനത്തെത്തുടർന്ന് 2008 നവംബർ 30-ന് രാജിവെച്ചു. ഏഴു തവണ ലാത്തൂർ ലോക്സഭാ സീറ്റിൽ വിജയിച്ച അദ്ദേഹം 1991 മുതൽ 96 വരെ ലോക്സഭയുടെ പത്താമത്തെ സ്പീക്കറായിരുന്നു. 2004-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപിയിലെ രൂപതായ് പാട്ടീൽ നീലങ്കേക്കറിനോട് പരാജയപ്പെട്ടു. പിന്നീട് രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. കേന്ദ്രമന്ത്രിസഭയിൽ ആഭ്യന്തരം, പ്രതിരോധം, വാണിജ്യം, ശാസ്ത്രസാങ്കേതികം എന്നിവയുൾപ്പെടെ പ്രധാന വകുപ്പുകൾ വഹിച്ചു. പഞ്ചാബ് ഗവർണറായും കേന്ദ്രഭരണ പ്രദേശമായ ചണ്ഡിഗഢിന്റെ അഡ്മിനിസ്ട്രേറ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## കടൽമണൽ ഖനന നടപടി ഉപേക്ഷിച്ചു

ന്യൂഡൽഹി: കേരളതീരത്തെ കടൽമണൽ ഖനനത്തിനുള്ള ടെൻഡർ നടപടി കേന്ദ്രം റദ്ദാക്കി. ടെൻഡറിൽ പങ്കെടുക്കാൻ ഒരു സ്ഥാപനം പോലും വരാത്തതു മൂലമാണിത്.

കേരളത്തിനു പുറമേ ഗുജറാത്തിലും (പോർബന്തർ), നിക്കോബാർ ദ്വീപുകളിലും നടത്താനിരുന്ന ഓഫ്ഷോർ ടെൻഡർ നടപടിയും റദ്ദാക്കി. കേരളത്തിൽ കൊല്ലത്തിനു സമീപം മൂന്നു ബ്ലോക്കുകളിലെ ടെൻഡർ നടപടിക്കെതിരെ വൻതോതിൽ പ്രതിഷേധമുയർന്നിരുന്നു.

ഒരു വർഷത്തിനിടെ പത്തിലേറെ തവണയാണ് ടെൻഡറിനുള്ള സമയപരിധി നീട്ടിയത്. എന്നിട്ടും കമ്പനികളെ ആകർഷിക്കാൻ കേന്ദ്രത്തിനായില്ല. കേരളമടക്കം മൂന്നിടങ്ങളിലായി 13 ബ്ലോക്കുകളായി തിരിച്ചായിരുന്നു ടെൻഡർ വിളിച്ചത്.



# മുനമ്പം: ഹൈക്കോടതി ഉത്തരവിന് സ്റ്റേ

ന്യൂഡൽഹി: മുനമ്പത്തെ തർക്ക ഭൂമി വഖഫ് സ്വത്ത് അല്ലെന്ന കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തു. ഭൂമി വഖഫാണോ അല്ലയോ എന്നത് ഡിവിഷൻ ബെഞ്ച് പരിഗണിച്ച ഹർജിയിലെ വിഷയമായിരുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി. പരിഗണനാവിഷയം മറികടന്നാണ് തർക്കഭൂമി വഖഫ് അല്ല എന്നു ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടതെന്ന് ജസ്റ്റീസുമാരായ മനോജ് മിശ്ര, ഉജ്ജൽ ഭൂയാൻ എന്നിവരുടെ ബെഞ്ച് നിരീക്ഷിച്ചു. അടുത്ത വാദം കേൾക്കുന്ന 2026 ജനുവരി അവസാന ആഴ്ചവരെ ഭൂമിയുടെ തൽസ്ഥിതി നിലനിർത്താനും ബെഞ്ച് ഉത്തരവിട്ടു.

തർക്കഭൂമി വിഷയത്തിൽ അന്വേഷണത്തിന് ജസ്റ്റിസ് സി.വി. രാമചന്ദ്രനെ നിയോഗിച്ച സംസ്ഥാന സർക്കാരിന്റെ തീരുമാനം ശരിവെച്ച ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യുന്നില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി. ഇതോടെ ഭൂനികുതി അടയ്ക്കുന്നത് അടക്കമുള്ളവയ്ക്ക് തടസ്സമുണ്ടാകില്ല. ഹർജി വീണ്ടും പരിഗണിക്കുമ്പോൾ വിശദവാദം കേൾക്കുമെന്നും വ്യക്തമാക്കി.

വഖഫ് ട്രൈബ്യൂണലിന്റെ പരിഗണനയിലിരിക്കുന്ന വിഷയത്തിൽ ജുഡീഷ്യൽ കമ്മീഷനെ നിയമിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ എന്നതാണ് ഹൈക്കോടതിയുടെ മുന്നിലെത്തിയ വിഷയം. എന്നാൽ, ഇതു മറികടന്നാണ് മുനമ്പത്തെ തർക്കഭൂമി വഖഫ് അല്ലെന്നു ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടതെന്ന് ഹർജിക്കാർ സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടി. ഇത്തരത്തിൽ ട്രൈബ്യൂണലിന്റെ മുന്നിലിരിക്കുന്ന വിഷയത്തിൽ ഹൈക്കോടതിക്ക് എങ്ങനെയാണ് ഭൂമിയുടെ സ്വഭാവം നിർണയിക്കാൻ സാധിക്കുന്നതെന്നും ബെഞ്ച് ചോദിച്ചു.

ഹൈക്കോടതി നടപടിയെ സംസ്ഥാന സർക്കാർ എന്തുകൊണ്ട് ചോദ്യം ചെയ്തില്ല എന്ന നിരീക്ഷണവും സുപ്രീം കോടതിയുടെ ഭാഗത്തുനിന്നുണ്ടായി. മുനമ്പത്തെ തർക്കഭൂമി 2019-ലാണ് വഖഫ് സ്വത്തായി കേരള വഖഫ് ബോർഡ് രജിസ്റ്റർ ചെയ്യുന്നത്. ഇതോടെ കൈമാറ്റത്തിൽ നിയമസാധുത നഷ്ടപ്പെട്ടു. എന്നാൽ, നടപടി വഖഫ് ട്രൈബ്യൂണലിൽ ചോദ്യം ചെയ്യുകയും വിഷയം വിവാദമായതോടെ തർക്കത്തിനു പരിഹാരം കാണാൻ 2024 നവംബർ സംസ്ഥാന സർക്കാർ ജസ്റ്റിസ് സി.വി. രാമചന്ദ്രനെ അന്വേഷണ കമ്മീഷനായി നിയമിക്കുകയും ചെയ്തു.

വഖഫ് സ്വത്തുക്കളുടെ നിയന്ത്രണം സംബന്ധിക്കുന്ന വിഷയത്തിൽ സംസ്ഥാനത്തിന് ഇടപെടാൻ സാധിക്കില്ലെന്നു ചൂണ്ടിക്കാട്ടി കേരള വഖഫ് സംരക്ഷണവേദി ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ നിന്ന് അനുകൂല വിധി നേടി.

ഈ ഉത്തരവ് റദ്ദാക്കിയ ഹൈക്കോടതി ഡിവിഷൻ ബെഞ്ച്, 2019-ൽ ഭൂമി വഖഫായി രജിസ്റ്റർ ചെയ്തതു നിയമവിരുദ്ധമാണെന്ന് നിരീക്ഷിച്ചാണ് ഉത്തരവിട്ടത്. ഈ വിഷയമാണ് സുപ്രീം കോടതിയുടെ പരിഗണനയ്ക്കെത്തിയത്. വിഷയത്തിൽ അന്വേഷണ കമ്മീഷന്റെ നിയമനം ഉൾപ്പെടെയുള്ളവയിൽ ഇനി വിശദമായ വാദം കേൾക്കും.

## ഫാ. അബ്രഹാം പാറടിയിൽ അന്തരിച്ചു



കോട്ടയം: കോട്ടയം അതിരൂപതാംഗമായ ഫാ. അബ്രഹാം പാറടിയിൽ (72) അന്തരിച്ചു. കാരിത്താസ് വിയാനി ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. 1953 സെപ്റ്റംബർ 26-ന് കരിങ്കുന്നം ഇടവക പാറടിയിൽ ചാണ്ടി-ചിന്നമ്മ ദമ്പതികളുടെ മകനായി ജനിച്ചു. 1985 ഡിസംബർ 27-ാം തീയതി മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

കുറ്റൂർ, ഓതറ, തിരുവനന്തപുരം, വിതുര, പുതുവേലി, തോട്ടറ, ഏറ്റുമാനൂർ, മാറിക, ഞീഴൂർ, മ്രാല എന്നീ പള്ളികളിൽ വികാരിയായും അരീക്കര, വെളിയന്നൂർ പള്ളികളിൽ അസിസ്റ്റന്റ് വികാരിയായും, കാരിത്താസ് ആശുപത്രിയിൽ പാസ്റ്ററൽ കെയറിൽ സേവനവും അനുഷ്ഠിച്ചിട്ടുണ്ട്.

സഹോദരങ്ങൾ: പുന്നൂസ് പാറടിയിൽ/സിസിലി (പ്ലാക്കൂട്ടത്തിൽ)-തൊടുപുഴ, റ്റോമി പാറടിയിൽ/ബീന (കണ്ണാമ്പടത്തിൽ)-കരിങ്കുന്നം, ജോയി പാറടിയിൽ/സൂസി (പനങ്കാലായിൽ)-ന്യൂയോർക്ക്, ജായി പാറടിയിൽ/ജീനി (നെടുംതുരുത്തിൽ)-തൊടുപുഴ, ജെയിംസ് പാറടിയിൽ/ബിജി (ആറേൽ)-ഹൂസ്റ്റൺ, ഫിലിപ്പ് പാറടിയിൽ/സിനി (പ്രാലേൽ)-കരിങ്കുന്നം, സ്റ്റീഫൻ പാറടിയിൽ/ദീപ (പച്ചിലമാക്കിൽ)-കരിങ്കുന്നം.

മൃതദേഹം ഡിസംബർ 15-ന് തിങ്കളാഴ്ച രാവിലെ കാരിത്താസ് വിയാനി ഹോമിലെ പൊതുദർശനത്തിനു ശേഷം കരിങ്കുന്നത്തുള്ള ഭവനത്തിൽ കൊണ്ടുവന്നു. ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ പൊതുദർശനത്തിന് വെച്ചു. ഉച്ചകഴിഞ്ഞ് 2.30-ന് കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്കാരം നടത്തി.

## കെസിബിസി: ഡോ. വർഗീസ് ചക്കാലയ്ക്കൽ പ്രസിഡന്റ്, മാർ തോമസ് തറയിൽ സെക്രട്ടറി

കൊച്ചി: കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) പ്രസിഡന്റായി ആർച്ച് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കലിനെ തെരഞ്ഞെടുത്തു. കോഴിക്കോട് ആർച്ച് ബിഷപ്പും കേരള റീജണൽ ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റുമാണ് ഡോ. ചക്കാലയ്ക്കൽ.





പത്തനംതിട്ട ബിഷപ് സാമുവേൽ മാർ ഐറേനിയോസിനെ വൈസ് പ്രസിഡന്റായും ചങ്ങനാശേരി ആർച്ച്ബിഷപ്പ് മാർ തോമസ് തറയിലിനെ സെക്രട്ടറി ജനറലായും തെരഞ്ഞെടുത്തു. പാലാരിവട്ടം പിഒസിയിൽ 12-ന് സമാപിച്ച സമ്മേളനത്തിലായിരുന്നു തെരഞ്ഞെടുപ്പ്. മൂന്നു വർഷം കെസിബിസിയെ നയിച്ച പ്രസിഡന്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, വൈസ് പ്രസിഡന്റ് ബിഷപ് മാർ പോളി കണ്ണൂക്കാടൻ, സെക്രട്ടറി ജനറൽ ബിഷപ് ഡോ. അലക്സ് വടക്കുംതല എന്നിവർക്കു സമ്മേളനം നന്ദി അറിയിച്ചു.

## പീഡനപരാതി സ്വന്തം തൊഴിലിടത്തിലെ സമിതിക്ക് മതിയെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: മറ്റൊരു സ്ഥാപനത്തിലെ ഉദ്യോഗസ്ഥനിൽനിന്നു പീഡനമോ അതിക്രമമോ ഉണ്ടായാലും സ്വന്തം തൊഴിലിടത്തിലെ ആഭ്യന്തര പരാതി പരിഹാര സമിതിക്കു (ഐസിസി) പരാതി നൽകാമെന്നു സുപ്രീം കോടതി. ഐആർഎസ് ഉദ്യോഗസ്ഥനിൽനിന്നു നേരിട്ടി പീഡനത്തിനെതിരെ ഐഎഎസ് ഉദ്യോഗസ്ഥ നൽകിയ പരാതിയുമായി ബന്ധപ്പെട്ട കേസിലാണ് നിർദേശം. 'പ്രതിയായ ആളുടെ തൊഴിലിടത്തിലെ ഐസിസിയെ തന്നെ സമീപിച്ചു പരാതി നൽകണമെന്ന വ്യവസ്ഥ വന്നാൽ നിയമത്തിന്റെ ലക്ഷ്യം ഇല്ലാതാകും. സ്വന്തം സ്ഥാപനത്തിലെ ഐസിസിക്കു പരാതി നൽകാൻ വനിത ഉദ്യോഗസ്ഥയ്ക്ക് അവകാശമുണ്ട്'- ജഡ്ജിമാരായ ജെ.കെ. മഹേശ്വരി, വിജയ് ബിഷ്ണോയി എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിലെ ഉദ്യോഗസ്ഥനെന്ന നിലയിൽ തനിക്കെതിരെ സ്ഥാപനത്തിലെ ഐസിസിക്കാണ് പരാതി നൽകേണ്ടതെന്നായിരുന്നു കേസിലെ പ്രതിയായ സൊഹൈൽ മാലിക് വാദിച്ചത്. ആവശ്യം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ഡൽഹി ഹൈക്കോടതിയും തള്ളിയതിനെ തുടർന്നാണ് സൊഹൈൽ സുപ്രീം കോടതിയെ സമീപിച്ചത്.

## രാഷ്ട്രപതി ദ്രൗപദി മുർമു മണിപ്പൂരിൽ

ഇംഫാൽ: മണിപ്പൂരിലെ സ്വാതന്ത്ര്യസമര സേനാനികളെ അനുസ്മരിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ബ്രിട്ടീഷുകാർക്കെതിരെ പ്രക്ഷോഭം നയിച്ച രണ്ടു വനിതാനേതാക്കളെ അനുസ്മരിക്കുന്നതിനുള്ള നൂപിലാൽ ദിനത്തിൽ ഇംഫാലിലെ സ്മാരകത്തിൽ രാഷ്ട്രപതി പുഷ്പങ്ങൾ അർപ്പിച്ചു. രാഷ്ട്രപതിയെ അനുഗമിച്ച ഗവർണർ അജയ്കുമാർ ഭല്ലയും പുഷ്പാർച്ചന നടത്തി. ദ്വിദിന സന്ദർശനത്തിനായി സംസ്ഥാനത്തെത്തിയ രാഷ്ട്രപതി ഇംഫാലിലെ പാലസ് കോമ്പൗണ്ടിലുള്ള ശ്രീ ഗോവിന്ദ് ജി ക്ഷേത്രവും സന്ദർശിച്ചു. തുടർന്ന് സേനാപതി ജില്ലയിലെത്തിയ രാഷ്ട്രപതി ഗോത്രവർഗ പ്രതിനിധികളുമായി ആശയ വിനിമയം നടത്തി. 2023 മേയിൽ കലാപം പൊട്ടിപ്പുറപ്പെട്ടശേഷം ആദ്യമായാണു മണിപ്പൂരിൽ രാഷ്ട്രപതി എത്തുന്നത്. 260 ലധികം ആളുകൾ കലാപത്തിൽ കൊല്ലപ്പെട്ടതായാണു കണക്കുകൾ.



FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.




*For All Your Real Estate Needs Please Call ...*

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ചിക്കാഗോയിൽ അന്തരിച്ച അന്നമ്മ തൊടുകയിലിന്റെ സംസ്കാരച്ചടങ്ങുകൾ ഡിസംബർ 16, 17 തീയതികളിൽ



**ചിക്കാഗോ:** കൈപ്പുഴ തൊടുകയിൽ പരേതനായ ലൂക്കോസിന്റെ ഭാര്യ അന്നമ്മ തൊടുകയിലിന്റെ (78) സംസ്കാരച്ചടങ്ങുകൾ ഡിസംബർ 16, 17 (ചൊവ്വ, ബുധൻ) തീയതികളിൽ മോർട്ടൻഗ്രോവ് (ചിക്കാഗോ) സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ വെച്ച് നടത്തപ്പെടും. ഡിസംബർ 16-ന് ചൊവ്വാഴ്ച വൈകുന്നേരം 5 മണി മുതൽ 9 മണി വരെ പൊതുദർശനവും പ്രാർത്ഥനാ ശുശ്രൂഷകളും. 17-ന് ബുധനാഴ്ച രാവിലെ 8.30 മുതൽ 9.30 വരെ പൊതുദർശനം. തുടർന്ന് ദിവ്യബലിക്കും പ്രാർത്ഥനാ ശുശ്രൂഷകൾക്കും ശേഷം നൈൽസിലുള്ള മേരിഹിൽ കാത്തലിക് സെമിത്തേരിയിൽ സംസ്കാരം നടക്കും.

പരേത കുമരകം തൊട്ടിച്ചിറയിൽ കുടുംബാംഗമാണ്.

**മക്കൾ:** ജോസ്മോൻ & സുനു തൊടുകയിൽ (ചിക്കാഗോ), ജോമോൻ & ബിനു തൊടുകയിൽ (ചിക്കാഗോ), ജെയ്മോൻ & റോഷ്നി തൊടുകയിൽ (ചിക്കാഗോ), അനിത & ലൂക്കാ ചവറാട്ട് (ചിക്കാഗോ), റ്റീന & സാജു കൂപ്ലിക്കാട്ട് (സാൻഹൊസെ), നീത & അബി കീപ്പാറ (ചിക്കാഗോ).

**കൊച്ചുമക്കൾ**: ലിബിൻ, ജെസ്‌ലിൻ, എബിൻ, സോന, അലീന, ജസ്റ്റിൻ, ജിനോ, ആൽവിൻ, ജെയ്സൺ (തൊടുകയിൽ), മെൽവിൻ ചവറാട്ട്, റ്റാനിയ, സാനിയ (കൂപ്ലിക്കാട്ട്), ആബേൽ, നിയ, നിയോണ (കീപ്പാറ).

**മാതാപിതാക്കൾ:** കുമരകം തൊട്ടിച്ചിറയിൽ റ്റി.കെ. ജോൺ & അന്നമ്മ.

**സഹോദരങ്ങൾ:** കുര്യൻ & സുജ തൊട്ടിച്ചിറയിൽ (ചിക്കാഗോ), മേഴ്സി & പരേതനായ മാണി ഉതിരക്കല്ലുങ്കൽ (ചിക്കാഗോ), എൽസമ്മ & ബാബു കണ്ണാരത്തിൽ (ചിക്കാഗോ), ലിസി & വാറുണ്ണി പാത്താടൻ (ചിക്കാഗോ).



GRACE PRINTING & MAILING

Grace CONVENTION CENTER

KERALA EXPRESS

## Publishing Board

**Kurian Philip**
847.912.5578

**Jose Kaniyaly**
630.728.7956

**Mathew Joseph**
847.271.7552

**K.O. Jose**
847.729.1430

**Anish Eapen**
773.263.9863

**Ajith Eapen**
773.782.5677
+91-963.3949.676

**Titus Eapen**
773.255.6459

## Chicago Gospel Media Association

**Patron:**
K.M. Eapen

**President:**
Dr. Alex Koshy

**Vice President:**
Dr. Titus Eapen

**Gen. Secretary**
Kurian Philip

**Joint Secretary**
Dr. Biju Cherian

**Treasurer:**
Johnson Oommen

## Grace Publications

3425 Cleveland St.
Skokie, IL 60076

**Tel:** 847-423-2100

## Send your Material to:

**WhatsApp USA:**
+1 (847)-997-7485
+1 (847) 912-5578
+1 (773) 255-6459

**WhatsApp India:**
+91 9633949676

**Email:**
kmeapenbio@gmail.com

# Publication of the Biography of Mr. K. M. Eapen

It has been 33 years since Kerala Express began publication in the United States, 35 years since the establishment of Grace Printing, and 6 years since the founding of the Grace Convention Center in Kerala. With deep gratitude, we join the Eapen family in thanking God for His guidance and blessings that have made these endeavors successful.

As a fulfillment of the long-cherished wish of family members and well-wishers, the task of publishing the biography of Mr. K. M. Eapen, founder of these distinguished institutions, has been undertaken by CGMA, where Mr. Eapen also serves as Patron.

We warmly invite you to contribute to this biography by sharing a short note or reflection describing your personal acquaintance or association with Mr. K. M. Eapen and his initiatives. Kindly keep your write-up to one page or less. Please also include a recent photograph of yourself. If you have any old photographs or historical materials related to Mr. Eapen or his ventures, we would greatly appreciate it if you could share them for possible inclusion in the publication.

Our goal is to release the biography in January 2026. Therefore, we kindly request you to send your note and photos at your earliest convenience, either via WhatsApp or email.

With sincere appreciation for your cooperation,

On behalf of the Publishing Board

Kurian Philip
**Editor-in-Charge**

---

## കെ എം ഈപ്പന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നു

അമേരിക്കയിൽ കേരള എക്സ്പ്രസ് വാർത്ത വരിക പ്രസിദ്ധീകരണം ആരംഭിച്ചിട്ട് 33 വർഷവും ഗ്രേസ് പ്രിന്റിംഗ് സ്ഥാപിച്ചിട്ട് 35 വർഷവും കേരളത്തിൽ ഗ്രേസ് കൺവെൻഷൻ സെന്റർ ആരംഭിച്ചിട്ട് 6 വർഷവും പൂർത്തിയാകുന്നു. ഈ മഹത്തായ സംരംഭങ്ങൾ വിജയകരമായി മുന്നേറുവാൻ സഹായിച്ച ദൈവത്തിന് കുടുംബാംഗങ്ങളോടൊപ്പം ഞങ്ങളും നന്ദി പറയുന്നു.

ഈ സംരംഭങ്ങളുടെ സ്ഥാപകൻ ശ്രീ കെ എം ഈപ്പന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുവാനുള്ള കുടുംബാംഗങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും ആഗ്രഹത്തിന്റെ സാക്ഷാത്കാരം എന്ന നിലയിൽ അതിന്റെ പ്രസിദ്ധീകരണ ചുമതല CGMA ഏറ്റെടുത്തിരിക്കുകയാണ്.CGMA യുടെ രക്ഷാധികാരി കൂടിയാണ് ശ്രീ കെ എം ഈപ്പൻ.

ശ്രീ കെ എം ഈപ്പനും അദ്ദേഹത്തിന്റെ സംരംഭങ്ങളുമായും നിങ്ങൾക്കുള്ള ബന്ധവും പരിചയവും രേഖപ്പെടുത്തുന്ന ഓർമ്മക്കുറിപ്പ് അയച്ചുതന്ന് ഈ ജീവചരിത്ര രചനയുമായി സഹകരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഒരു പേജിൽ കൂടാതിരിപ്പാൻ ശ്രദ്ധിക്കുമല്ലോ. ഒപ്പം താങ്കളുടെ ഇപ്പോഴത്തെ ഒരു ഫോട്ടോയും അയച്ചുതരണമെന്ന് ഓർപ്പിക്കുന്നു. ജീവചരിത്രത്തിൽ ഉൾപ്പെടുത്തുന്നതിനായി ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലു പഴയ ഫോട്ടോകളോ ചരിത്രങ്ങളോ നിങ്ങളുടെ പക്കൽ ഉണ്ടെങ്കിൽ ദയവായി അയച്ചു തരിക.

2026 ജനുവരി മാസത്തിൽ പ്രസിദ്ധീകരിക്കണമെന്നുള്ളതാണ് ഞങ്ങളുടെ ആഗ്രഹം. അതിനാൽ എത്രയും വേഗം നിങ്ങളുടെ വിവരണങ്ങളും ഫോട്ടോകളും ഞങ്ങൾക്ക് വാട്സാപ്പിലൂടെയോ ഈ മെയിലിലുടിയോ അയച്ചുതരിക.

പബ്ലിഷിങ് ബോർഡിന് വേണ്ടി

കുര്യൻ ഫിലിപ്പ്
Editor in Charge

**Send your Material to:**

**WhatsApp USA:** +1 (847)-997-7485, +1 (847) 912-5578, +1 (773) 255-6459
**WhatsApp India:** +91 9633949676
**Email:** kmeapenbio@gmail.com

# ചിക്കാഗോ മലയാളി അസോസിയേഷന്റെ ബ്ലഡ് ഡൊണേഷൻ ക്യാമ്പ് നടത്തി





ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ബെൽവുഡ് സീറോമലബാർ ഹാളിൽ വെച്ച് രക്തദാന ക്യാമ്പ് വിജയകരമായി നടത്തപ്പെട്ടു. ഡിസംബർ 7-ന് ഞായറാഴ്ച രാവിലെ 8 മണി മുതൽ എസ്.എം.സി.സിയുടെയും അമേരിക്കൻ റെഡ്ക്രോസ്സിന്റെയും സംയുക്ത സഹകരണത്തോടെ നടത്തപ്പെട്ട ക്യാമ്പിൽ നിരവധി ആളുകൾ പങ്കെടുത്ത് രക്തം ദാനം ചെയ്തു.

ചിക്കാഗോ മലയാളി അസോസിയേഷന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നടത്തപ്പെട്ട ഈ ക്യാമ്പ് വിജയകരമായി നടന്നത് ഇത്തരം പരിപാടികൾ തുടർന്നും നടത്തുവാൻ തങ്ങൾക്ക് പ്രചോദനമാണെന്ന് പ്രസിഡണ്ട് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, ക്യാമ്പിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ച വൈസ് പ്രസിഡണ്ട് ലൂക്ക് ചിറയിൽ, പ്രിൻസ് ഈപ്പൻ എന്നിവർ അറിയിച്ചു.

ക്യാമ്പ് വിജയകരമായി നടത്തുവാൻ സഹായിച്ച എസ്.എം.സി.സി.യോടും ക്യാമ്പിനു നേതൃത്വം നല്കിയ അമേരിക്കൻ റെഡ്ക്രോസ്സിനോടും ഇടവകയുടെ ചുമതലക്കാരോടും കോ-ഓർഡിനേറ്റർ ലൂക്ക് ചിറയിൽ നന്ദി രേഖപ്പെടുത്തി.

## സുരക്ഷാ അവലോകനം കടുപ്പിച്ചു; വിദ്യാർത്ഥി വിസകൾ ഉൾപ്പെടെ 85,000 വിസകൾ റദ്ദാക്കി

**അറ്റോർണി ലാൽ വർഗീസ്**

വാഷിങ്ടൺ ഡിസി: ട്രംപ് ഭരണകൂടം വിദേശ പൗരന്മാരുടെ രാജ്യപ്രവേശന പരിശോധന ശക്തമാക്കിയതിന്റെ ഭാഗമായി യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് കഴിഞ്ഞവർഷം 85,000 വിസകൾ റദ്ദാക്കി. ഇത് ഒരു റെക്കോർഡാണ്. ഇതിൽ 8,000-ൽ അധികം വിദ്യാർത്ഥി വിസകളും ഉൾപ്പെടുന്നു. 2024-ൽ റദ്ദാക്കിയതിന്റെ ഇരട്ടിയിലധികം



ലേഖകൻ

വരുമിത്. റദ്ദാക്കലുകളിൽ പകുതിയോളവും മദ്യപിച്ച് വ്യാഹനമോടിക്കൽ (DUIs), ആക്രമണം, മോഷണം തുടങ്ങിയ പൊതു സുരക്ഷാപ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് ഒരു സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻ സ്ഥിരീകരിച്ചു. ഇവർ നമ്മുടെ സമൂഹത്തിന്റെ സുരക്ഷയ്ക്ക് നേരിട്ട് ഭീഷണിയാകുന്നവരാണ്. ഇവരെ രാജ്യത്ത് പ്രവേശിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല: ഉദ്യോഗസ്ഥൻ വ്യക്തമാക്കി. ഇന്ത്യൻ പൗരന്മാരുടെ എത്ര വിസിറ്റർ, വിദ്യാർത്ഥി വിസകൾ റദ്ദാക്കി എന്ന് നിലവിൽ വ്യക്തമല്ല. എന്നാൽ, ഇത് കാര്യമായ എണ്ണം ആകാമെന്നും സൂചനയുണ്ട്.

മറ്റ് സുരക്ഷാ നടപടികൾ: എച്ച്-1ബി അപേക്ഷകർ-യുഎസിലെ സംരക്ഷിത സംസാര സ്വാതന്ത്ര്യത്തെ (protected Speech) സെൻസർഷിപ്പ് നടത്തുകയോ അതിനു ശ്രമിക്കുകയോ ചെയ്ത അപേക്ഷകരെ തള്ളിക്കളയാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. യാത്രാനിയന്ത്രണങ്ങൾ: ഭാഗികമായോ പൂർണ്ണമായോ യാത്രാനിയന്ത്രണങ്ങളുള്ള 19 രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റത്തിന് താൽക്കാലികമായി നിയന്ത്രണം ഏർപ്പെടുത്തി. നൈജീരിയയിലെ അതിക്രമങ്ങൾ, നൈജീരിയയിലെ ക്രിസ്ത്യൻ വിരുദ്ധ ആക്രമണങ്ങളിൽ പങ്കുള്ളവർക്കെതിരെ പുതിയ വിസ നിയന്ത്രണം പ്രഖ്യാപിച്ചു.

മെക്സിക്കൻ ഏവിയേഷൻ എക്സിക്യൂട്ടീവുകൾ: കള്ളക്കടത്ത് ശൃംഖലകളുമായി ചേർന്ന് കുടിയേറ്റക്കാരെ അനധികൃതമായി കടത്താൻ സഹായിച്ചതിന് ആറ് മെക്സിക്കൻ ഏവിയേഷൻ എക്സിക്യൂട്ടീവുകൾക്കും അവരുടെ കുടുംബങ്ങൾക്കും വിസ റദ്ദാക്കി യാത്രാനിയന്ത്രണം ഏർപ്പെടുത്തി. വിദേശവിദ്യാർത്ഥികളുടെ പരിശോധന ഒരു തുടർ പ്രക്രിയയായിരിക്കും. ഒറ്റത്തവണയുള്ള പശ്ചാത്തല പരിശോധനയായിരിക്കില്ല എന്നും ഭരണകൂടം ഊന്നിപ്പറയുന്നു.

## സിഎംഎയുടെ ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾ ഡിസം. 26–ന്

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഈ വർഷത്തെ ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾ ഡിസംബർ 26-ന് വെള്ളിയാഴ്ച വൈകിട്ട് 7 മണിക്ക് മോർട്ടൺഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. ക്രിസ്മസ് ഗാനാലാപനം, സ്കിറ്റുകൾ, നൃത്തം ഉൾപ്പെടെ നിരവധി കലാപരിപാടികളോടു കൂടി നടത്തപ്പെടുന്ന പരിപാടിയിൽ ചിക്കാഗോ സിഎസ്ഐ ക്രൈസ്റ്റ് ചർച്ച് വികാരി റവ. ജോ വർഗീസ് മലയിൽ ക്രിസ്മസ് സന്ദേശം നല്കും. ഈ ആഘോഷപരിപാടികളിലേക്ക് എല്ലാ മലയാളി സുഹൃത്തുക്കളെയും ക്ഷണിക്കുന്നതായി സംഘാടകർ അറിയിച്ചു.

**ബിജു മുണ്ടക്കൽ**

ഈ ആഘോഷപരിപാടികളുടെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി പ്രസിഡണ്ട് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡണ്ട് ലൂക്ക് ചിറയിൽ, ജോ. സെക്രട്ടറി സാറാ അനിൽ, ജോ. ട്രഷറർ പ്രിൻസ് ഈപ്പൻ, കോ-ഓർഡിനേറ്റർ വർഗീസ് തോമസ്, കോ കോ-ഓർഡിനേറ്റർമാരായ ഷൈനി ഹരിദാസ്, ബീനാ ജോർജ്, കാൽവിൻ കവലക്കൽ, മേഘ ചിറയിൽ എന്നിവർ അറിയിച്ചു.



ജോസ് മണക്കാട്ട്
പ്രസിഡണ്ട്



ബിജു മുണ്ടക്കൽ
സെക്രട്ടറി



അച്ചൻകുഞ്ഞ് മാത്യു
ട്രഷറർ



ലൂക്ക് ചിറയിൽ
വൈസ് പ്രസിഡണ്ട്



സാറാ അനിൽ
ജോ. സെക്രട്ടറി



പ്രിൻസ് ഈപ്പൻ
ജോ. ട്രഷറർ

## കെ. എച്ച്. എൻ. എ സൗത്ത് വെസ്റ്റ് – സതേൺ കാലിഫോർണിയ ആർവിപിയായി വിനോദ് ബാഹുലേയനെ നാമനിർദേശം ചെയ്തു

ലോസാഞ്ചലസ്: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ കേന്ദ്ര സംഘടനയായ കെഎച്ച്എൻഎ (KHNA)യുടെ സൗത്ത് വെസ്റ്റ് (സതേൺ കാലിഫോർണിയ) റീജിയണൽ വൈസ് പ്രസിഡണ്ടായി (RVP) സതേൺ കാലിഫോർണിയയിൽനിന്നുള്ള വിനോദ് ബാഹുലേയനെ നാമനിർദേശം ചെയ്തു.


ദീർഘകാലമായുള്ള സംഘടനാരംഗത്തെ അനുഭവസമ്പത്തും സാമൂഹിക സേവന രംഗത്തെ പ്രതിബദ്ധതയും കണക്കിലെടുത്താണ് സംഘടനയുടെ ഈ തീരുമാനം.

വിവിധ ഘട്ടങ്ങളിൽ കെഎച്ച്എൻഎയുടെ ജനറൽ സെക്രട്ടറി, വൈസ് പ്രസിഡണ്ട് എന്നീ പദവികളിൽ പ്രവർത്തിച്ച മികച്ച സംഘാടകനാണ് അദ്ദേഹം. നിലവിൽ ഓർഗനൈസേഷൻ ഓഫ് ഹിന്ദു മലയാളീസ് (OHM) ബോർഡ് അംഗമായും പ്രവർത്തിച്ചു വരുന്നു. സംഘടനയുടെ കീഴിൽ വർഷംതോറും നടക്കുന്ന നിരവധി പരിപാടികൾക്ക് അദ്ദേഹം നേതൃത്വം നൽകുന്നു.

കേരളത്തിലെ നിർധനരായ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായം നൽകുന്ന 'എഡ്യൂക്കേറ്റ് എ കിഡ്' (Educate A Kid) പദ്ധതിയുടെ ഇരുപതാം വാർഷികം അടുത്തിടെ വിപുലമായി ആഘോഷിക്കുന്നതിൽ അദ്ദേഹം മുഖ്യ പങ്കുവഹിച്ചു.

ചെന്നൈയിൽ ജനിച്ചുവളർന്ന വിനോദിന്റെ സ്വദേശം എറണാകുളമാണ്. ഇപ്പോൾ കുടുംബസമേതം ലോസാഞ്ചലസിലാണ് താമസം. ഭാര്യ വിജി. ന്യൂയോർക്കിലുള്ള വിവേക്, ലോസാഞ്ചലസിലുള്ള വിശാൽ എന്നിവർ മക്കളാണ്. ശ്രീനാരായണ ഗുരുദേവന്റെ 'മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ദർശനമാണ് തന്റെ സാമൂഹിക പ്രവർത്തനങ്ങൾക്ക് വഴികാട്ടിയായി അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്.

വിനോദ് ബാഹുലേയന്റെ നിയമനത്തെ കെഎച്ച്എൻഎ പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ സ്വാഗതം ചെയ്തു. അദ്ദേഹത്തിന്റെ അനുഭവസമ്പത്തും സേവനസന്നദ്ധതയും സംഘടനയുടെ മുന്നോട്ടുള്ള പ്രയാണത്തിന് കരുത്തു പകരുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.



ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡണ്ട് സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ട്രസ്റ്റീ ബോർഡ് എന്നിവരും വിനോദ് ബാഹുലേയന് ആശംസകൾ നേർന്നു.

# മിഷൻ ദേവാലയ നിർമ്മാണവുമായി അമേരിക്കയിലെ മിഷൻലീഗ്







ചിക്കാഗോ: ഇന്ത്യയിലെ ഷംഷാബാദ് രൂപതയിലെ ഒരു മിഷൻ പ്രദേശത്ത് പുതിയ ദേവാലയം നിർമ്മിക്കുന്ന പദ്ധതിയുമായി ചിക്കാഗോ രൂപതയിലെ ചെറുപുഷ്പ മിഷൻലീഗ്. ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. രൂപതയിലെ എല്ലാ സിഎംഎൽ യൂണിറ്റുകളിൽ നിന്നുമുള്ള കുട്ടികൾ സംഭാവനകളും പ്രാർത്ഥനയും മുഖേന ഈ പദ്ധതിയിൽ പങ്കാളികളാകും.

ഈ പദ്ധതിയുടെ ഫണ്ട് ശേഖരണത്തിന്റെ ഉദ്ഘാടനം ബിഷപ് ജോ

**സിജോയി പറപ്പള്ളിൽ**


യി ആലപ്പാട്ടും മിഷൻലീഗ് രൂപത നേതാക്കളും ചേർന്ന് നടത്തി.

ടെക്സാസ് സംസ്ഥാനത്തുള്ള പെർലാൻഡിലെ സെ. മേരീസ് സീറോമലബാർ കത്തോലിക്കാ പള്ളി, ഹൂസ്റ്റൺ സെ. ജോസഫ് സീറോമലബാർ കത്തോലിക്കാ ഫൊറോനാ പള്ളി, ഗാർലൻഡിലെ സെന്റ് തോമസ് സീറോമലബാർ കത്തോലിക്കാ ഫൊറോനാ പള്ളി എന്നിവിടങ്ങളിലെ സിഎംഎൽ യൂണിറ്റുകൾ ആദ്യസംഭാവനകൾ നല്കി.

ഫാ. ജോർജ് ദാനവേലിൽ (ഡയറക്ടർ), സിജോയി സിറിയക് പറപ്പള്ളിൽ (പ്രസിഡണ്ട്), ടിസൺ തോമസ് (ജനറൽ സെക്രട്ടറി), സിസ്റ്റർ ആഗ്നസ് മരിയ എം.എസ്എം.ഐ (ജോ. ഡയറക്ടർ) എന്നിവരുടെ നേതൃത്വത്തിലുള്ള സിഎംഎൽ രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഈ പദ്ധതി ഏകോപിപ്പിക്കുന്നത്.

## ഇന്ത്യയിലെ ക്രൈസ്തവ സമൂഹം സെമിനാർ സംഘടിപ്പിക്കുന്നു; മുഖ്യാതിഥി റവ.ഡോ. ജോൺസൺ തേക്കടയിൽ

**ജീമോൻ റാന്നി**




ഡാളസ്: ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തിന്റെ ഭൂതകാലം, വർത്തമാനകാലം, ഭാവി എന്നിവയെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുന്നു. ഡാളസ് സെന്റ് പോൾസ് മാർത്തോമ ദേവാലയത്തിൽ വെച്ച് (1002, Barnes Bridge Rd, Mesquite, TX 75150) നടക്കുന്ന സെമിനാർ ഡിസംബർ 18-ന് വ്യാഴാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിക്കും.

വിഷയം: Christianity in India: Past, Present and Future (ഇന്ത്യയിലെ ക്രൈസ്തവ സമൂഹം: ഭൂതകാലം, വർത്തമാനകാലം, ഭാവി)

റവ.ഡോ. ജോൺസൺ തേക്കടയിൽ (ബിഷപ്സ് കമ്മിസറി, ഇവാഞ്ചലിക്കൽ ചർച്ച്, മലബാർ, എഴുത്തുകാരൻ, അപ്പോളജിസ്റ്റ്) മുഖ്യാതിഥിയായി സെമിനാറിന് നേതൃത്വം നല്കും.

ക്രിസ്ത്യൻ അപ്പോളജെസ്റ്റിക്സ് ഡാളസ് (Christian Apologetics Dallas) സംഘടിപ്പിക്കുന്ന സെമിനാറിലേക്ക് ഏവരേയും സഹർഷം സ്വാഗതം ചെയ്യുന്നുവെന്ന് സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഷാജി രാമപുരം (972) 261-4221, പ്രശാന്ത് ഡി (619) 831-9921, തോമസ് ജോർജ് (469) 540-6983, പി.പി. ചെറിയാൻ (214) 450-4107.

## ടിസാക്കിന് 2026-ൽ ശക്തമായ നവനേതൃത്വം

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: സംഘാടക മികവുകൊണ്ടും ജനപങ്കാളിത്തം കൊണ്ടും ജനശ്രദ്ധയാകർഷിച്ച അന്താരാഷ്ട്ര വടംവലിയും വൈവിധ്യവും വ്യത്യസ്തവുമായ മത്സരങ്ങൾ കൊണ്ട് ശ്രദ്ധയാകർഷിച്ച മൈൻഡ് & മൂവ്സ് ടൂർണമെന്റും സംഘടിപ്പിച്ച് അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനകളുടെ നിരയിലേക്ക് ഉയർന്ന ടെക്സാസ് ഇന്റർനാഷണൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബിനെ (ടിസാക്) 2026-ൽ നയിക്കാൻ ശക്തമായ നേതൃനിരയെ തെരഞ്ഞെടുത്തു. സ്റ്റാഫോഡിലെ ടിസാക് കോർപ്പറേറ്റ് ഓഫീസ് ഹാളിൽ ഒക്ടോബർ 25-ന് നടന്ന പൊതുയോഗത്തിലാണ് തെരഞ്ഞെടുപ്പു നടന്നത്.

2026-ലെ ബോർഡ് ഓഫ് ഡയറക്ടേഴ്സ്: പ്രസിഡണ്ട്-ഡാനി രാജു, വൈസ് പ്രസിഡണ്ട്-മാത്യു ചിറപ്പുറത്ത്, സെക്രട്ടറി-മാത്യൂസ് കറുകകളം, ട്രഷറർ-റിമൽ തോമസ്, ജോ. സെക്രട്ടറി-പ്രിൻസ് പോൾ, ജോ. ട്രഷറർ-ജോസഫ് കൈതമറ്റത്തിൽ, പിആർഒ-സിബു ടോം, സോഷ്യൽ മീഡിയ കോ-ഓർഡിനേറ്റർ-ഫിലിപ്പ് ചോരത്ത്, അഡ്വൈസറി ബോർഡ് അംഗങ്ങൾ: ജോയ് തയ്യിൽ, വിജയൻ നെടുംചേരിയിൽ, എബി തത്തംകുളം, മീറ്റിംഗ് കോ-ഓർഡിനേറ്റർമാർ-തോമസ് കണ്ടാരപ്പള്ളിൽ, റെനി ഇണ്ടിക്കുഴിയിൽ, വടംവലി കോ-ഓർഡിനേറ്റർമാർ: ചാക്കോച്ചൻ മേടയിൽ, ജൂബിൻ കുളങ്ങര, പ്രെബിറ്റ് വെല്ലിയൻ.

എല്ലാ പ്രായത്തിലുള്ളവർക്കും പഠിക്കാനും കളിക്കാനും തിളങ്ങാനുമുള്ള വിവിധ അവസരങ്ങളാണ് ടിസാക് ഒരുക്കിക്കൊണ്ടിരിക്കുന്നതെന്ന് ഭാരവാഹികൾ പറഞ്ഞു.



# മേരിക്കുട്ടി ജോൺ ഇലക്കാട്ട് ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ മുൻ പ്രസിഡണ്ടും ചിക്കാഗോ സാഹിത്യവേദിയുടെ കോ–ഓർഡിനേറ്ററുമായ ഇലക്കാട്ട് ജോൺ സാറിന്റെ ഭാര്യ മേരിക്കുട്ടി ജോൺ ഇലക്കാട്ട് (84) ചിക്കാഗോയിൽ അന്തരിച്ചു. പരേത പേരൂർ തണ്ടാശ്ശേരിൽ കുടുംബാംഗമാണ്.

സംസ്കാര ചടങ്ങുകൾ ഡിസംബർ 12, 13 (വെള്ളി, ശനി) തീയതികളിൽ ബെൻസൻവിൽ (ചിക്കാഗോ) സേക്രഡ് ഹാർട്ട് ക്നാനായ കാത്തലിക് ഫൊറോനാ പള്ളിയിൽ നടത്തപ്പെട്ടു. ഹിൽസൈഡിലുള്ള ക്യൂൻ ഓഫ് ഹെവൻ കാത്തലിക് സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.


മക്കൾ: സജു & ജെൻസി (വർഗീസ്) (ചിക്കാഗോ), ഷിജു & സ്വീറ്റി (പെരേര) (ചിക്കാഗോ), ഷീന & ജിൻസ് (പുത്തൻപുരയിൽ, ചിക്കാഗോ).

മാതാപിതാക്കൾ: പേരൂർ തണ്ടാശ്ശേരിൽ പരേതരായ ചാണ്ടി കുര്യനും അന്നമ്മയും.

കൊച്ചുമക്കൾ: അനീസ ഇലക്കാട്ട്, ജോസ്‌ലിൻ ഇലക്കാട്ട്, ആനിയ ഇലക്കാട്ട്, നെയ്ത്തൻ ഇലക്കാട്ട്, ജെയ്ഡൻ പുത്തൻപുരയിൽ, ജോണത്തൻ ഇലക്കാട്ട്, ജോവ പുത്തൻപുരയിൽ, സിയോണ പുത്തൻപുരയിൽ, ഷോൺ പുത്തൻപുരയിൽ, ജെയ്‌ല പുത്തൻപുരയിൽ, സറായി പുത്തൻപുരയിൽ, ജോസഫ് പുത്തൻപുരയിൽ.

സഹോദരങ്ങൾ: പരേതനായ അലക്സാണ്ടർ തണ്ടാശ്ശേരിൽ, പരേതനായ ലൂക്കോസ് തണ്ടാശ്ശേരിൽ, മോളി ചാലുങ്കൽ (ചിക്കാഗോ), ബാബു തണ്ടാശ്ശേരിൽ (ഫ്ളോറിഡ), ലൂസി മറ്റത്തിപറമ്പിൽ (ഫ്ളോറിഡ), ജെസി വെട്ടുപാറപ്പുറത്ത് (ഫ്ളോറിഡ), ഷിബു തണ്ടാശ്ശേരിൽ (മുൻകെസിസിസിഎഫ് പ്രസിഡണ്ട്, ഫ്ളോറിഡ).

# സി.എം. മാണി ചാലിക്കോട്ടയിലിന്റെ സംസ്കാരം ഡിസംബർ 16–ന് ചൊവ്വാഴ്ച കേരളത്തിൽ



ചിക്കാഗോ: ചിക്കാഗോയിൽ നിന്നും നാട്ടിലേക്കുള്ള യാത്രാമദ്ധ്യേ ഖത്തർ എയർവേയ്സിൽ വെച്ച് അന്ത്യം സംഭവിച്ച പേരൂർ ചാലിക്കോട്ടയിൽ സി.എം. മാണി (82) യുടെ സംസ്കാരം ഡിസംബർ 16–ാം തീയതി ചൊവ്വാഴ്ച കേരളത്തിൽ വെച്ച് നടത്തപ്പെടും. കോട്ടയം ജില്ലയിൽ പേരൂരുള്ള ചാലിക്കോട്ടയിൽ ഭവനത്തിൽ ഡിസംബർ 16–ന് ചൊവ്വാഴ്ച രാവിലെ 7.30–ന് മൃതദേഹം കൊണ്ടുവരും. ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭവനത്തിൽ മൃതസംസ്കാര ശുശ്രൂഷകൾ ആരംഭിക്കുന്നതും തുടർന്ന് ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് കാത്തലിക് പള്ളിയിൽ സംസ്കാരം നടത്തപ്പെടുന്നതുമാണ്.

ഭാര്യ: ലീലാമ്മ പേരൂർ കണ്ണോത്ര കുടുംബാംഗമാണ്.

മക്കൾ: ബിനിമോൾ മാണി, ബിജി സി. മാണി, ബിജു സി. മാണി, ബിജോ സി. മാണി (എല്ലാവരും ചിക്കാഗോയിൽ).

മരുമക്കൾ: നിഷ മാണി, മാരിഷ മാണി,
പരേതയായ ജിഷ മാണി.

# ഫൊക്കാനയ്ക്ക് വനിതാ ടീം, ലീലാ മാരേട്ടിന്റെ നേതൃത്വത്തിൽ പ്രൊഫഷണൽ നേതൃത്വം



ഫൊക്കാനയുടെ കരുത്തുറ്റ സംഘാടകയും സീനിയർ നേതാവുമായ ലീലാ മാരേട്ടിന്റെ നേതൃത്വത്തിൽ 2026–28 കാലയളവിൽ ഫൊക്കാനയ്ക്ക് ശക്തമായ പ്രൊഫഷണൽ നേതൃത്വത്തിന് കളമൊരുക്കാൻ ഒരു മികച്ച ടീം മത്സരിക്കുന്നു. ഒട്ടനേകം നേതാക്കളുടെയും വിവിധ അംഗസംഘടനകളുടെയും പിന്തുണയോടെയാണ് ലീലാ മാരേട്ട് തന്റെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്. നേതാക്കളുടെയും അണികളുടെയും നിർബന്ധപൂർവ്വമായ ആവശ്യപ്പെടലിനെ തുടർന്ന് മത്സര രംഗത്തേക്ക് വന്ന അവർ ഒരു മികച്ച ടീമിനെ അണിനിരത്തുമ്പോൾ ഒരു പറ്റം പ്രൊഫഷണൽ വനിതകളും ലീലാമാരേട്ടിനൊപ്പം ചേരുന്നു.

## ലീലാ മാരേട്ട്

ഫൊക്കാനയുടെ കമ്മിറ്റി മെമ്പർ, റീജിയണൽ പ്രസിഡണ്ട്, ട്രഷറർ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, ബോർഡ് ഓഫ് ട്രസ്റ്റ് മെമ്പർ, ഇലക്ഷൻ കമ്മിറ്റി മെമ്പർ, വിമൻസ് ഫോറം ദേശീയ കോ–ഓർഡിനേറ്റർ എന്നീ നിലകളിലെ ലീലാ മാരേട്ടിന്റെ നിസ്വാർത്ഥ സേവനം, സംഘടനയ്ക്ക് അകത്തും പുറത്തുമുള്ള ജനസമൂഹങ്ങൾക്കിടയിൽ സ്നേഹത്തിന്റെയും കരുണയുടെയും കെടാവെളിച്ചമായി അറിയപ്പെടുന്ന വനിതാ നേതാവാക്കി മാറ്റി. അവരുടെ അത്രയും പാരമ്പര്യം അവകാശപ്പെടുന്ന നേതാക്കൾ സംഘടനയിൽ ചുരുക്കം തന്നെ എന്ന് പറയാം. വർഷങ്ങൾക്കു മുമ്പ് പ്രസിഡന്റ് സ്ഥാനം അലങ്കരിക്കാനുള്ള അവസരം തള്ളിക്കളഞ്ഞെങ്കിലും ഇന്ന് സംഘടനയുടെ വിവിധ സ്ഥാനങ്ങളിലെ ഉത്തരവാദിത്തങ്ങളിലൂടെ ആർജിച്ചെടുത്ത അനുഭവജ്ഞാനം എന്തുകൊണ്ടും ലീലാ മാരേട്ടിനെ പ്രസിഡന്റ് സ്ഥാനത്തേക്ക് അർഹയാക്കുന്നു.

1981–ൽ അമേരിക്കയിൽ എത്തിയ ലീലാ മാരേട്ട് തന്റെ പ്രവർത്തനങ്ങൾ കൊണ്ട് അമേരിക്കൻ മലയാളികളുടെ മനസ്സിൽ വളരെ പെട്ടെന്ന് തന്നെ സ്ഥാനം പിടിച്ച വ്യക്തിയാണ്. 2004–ൽ വാശിയേറിയ ഇലക്ഷനിലൂടെ ഫൊക്കാന നാഷണൽ കമ്മിറ്റി മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. 2006–ൽ തമ്പി ചാക്കോ പാനലിൽ ന്യൂയോർക്ക് റീജണൽ പ്രസിഡണ്ടായി. വനിതകൾക്കും കേരള സമാജം പ്രസിഡണ്ട്, ട്രസ്റ്റ് ബോർഡ് ചെയർ, വിമൻസ് ഓർഗനൈസേഷൻ കമ്മിറ്റി കോ–ചെയർ അങ്ങനെ അങ്ങനെ ഒട്ടനേകം മേഖലകളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച ലീലാ മാരേട്ട് ഇത്തവണ പൂർണ്ണമായും വിജയപ്രതീക്ഷയിലാണ്.

## രേവതി പിള്ള



ലീലാ മാരേട്ട് നേതൃത്വം നൽകുന്ന പാനലിൽ മറ്റൊരു പെൺതിളക്കം കൂടി മത്സരിക്കാൻ എത്തുന്നു. വ്യവസായ യുവ സംരംഭക രേവതി പിള്ള! ഫൊക്കാനയുടെ 2026 – 28 ഭരണസമിതിയിലെ ട്രഷറർ സ്ഥാനാർത്ഥിയായാണ് രേവതി പിള്ള  മത്സരിക്കുന്നത്. ഇപ്പോൾ വിമൻസ് ഫോറം ചെയർ പേഴ്സൺ ആയി സേവനമനുഷ്ഠിക്കുന്ന രേവതി പിള്ള ഫൊക്കാനയുടെ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ ചിട്ടയായും ഭംഗിയിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കേരളാ കൺവൻഷനിലെ വിമൻസ് ഫോറം പ്രോഗ്രാം അത്രമേൽ മെച്ചമായി സംഘടിപ്പിക്കപ്പെട്ടത് ഏറെ ചർച്ച ചെയ്തിരുന്നു. ഐടി മേഖലയിലെ ഒരു കമ്പനിയുടെ സീനിയർ വൈസ് പ്രസിഡണ്ടായും അഡ്മിനിസ്ട്രേറ്റർ, പ്രാസംഗിക, അവതാരക, മത സാംസ്കാരിക പ്രവർത്തക, സംഘടനാ പ്രവർത്തക. തുടങ്ങി ഒട്ടനേകം മേഖലകളിൽ കയ്യൊപ്പ് പതിപ്പിച്ച രേവതി പിള്ള ഫൊക്കാനയുടെ സംഘടനയുടെ നാഷണൽ കമ്മിറ്റി അംഗമായും റീജിയണൽ പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ട്. 'വിഷൻ എയ്ഡ്' എന്ന ചാരിറ്റി ഓർഗനൈസേഷന്റെ ബോർഡ് മെമ്പർ കൂടിയാണ്.

ബോസ്റ്റൺ ഏരിയയിലും ടെക് മേഖലകളിലും അറിയപ്പെടുന്ന രേവതി പിള്ള ഫൊക്കാനയുടെ എത്തിക് കമ്മിറ്റി മെമ്പർ ആയിരിക്കെ സെക്ഷ്വൽ ഹറാസ്മെന്റ് പോളിസി എഴുതി തയ്യാറാക്കുകയുണ്ടായി. കേരള അസോസിയേഷൻ ഓഫ് ന്യൂ ഇംഗ്ലണ്ടിന്റെ മുൻ സെക്രട്ടറിയായിരുന്നു. ന്യൂയോർക്കിൽ ലോക കേരളസഭ സമ്മേളനത്തിൽ ഇൻഡസ്ട്രി ആൻഡ് ടെക്നോളജി ലീഡർ എന്ന വിഭാഗത്തിലെ കേരള ഗവൺമെന്റിന്റെ നേരിട്ടുള്ള ക്ഷണത്തിൽ പങ്കെടുക്കുകയും, ബിസിനസ് സംരംഭത്തെപറ്റിയും ലീഡർഷിപ്പിനെപ്പറ്റിയും സദസ്സിനു മുന്നിൽ വിശദമായി ദൃഢ വിശ്വാസത്തോടെ സംസാരിക്കാൻ കഴിഞ്ഞത് വലിയ നേട്ടങ്ങളിൽ ഒന്നാണ്. 2026 – 28 കാലയളവിൽ ഫൊക്കാനയുടെ ട്രഷറർ സ്ഥാനാർത്ഥിയായി മത്സരിക്കുമ്പോൾ വലിയ പ്രതീക്ഷയാണ് ഉള്ളത്. വിമൻസ് ഫോറം ചെയറിൽ നിന്ന് ഫൊക്കാനയുടെ താക്കോൽ സ്ഥാനമായ ട്രഷററിലേക്കുള്ള ദൂരം തന്റെ കഴിവുകൊണ്ട് മറികടക്കുവാൻ രേവതി പിള്ളയ്ക്ക് സാധിക്കും. മറിയാമ്മ പിള്ളയുടെ പിൻഗാമിയായി വീണ്ടും ഫൊക്കാനയ്ക്ക് ഒരു ട്രഷറർ ഉണ്ടാവേണ്ടത് അനിവാര്യം തന്നെയാണ്.

## സരൂപ അനിൽ



ലീല മാരേട്ട് നേതൃത്വം നൽകുന്ന ടീമിന്റെ ഭാഗമായി ഫൊക്കാന വിമൻസ് ഫോറം ചെയർ പേഴ്സൺ ആയി മത്സരിക്കുകയാണ് സരൂപ അനിൽ. വാഷിംഗ്ടൺ ഡിസിയിലെ സാമൂഹിക പ്രവർത്തകയായും, മാധ്യമപ്രവർത്തകയായും കലാകാരിയായും പൊതുജനങ്ങൾക്കിടയിലെയും വേദികളിലെയും നിറസാന്നിധ്യമായ സരൂപ ഫൊക്കാനയുടെ വിമൻസ് ഫോറം കോ–ചെയറായി മുൻപ് സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രാസംഗിക, ടിവി അവതാരിക, പ്രോഗ്രാം അവതാരിക, മോഹിനിയാട്ടം നർത്തകി, സാംസ്കാരിക പ്രവർത്തക, ഐടി പ്രൊഫഷണൽ.... അങ്ങനെ അങ്ങനെ നിരവധി മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ് സരൂപ. നൃത്ത ചുവടുകളുടെ ഒഴുക്കിൽ പ്രേക്ഷക ഹൃദയം കീഴടക്കുമ്പോൾ, മത സാംസ്കാരിക സംഘടനാ പ്രവർത്തനങ്ങളിലൂടെ പൊതുസമൂഹത്തിന്റെ കണ്ണിലുണ്ണിയായി മാറാൻ സരൂപയ്ക്ക് കഴിഞ്ഞു.

കേരള കൗൺസിൽ സൊസൈറ്റി ഓഫ് മെട്രോപൊളിറ്റൻ വാഷിംഗ്ടണിലൂടെ ഫൊക്കാനയുടെ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന സരൂപ അനിൽ, ഫൊക്കാനയുടെ കൺവൻഷനുകളുടെ കലാസാംസ്കാരിക വേദികളിലും നിറഞ്ഞുനിന്ന നക്ഷത്രത്തിളക്കമാണ്. സ്വരൂപ അനിലിന്റെ ഊർജ്ജസ്വലമായ പ്രവർത്തനപരതയും മോഹിനിയാട്ടത്തിന്റെ ഒഴുക്കൻ ചുവടുകൾ പോലുള്ള സഹൃദയമായ സ്വഭാവവും സംഘടനയുടെ വളർച്ചയ്ക്കും ടീം എംപവറിനും വലിയ മുതൽക്കൂട്ടാകുമെന്ന് ഈ സംശയം നമുക്ക് പറയാം.

## ഡോ. ബ്രിജിറ്റ് ജോർജ്



ചിക്കാഗോയിൽ നിന്നുള്ള പ്രമുഖ വനിതാ സംഘടനാ നേതാവ് ബ്രീജിറ്റ് ജോർജ്, ലീലാ മാരേട്ട് പാനലിൽ 2026 – 28 ഭരണസമിതിയിൽ അസോസിയേറ്റ് സെക്രട്ടറി ആയാണ് ബ്രിജിറ്റ് മത്സരിക്കുന്നത്. 2022 – 24 കാലയളവിൽ ഫൊക്കാനാ വിമൻസ് ഫോറത്തിന്റെ ചെയർ പേഴ്സണായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മികച്ച പ്രാസംഗിക, ടിവി അവതാരക, പ്രോഗ്രാം അവതാരക, മികച്ച സംഘടനാ പ്രവർത്തക, ഗായിക, മത– സാംസ്കാരിക പ്രവർത്തക, ആതുര സേവന സംഘടനാ പ്രവർത്തക തുടങ്ങി നിലകളിൽ മിന്നിത്തിളങ്ങിയ പ്രതിഭാശാലിയായ വ്യക്തിയാണ് ബ്രിജിറ്റ് ജോർജ്. ചിക്കാഗോ മലയാളി അസോസിയേഷന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്ന വനിതാ നേതാവായ ഡോ. ബ്രിജിറ്റ് അസോസിയേഷൻ ബോർഡ് മെമ്പർ, വിമൻസ് ഫോറം കോർഡിനേറ്റർ, യൂത്ത് ഫെസ്റ്റിവൽ കോർഡിനേറ്റർ എന്നീ തലങ്ങളിലും പ്രവർത്തനം അനുഷ്ഠിച്ചു. ഫൊക്കാനാ ഓർലാൻഡോ കൺവൻഷൻ കൾച്ചറൽ കോഡിനേറ്റർ മലയാളി മങ്ക കോർഡിനേറ്റർ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. 2012–ൽ ഹ്യൂസ്റ്റണിൽ വച്ച് നടന്ന ഫൊക്കാനാ കൺവൻഷനിൽ മലയാളി മങ്കയായി തെരഞ്ഞെടുക്കപ്പെട്ടു. ഫൊക്കാന വിമൻസ് ഫോറം ചെയർപേഴ്സണായി പ്രവർത്തിക്കുന്ന സമയത്ത് നടത്തിയ എല്ലാ പരിപാടികളും അമേരിക്കൻ മലയാളികളുടെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

## ഫാൻസി മോൾ പള്ളാത്തുമഠം



ടെക്സസ്സിൽ നിന്നുള്ള ഫാൻസിമോൾ പള്ളാത്തുമഠമാണ് ലീലാ മാരേട്ട് നയിക്കുന്ന പാനലിലെ മറ്റൊരു മത്സരാർത്ഥി. ഫൊക്കാനയുടെ 2026 – 28 കാലയളവിലെ അസോസിയേറ്റ് ട്രഷറർ സ്ഥാനത്തേക്കാണ് ഫാൻസി മോൾ പള്ളാത്തു മഠം മത്സരിക്കുന്നത്. ഇപ്പോൾ ടെക്സസ് റീജിയന്റെ പ്രസിഡണ്ടായി സേവനമനുഷ്ഠിക്കുന്ന ഫാൻസി മോൾ സാമൂഹ്യ പ്രവർത്തന രംഗത്തെ ഉജ്ജ്വലമായ വ്യക്തിത്വമാണ്. കൂടാതെ സംരംഭകയായും ആരോഗ്യ പരിപാലകയായും വ്യക്തിമുദ്ര പതിപ്പിക്കാൻ അവസരം ലഭിച്ചു. ഒരു മികച്ച റീജണൽ ഉദ്ഘാടനം നടത്തുകയും ജനശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്തത് ഫാൻസി മോൾ ഫൊക്കാനയ്ക്ക് നൽകിയ വലിയ സംഭാവന തന്നെയാണ്. കേരളത്തിലും ഇന്ത്യയിലും ഉള്ള അശരണരായ ജനങ്ങൾക്ക് സാമ്പത്തികമായും മാനസികമായുള്ള സഹായ പ്രവർത്തനങ്ങൾ നടത്തി തന്റെ സേവനങ്ങളെ ആരാധിക്കുകയും നെഞ്ചോട് ചേർക്കുകയും ചെയ്ത ജീവകാരുണ്യ പ്രവർത്തകയാണ് ഫാൻസി മോൾ പള്ളാത്തുമഠം.

പൂനെ എഎഫ്എംസിയിൽ നിന്നും ബിഎസ്എൻ ബിരുദം കരസ്ഥമാക്കിയശേഷം എംബിഎയും എടുത്ത് ഹെൽത്ത് കെയർ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചു. പിന്നീട് അമേരിക്കയിൽ എത്തിയശേഷം ഹെൽത്ത് കെയർ അഡ്മിനിസ്ട്രേഷന്റെ രംഗത്തേക്ക് ഇറങ്ങി ചെല്ലുകയും പ്രവർത്തന മേഖല വിപുലീകരിക്കുകയും ചെയ്തു. മൂന്ന് വ്യത്യസ്തങ്ങളായ ലബോറട്ടറികളുടെ സ്ഥാപകയും സിഇഒയുമായി പ്രവർത്തിക്കുന്ന അവർ ഹെൽത്ത് കെയർ കമ്പനികൾക്കും ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്കുമായി കൺസൾട്ടിംഗ് സ്ഥാപനങ്ങളും തുറന്നു പ്രവർത്തിച്ചു. ഇത്തരത്തിൽ സാമൂഹിക സാംസ്കാരിക സംഘടനാരംഗത്ത് നിറസാന്നിധ്യമായി പ്രവർത്തിക്കുന്ന ഫാൻസിമോൾ പള്ളാത്തുമഠത്തിന്റെ കടന്നുവരവ് ഫൊക്കാനയ്ക്ക് ഏറെ ഗുണം നൽകും.

കരുത്തുറ്റ മനസ്സും ദൃഢനിശ്ചയവുമുള്ള വനിതാരത്നങ്ങൾ ഫൊക്കാനയുടെ തലപ്പത്ത് വരുമ്പോൾ സംഘടനയുടെ മാറ്റുകൂട്ടുന്നതിനോടൊപ്പം വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും എന്നതും നമുക്ക് ഉറപ്പിക്കാം. ഈ വനിതാ നേതാക്കളുടെ മുന്നേറ്റത്തിലൂടെ ഫൊക്കാന മാറ്റങ്ങൾക്ക് വിധേയമാകട്ടെ. ആശംസകൾ

**അനിൽ പെണ്ണുക്കര**

# ഉറുമ്പുകളെ 'കബളിപ്പിക്കുന്ന' പ്രകൃതിയുടെ തന്ത്രം, ഒരു എട്ടുവയസ്സുകാരൻ ശാസ്ത്രലോകത്തെ ഞെട്ടിച്ച കഥ





സുരേഷ്കുട്ടി

നമ്മുടെ കണ്മുന്നിൽ നടക്കുന്ന പല പ്രകൃതി പ്രതിഭാസങ്ങളും നാം ശ്രദ്ധിക്കാതെ പോകാറുണ്ട്. എന്നാൽ, 2019-ൽ ഹ്യൂഗോ ഡീൻസ് എന്ന എട്ടുവയസ്സുകാരൻ തന്റെ വീട്ടുമുറ്റത്ത് കണ്ട ഒരു ചെറിയ കാഴ്ച, നൂറ്റാണ്ടുകളായി ശാസ്ത്രജ്ഞർ വിശ്വസിച്ചിരുന്ന ഒരു ധാരണയെത്തന്നെ തിരുത്തിക്കുറിച്ചു.

**എന്താണ് സംഭവം?**

കാട്ടിലെ ഉറുമ്പുകൾ ചില വിത്തുകൾ തങ്ങളുടെ കൂട്ടിലേക്ക് ചുമന്നുകൊണ്ട് പോകുന്നത് സാധാരണമാണ്. വിത്തുകളിലെ 'ഇലയോസോം' എന്ന കൊഴുപ്പടങ്ങിയ ഭാഗം ഭക്ഷിക്കാനാണ് അവർ ഇത് ചെയ്യുന്നത്. ഇതിനെ 'മിർമെക്കോകോറി' (Myrmecochory) എന്ന് വിളിക്കുന്നു. എന്നാൽ, ഹ്യൂഗോ കണ്ടെത്തിയത് വിത്തുകളെയല്ല, മറിച്ച് ഓക്ക് മരങ്ങളിൽ സിനിപിഡ് വാസ്പ് (Cynipid wasp) എന്നയിനം കടന്നലുകൾ ഉണ്ടാക്കുന്ന മുഴകളെ (Galls) ഉറുമ്പുകൾ ചുമക്കുന്നതാണ്.

ഗവേഷകർ നടത്തിയ പഠനത്തിൽ ഒരു വലിയ രഹസ്യമാണ് പുറത്തുവന്നത്. ഈ ഗാളുകളിൽ 'കപ്പെല്ലോ' (Kapello) എന്ന് വിളിക്കുന്ന ഒരു തൊപ്പിയുണ്ട്. ഇതിന് വിത്തുകളിലെ ഇലയോസോമിന് സമാനമായ രാസഘടനയാണുള്ളത് (പ്രധാനമായും ഒലിയിക് ആസിഡ് ഉൾപ്പെടെയുള്ള ഫാറ്റി ആസിഡുകൾ).

ഉറുമ്പുകൾ ഇത് വിത്താണെന്ന് തെറ്റിദ്ധരിക്കുന്നു. അവർ ഈ ഗാളുകളെ ചുമന്ന് തങ്ങളുടെ സുരക്ഷിതമായ കൂട്ടിലെത്തിക്കുന്നു. അവിടെ വെച്ച് 'കപ്പെല്ലോ' മാത്രം തിന്ന ശേഷം ഗാൾ ഉപേക്ഷിക്കുന്നു. ഇതുകൊണ്ട് കടന്നലിന് എന്ത് ഗുണം?

ഗാളുകൾക്കുള്ളിൽ വളരുന്ന ലാർവകൾക്ക് പക്ഷികളിൽ നിന്നും മറ്റ് ശത്രുക്കളിൽ നിന്നും ഉറുമ്പിൻ കൂട്ടിൽ സുരക്ഷ ലഭിക്കുന്നു.

ഉറുമ്പുകളെ സൗജന്യ ബോഡിഗാർഡുകളാക്കി മാറ്റുന്ന 'കൺവെർജന്റ് എവല്യൂഷൻ' (Convergent Evolution) എന്ന തന്ത്രമാണിത്.

വിത്തുകളിൽ ഇലയോസം ഉണ്ടാക്കുന്ന അതേ തന്ത്രം ഒരു കടന്നൽ അത് വളരുന്ന ഇലകളിലെ ഗാളുകളിൽ ജീനുകളെ കൊണ്ട് ചെയ്യിക്കുന്നു എന്നത് പരിണാമത്തിലെ നിഗൂഢ വഴികൾ എത്രത്തോളം സങ്കീർണമാണ് എന്നതിന്റെ മറ്റൊരു ഉദാഹരണമാണ്.

**അവലംബം**

Ralls, E. (2025). Young boy's discovery in his backyard literally changed science forever. Earth dot com. Warren, R. J., Guiguet, A., Mokadam, C., Tooker, J. F., & Deans, A. R. (2022). Oak Galls Exhibit Ant Dispersal Convergent with Myrmecochorous Seeds. The American Naturalist, 200(2), 218-231.






**Figure 1:** Evolutionary convergence in interactions between *Kokkocynips rileyi* and *K. decidua* galls and ants and myrmechorous seeds. The galls of *K. rileyi* (*A*) and *K. decidua* (*B*) grow on midveins of *Quercus rubra* leaves (gall; g) and are topped by an ant-attracting tissue (we



# തോറ്റുപോയത് ഒരു അതിജീവിത മാത്രമല്ല



ഷിബു ഗോപാലകൃഷ്ണൻ

ഒരു വിധിയിൽ തോറ്റുപോയത് ഒരു അതിജീവിത മാത്രമല്ല, ഇങ്ങനെയൊരു വഴി തെരഞ്ഞെടുക്കാൻ തീരുമാനിക്കുന്ന എത്രയെത്ര അതിജീവിതമാരാണ് ഒരുമിച്ചു തോറ്റുപോയത്.

ഒരു അതിജീവിതയും പോരാട്ടത്തിനു ഇറങ്ങുന്നത് കൈയിൽ ആവശ്യത്തിൽ കൂടുതൽ ആത്മവിശ്വാസമോ ആരോഗ്യമോ ആയുസ്സോ ആൾബലമോ ഉണ്ടായിട്ടല്ല. അതീവ ദുർബലമെങ്കിലും ശേഷിക്കുന്ന കരുത്തുകൊണ്ട് അവർ അവരെ പെറുക്കികൂട്ടി എഴുന്നേൽപ്പിച്ചു നിർത്തുന്നതാണ്. ആ പോരാട്ടത്തിൽ അവർ തിരഞ്ഞെടുക്കുന്നത് ഒരു വിചാരണയല്ല, ഒരായിരം വിചാരണകളാണ്. ഒരു തോൽവിയല്ല, ഒരായിരം തോൽവികളാണ്.

ആരൊക്കെ അവിശ്വസിച്ചാലും അവഗണിച്ചാലും അവമതിച്ചാലും അവർ എന്ന സത്യത്തെ കാണാനും കേൾക്കാനും കണ്ണുകെട്ടാതെ കാതുകെട്ടാതെ ആരൊക്കെയോ കാത്തിരിക്കുന്നുണ്ട് എന്നൊരു പ്രതീക്ഷയുടെ ചൂട്ടുവെളിച്ചത്തിലാണ് അവർ അവരെ നടത്തുന്നത്.

വീണുപോകുമ്പോഴും അവർ അവരെ എഴുന്നേൽപ്പിച്ചു നിർത്തുന്നത്. ചതഞ്ഞരഞ്ഞു കിടക്കുമ്പോഴും ഒരു ഞരക്കത്തോടെ അവർ കണ്ണുതുറന്നു നോക്കുന്നത് ആ ചൂട്ടുവെളിച്ചത്തെയാണ്. അങ്ങനെ ഒരു വെളിച്ചം കെട്ടുപോവുകയും ചുറ്റിലും ഇരുട്ട് പെയ്യുകയും ചെയ്യുമ്പോൾ അവർ ഒരിക്കൽ കൂടി നിസഹായതയുടെ പടുകുഴികളിൽ വീണുപോകുന്നു. എഴുന്നേറ്റുനിൽക്കാൻ യാതൊന്നും ശേഷിക്കാത്തവിധം പൊട്ടിപ്പൊളിഞ്ഞു പോകുന്നു.

തോറ്റുപോയത് ഒരു അതിജീവിത മാത്രമല്ല, ഇങ്ങനെ ഒരു വഴി തിരഞ്ഞെടുക്കാൻ തീരുമാനിക്കുന്ന എത്രയോ അതിജീവിതമാരാണ്, അവരുടെ ആത്മവിശ്വാസമാണ്.

# ഫീനിക്സ് ഹോളി ഫാമിലി ഇടവകയിൽ സീറോമലബാർ കൺവൻഷൻ കിക്കോഫ്



ഫീനിക്സ്: രജതജൂബിലി ആഘോഷിക്കുന്ന ചിക്കാഗോ സീറോമലബാർ രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന കൺവൻഷന്റെ ഇടവകതല കിക്കോഫ് അ

**ഷോളി കുമ്പിളുവേലി**

രിസോണയിലെ ഫീനിക്സ് ഹോളി ഫാമിലി ദേവാലയത്തിൽ പ്രൊക്കുറേറ്റർ റവ.ഫാ. കുര്യൻ നെടുവേലിചാലുങ്കലിന്റെ നേതൃത്വത്തിൽ ഡിസംബർ 7-ന് ഞായറാഴ്ച ആഘോഷമായി നടന്നു.







കൺവൻഷനിലേക്ക് ഇടവകയിലെ എല്ലാ വിശ്വാസികളെയും ക്ഷണിക്കുന്നതിനായി എത്തിച്ചേർന്ന റവ. ഫാ. കുര്യൻ നെടുവേലിചാലുങ്കലിനേയും കൺവൻഷൻ ചെയർമാൻ ബിജു സി. മാണിയെയും കൺവൻഷൻ സെക്രട്ടറി ബീന വള്ളിക്കളത്തിലിനേയും ഇടവക വികാരി റവ. ഫാ. ഡെൽസ് അലക്സിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന ചടങ്ങിൽ റവ.ഫാ. കുര്യൻ നെടുവേലി ചാലുങ്കൽ വിശ്വാസികളിൽ നിന്നും രജിസ്ട്രേഷനുകൾ ഏറ്റുവാങ്ങി. നിരവധിപേർ കൺവൻഷനിൽ പങ്കെടുക്കുന്നതിൽ താല്പര്യം പ്രകടിപ്പിച്ചു. വളരെ മികച്ച പ്രതികരണമാണ് ഇടവകയിൽ നിന്നും കൺവൻഷൻ കിക്കോഫിനു ലഭിച്ചത്.

മഹത്തായ അല്മായ സാംസ്കാരിക പൈതൃക സംഗമത്തിൽ പങ്കെടുക്കാൻ എല്ലാ വിശ്വാസികളെയും റവ. ഫാ. കുര്യൻ നെടുവേലി ചാലുങ്കൽ ആഹ്വാനം ചെയ്തു. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും രൂപത ആഘോഷിക്കുന്നു.

കൺവൻഷൻ ജൂബിലി കമ്മിറ്റി ചെയർമാൻ ബിജി സി. മാണി കൺവൻഷനെപ്പറ്റി വിശദമായി പ്രതിപാദിച്ചു. 2026 ജൂലൈ മാസം നടക്കുന്ന സീറോമലബാർ കൺവൻഷൻ രൂപതയുടെ ചരിത്രത്തിൽ തന്നെ സ്ഥാനം പിടിക്കുന്ന തരത്തിൽ വിജയകരമാക്കി



ത്തീർക്കുവാൻ വിപുലമായ കമ്മിറ്റി പ്രവർത്തിച്ചുവരുന്നതായി അദ്ദേഹം അറിയിച്ചു. ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ഹോട്ടലിൽ ബുക്കിങ് നിരക്കിൽ ഇളവ് ലഭിക്കുന്നതാണ്. ഈ ഇളവ് ഡിസംബർ 31 വരെ മാത്രമേ ലഭിക്കൂ. ഈ യവസരം എല്ലാവരും ഉപയോഗിക്കണമെന്ന് ജൂബിലി കമ്മിറ്റി ചെയർമാൻ ബിജി സി. മാണി അഭ്യർത്ഥിച്ചു.

കൺവൻഷൻ പ്രോഗ്രാമുകളെപ്പറ്റി സെക്രട്ടറി ബീന വള്ളിക്കളം വിവരിച്ചു. മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ ആസ്വാദ്യമാകുന്ന രീതിയിലാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നതെന്ന് ബീന അറിയിച്ചു. ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വൈവിധ്യമാർന്ന വിഷയാവതരണങ്ങളും സംഘടനാ കൂട്ടായ്മകളും കലാപരിപാടികളും മത്സരങ്ങളും ഉണ്ടായിരിക്കുന്നതാണ്. അമേരിക്കയിലെ സീറോമലബാർ വിശ്വാസികളുടെ അതിബൃഹത്തായ ഈ ആത്മീയ സാംസ്കാരിക സംഗമത്തിൽ പങ്കാളികളാകാൻ ഏവരേയും കൺവൻഷൻ ടീം സ്വാഗതം ചെയ്തു. കൺവൻഷൻ കോ-ഓർഡിനേറ്റർമാരായ ആന്റോ യോഹന്നാൻ, ലിലി സിറിയക്, ടാനിയ ടോം, പോൾ ചാക്കോള, കൈക്കാരന്മാരായ ഷാഗി ജോസഫ്, തോമസ് കണ്ണമ്പള്ളിൽ തുടങ്ങിയവർ കിക്കോഫിന് നേതൃത്വം നല്കി.

ഫീനിക്സ് ഹോളി ഫാമിലി ഇടവക വികാരിയച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. കൺവൻഷനെക്കുറിച്ച് കൂടുതൽ അറിയുവാനും രജിസ്റ്റർ ചെയ്യുവാനും www.syroconvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# സിബി ഡേവിഡ് യുഎൻ സഭയിൽ വൈസ്മെൻ ഇന്റർനാഷണൽ അമേരിക്കൻ പ്രതിനിധി

**മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: യുവശാക്തീകരണം, സാമൂഹിക വികസനം, മനുഷ്യസേവനം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ഐക്യരാഷ്ട്ര സഭയുടെ പ്രത്യേക ഫോറത്തിലേക്ക് അമേരിക്കയുടെ വൈസ്മെൻ ഇന്റർനാഷണൽ ക്ലബിനെ 2026-ൽ പ്രതിനിധീകരിക്കുന്നതിനായി ന്യൂയോർക്കിൽ നിന്നും മലയാളിയായ തോമസ് ഡേവിഡ് (സിബി ഡേവിഡ്) തെരഞ്ഞെടുക്കപ്പെട്ടു. ലോകമെമ്പാടുമുള്ള വിവിധ ഇന്റർനാഷണൽ സാമൂഹിക സേവന സംഘടനകളിൽ നിന്നുള്ള പ്രതിനിധികളാണ് പ്രസ്തുത ഫോറത്തിൽ പ്രവർത്തിക്കുന്നത്. ന്യൂയോർക്ക് ലോങ് ഐലൻഡ് വൈസ്മെൻ ഇന്റർനാഷണൽ ക്ലബിലെ അംഗമായ സിബി ഡേവിഡ് മലയാളികളുടെ ഇടയിൽ അറിയപ്പെടുന്ന ഒരു കലാസ്നേഹി കൂടിയാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലധികമായി ലോങ് ഐലൻഡ് കേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന കലാവേദി എന്ന കലാ-സാംസ്കാരിക സംഘടനയുടെ സ്ഥാപക ചെയർമാനായ സിബി കലാവാസനയുള്ള യുവാക്കളെയും യുവ ഗായകരെയും നവ സംഗീതജ്ഞരെയും കലാവേദിയുടെ വിവിധ പരിപാടികളിലൂടെ സമൂഹത്തിലെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിൽ മുൻകൈ എടുത്തു പ്രവർത്തിക്കുന്ന വ്യക്തിയാണ്.

ആഗോളതലത്തിൽ എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള വിവിധ വൈസ്മെൻ ക്ലബുകളിൽ നിന്നും വൈസ്മെൻ ഇന്റർനാഷണൽ ഐക്യരാഷ്ട്ര സഭയിലേക്ക് നിയോഗിച്ച ഒൻപതംഗ അന്താരാഷ്ട്ര ടീമിൽ അമേരിക്കയെ പ്രതിനിധീകരിക്കുന്ന ഏക പ്രതിനിധിയാണ് സിബി. യുവാക്കളുടെ ഉന്നമനത്തിനും സാമൂഹിക വികസനത്തിനും മനുഷ്യസേവനത്തിനും ഐക്യരാഷ്ട്ര സഭയിൽ നടക്കുന്ന വിവിധ സെമിനാറുകളിലും നിരവധി ഫോറങ്ങളിലെ ചർച്ചകളിലും അന്താരാഷ്ട്ര പ്രതിനിധികളോടൊപ്പം പങ്കെടുക്കുന്നതിനും സംവദിക്കുന്നതിനുമുള്ള അവസരങ്ങളാണ്



അടുത്ത ഒരു വർഷത്തേക്ക് ലഭിക്കുന്നത്. വൈസ്മെൻ ഇന്റർനാഷണലിന്റെ ദീർഘകാലമായി അംഗമായി സേവനമനുഷ്ഠിക്കുന്നതിന്റെ അംഗീകാരമായാണ് സിബിക്ക് ഈ ചുമതല ലഭിച്ചത്.

ഇങ്ങനെയൊരു ചുമതല ലഭിച്ചതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. വലിയ അഭിമാനത്തോടെയാണ് വൈസ്മെൻ ഇന്റർനാഷണലിനെ പ്രതിനിധീകരിച്ച് ഐക്യരാഷ്ട്രസഭയിൽ അമേരിക്കൻ സമൂഹത്തിന്റെ ശബ്ദമായി പ്രവർത്തിക്കാൻ ലഭിച്ച ഈയവസരത്തെ ഞാൻ നോക്കിക്കാണുന്നത്. യുവാക്കളുടെ ഉന്നമനത്തിനും സാമൂഹിക വികസനത്തിനും ഉതകുന്ന എല്ലാ സാദ്ധ്യതകളെയും പ്രയോജനപ്പെടുത്താൻ ഈയവസരം ഞാൻ ഉപയോഗിക്കും: സ്ഥാനലബ്ധിക്കുശേഷം സിബി പറഞ്ഞു.

വൈഎംസിഎ എന്ന പ്രസ്ഥാനത്തെ തുണയ്ക്കുവാൻ 1922-ൽ ഒഹായോയിലെ ടോളിഡോയിൽ ജഡ്ജ് പോൾ വില്യം അലക്സാണ്ടർ സ്ഥാപിച്ച പ്രസ്ഥാനമാണ് വൈസ്മെൻ ഇന്റർനാഷണൽ. നേതൃത്വവികസനം, സാംസ്കാരിക ബോധവത്കരണം, സമൂഹങ്ങളെ ശക്തിപ്പെടുത്തൽ എന്നിവയ്ക്കാണ് വൈസ്മെൻ ഇന്റർനാഷണൽ ഊന്നൽ കൊടുക്കുന്നത്. 82-ലധികം രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന ഒരു ആഗോളപ്രസ്ഥാനമാണ് വൈസ്മെൻ ഇന്റർനാഷണൽ. 'ഓരോ അവകാശത്തിനും അനുബന്ധമായ കടമകളെ അംഗീകരിക്കുക' എന്നതാണ് വൈസ്മെൻ ഇന്റർനാഷണലിന്റെ ദീർഘകാല ദൗത്യത്തെ പ്രതിഫലിപ്പിക്കുന്ന ആപ്തവാക്യം.

മലയാളിയായ സിബി ഡേവിഡിന് ഐക്യരാഷ്ട്ര സഭയിലെ ഇത്തരം ഒരു വേദിയിൽ പ്രതിനിധീകരിക്കുവാൻ അവസരം ലഭിച്ചതിൽ മലയാളികളായ നമുക്കോരോരുത്തർക്കും അഭിമാനിക്കാം. മലയാളി സമൂഹത്തിന്റെ കൂടി ശബ്ദമാകുവാൻ സിബിക്ക് സാധിക്കട്ടെയെന്ന് ആശംസിക്കാം. ന്യൂയോർക്ക് സിറ്റി ഡിപ്പാർട്ടുമെന്റ് ഓഫ് ട്രാൻസ്പോർട്ടേഷനിൽ (NY City DOT) ട്രാഫിക് സിഗ്നൽ വിഭാഗത്തിലെ ഉദ്യോഗസ്ഥനാണ് സിബി ഡേവിഡ് എന്നറിയപ്പെടുന്ന തോമസ് ഡേവിഡ്.

# നോർത്ത് അമേരിക്കൻ ദൈവസഭകളുടെ സമ്മേളനം കോളറാഡോയിൽ

**റോയി മേപ്രാൽ**

ഡാളസ്: ദൈവസഭകളുടെ ഇരുപത്തി ഒൻപതാം ദേശീയസമ്മേളനം കോളറാഡോയിൽ ഡെൻവർ പട്ടണത്തിലെ മാരിയറ്റ് ഹോട്ടലിൽ 2026 ജൂലൈ 9-12 വരെ നടത്തുവാനുള്ള ക്രമീകരണങ്ങൾ പുരോഗമിച്ചുവരുന്നു. കോൺഫറൻസിന്റെ കിക്കോഫ് മീറ്റിങ് ഡിസംബർ 123-ന് ശനിയാഴ്ച ഡാളസിലുള്ള ഹാർവെസ്റ്റ് ചർച്ച് ഓഫ് ഗോഡിൽ വെച്ച് നടത്തി. പ്രകൃതിരമണീയമായ കോളറാഡോ സംസ്ഥാനത്തിൽ ആദ്യമായി നടക്കുന്ന സമ്മേളനത്തിന്റെ കൺവീനർ റവ. ബെൻസൺ ഏബ്രഹാം, വൈസ് പ്രസിഡണ്ട് റവ. സൈമൺ ഫിലിപ്പ്, സെക്രട്ടറി ഡോ. ഷിബു സാമുവൽ, ട്രഷറർ റവ. ജെയിംസ് ഏബ്രഹാം എന്നിവരും പാസ്റ്റർ ഡാർവിൻ വിൽസൺ ഇംഗ്ലീഷ് കോ-ഓർഡിനേറ്ററായും ഡോ. ജോളി ജോസഫ് ലേഡീസ് പ്രസിഡണ്ട് എന്ന നിലയിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. കൂടാതെ നാഷണൽ, ലോക്കൽ തലത്തിൽ ഒരു സംഘം പരിചയസമ്പന്നർ വിവിധ ചുമതലകൾക്ക് മേൽനോട്ടം വഹിക്കുന്നു. യോവേൽ പ്രവചനം 2:28 ആധാരമാക്കി ആത്മാവിലുള്ള ഏകീകരണം എന്ന വിഷയമാണ് സമ്മേളനത്തിലെ പ്രധാന ചിന്താവിഷയം. വിവിധ പ്രായക്കാരുടെ പ്രയോജനത്തിനായി കുട്ടികൾക്കും മുതിർന്നവർക്കും സഹോദരിമാർക്കും മീറ്റിംഗുകൾ ക്രമീകരിച്ചിരിക്കുന്നു. ഇന്ത്യയിലും അമേരിക്കയിലും ശുശ്രൂഷകൾക്ക് നേതൃത്വനിരകളിൽ നിൽക്കുന്ന അനേകർ മീറ്റിംഗുകളിൽ പങ്കെടുക്കുന്നു. കോളറാഡോയുടെ പർവ്വതനിരകളുടെ മനോഹാരിതയും ആത്മീയ കൂട്ടായ്മയുടെ സന്തോഷവും ഒന്നിച്ചനുഭവിക്കുവാൻ എല്ലാവരേയും സംഘാടകർ ക്ഷണിക്കുന്നു.

## സീറോമലബാർ കൺവൻഷൻ:

# ടെക്സസിലെ കോപ്പൽ സെന്റ് അൽഫോൻസാ പള്ളിയിൽ മാർ ജോയ് ആലപ്പാട്ട് കിക്കോഫ് നിർവഹിച്ചു

ബീനാ വള്ളിക്കളം

ചിക്കാഗോ: ഇന്ത്യക്ക് പുറത്ത് സീറോമലബാർ രൂപതയ്ക്ക് ആദ്യമായി ലഭിച്ച ചിക്കാഗോ രൂപത വിജയകരമായ 25 വർഷം പൂർത്തിയാക്കുന്ന ഈ വേളയിൽ ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തിയിൽ നടത്തപ്പെടുന്ന കൺവൻഷന്റെ കിക്കോഫ് ടെക്സാസിലെ കോപ്പൽ സെന്റ് അൽഫോൻസാ പള്ളിയിൽ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു. ഇടവക വികാരി ഫാ. മാത്യു മുഞ്ഞനാട്ടും ഇടവകാംഗങ്ങളും പ്രിയ ബഹുമാനപ്പെട്ട ജോയ് പിതാവിനെ സസ്നേഹം സ്വീകരിച്ചു. ഇടവകയിലെ കൺവൻഷൻ പ്രതിനിധികളായ സിജിമോൾ ജോസഫ്, റോബിൻ കുര്യൻ, ട്രസ്റ്റിമാരായ ജോഷി കുര്യാക്കോസ്, രഞ്ജിത്ത് തലക്കോട്ടൂർ, റോബിൻ ജേക്കബ് എന്നിവർ കിക്കോഫ് അതിമനോഹരമാക്കുന്നതിനു നേതൃത്വം നല്കി.





ജോയി പിതാവ് തന്റെ സന്ദേശത്തിൽ ഈ കൺവൻഷന്റെ ആവശ്യകതയെയും ഈ കൺവൻഷനിലൂടെ താൻ വിഭാവനം ചെയ്യുന്ന തലമുറകളുടെ സംഗമം, സൗഹൃദ കൂട്ടായ്മ, സഭയുടെ ശോഭന ഭാവിക്ക് ഉതകുംവിധമുള്ള ചർച്ചകൾ, യുവജന പങ്കാളിത്തം എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിച്ചു. വിശ്വാസത്തിന്റെ ഈ മഹാസമ്മേളനത്തിലേക്ക് രൂപതയിലെ എല്ലാ കുടുംബങ്ങളും വന്നുചേരണമെന്നാണ് തന്റെ ആഗ്രഹവും പ്രത്യാശയുമെന്ന് പിതാവ് പറയുകയുണ്ടായി. വിശ്വാസവും അറിവും സൗഹൃദങ്ങളും പങ്കുവെക്കാനുള്ള അനുഗൃഹീതമായ ഒരു വേദിയായി ഈ കൺവൻഷനെ കാണണമെന്നും യുവജനങ്ങളെ പ്രത്യേകം ഇതിലേക്ക് കൊണ്ടുവരണമെന്നും പിതാവ് ആഹ്വാനം ചെയ്തു. രൂപതയുടെ പ്രഥമ മെത്രാനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലി കൂടി ഈ വേളയിൽ ആഘോഷിക്കുകയാണ്. കഴിഞ്ഞ 25 വർഷങ്ങളിലായി രൂപത കൈവരിച്ച വളർച്ചയിൽ പങ്കാളികളായ ഏവരെയും ഈയവസരത്തിൽ ആദരപൂർവ്വം ഓർമ്മിക്കുന്നു. വികാരി ഫാ. മാത്യു ഇടവകാംഗങ്ങളുടെ പൂർണ്ണ സഹകരണവും പങ്കാളിത്തവും വാഗ്ദാനം ചെയ്യുകയും ഏവരെയും കൺവൻഷനിൽ പങ്കുചേരാനായി ക്ഷണിക്കുകയും ചെയ്തു.

കൺവൻഷൻ ഫിനാൻസ് ചെയർമാൻ ആൻഡ്രൂസ് തോമസ് കൺവൻഷനെപ്പറ്റി വിശദമായി പ്രതിപാദിച്ചു. 2026 ജൂലൈ മാസം നടക്കുന്ന സീറോമലബാർ കൺവൻഷൻ രൂപതയുടെ ചരിത്രത്തിൽ തന്നെ സ്ഥാനം പിടിക്കുന്ന തലത്തിൽ വിജയകരമാക്കിത്തീർക്കുവാൻ വിപുലമായ പ്രവർത്തനങ്ങൾ നടന്നുവരുന്നതായി അദ്ദേഹം അറിയിച്ചു. ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ബുക്കിങ് നിരക്കിൽ ഇളവ് ലഭിക്കും. ഈ ഇളവ് ഡിസംബർ 31 വരെ മാത്രമേ ലഭിക്കൂ. ഈയവസരം എല്ലാവരും ഉപയോഗിക്കണമെന്നും ഭാരവാഹികൾ അഭ്യർത്ഥിച്ചു.

കൺവൻഷൻ നാഷണൽ ഫണ്ട് റെയിസിങ് കോ-ഓർഡിനേറ്റർ ജോൺസൺ കണ്ണൂക്കാടൻ കൺവൻഷനോടനുബന്ധിച്ച് നടത്തുന്ന പ്രോഗ്രാമുകളെപ്പറ്റി വിശദീകരിച്ചു. 2026 ജൂലൈ മാസം 9 മുതൽ 12 വരെ അതിമനോഹരമായ ചിക്കാഗോ നഗരത്തിൽ ആഘോഷപൂർവ്വമായി നടക്കുന്ന ഈ കൺവൻഷന്റെ വേദി നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന അതിപ്രശസ്തമായ മക്കോർമിക് പ്ലേസും അതോടു ചേർന്ന മൂന്ന് ഹോട്ടലുകളുമാണ്. വിശ്വാസ സംരക്ഷണത്തിനും ആശയവിനിമയത്തിനും സൗഹൃദ കൂട്ടായ്മകൾക്കും ഉതകുന്ന വിധത്തിൽ കൺവൻഷൻ ക്രമീകരിക്കുവാൻ ഏവരും ഒറ്റക്കെട്ടായി പരിശ്രമിച്ചുവരുന്നു.

ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വൈവിധ്യമാർന്ന വിഷയാവതരണങ്ങളും സംഘടനാ കൂട്ടായ്മകളും കലാപരിപാടികളും മത്സരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്. ലിവർമോർ കോപ്പൽ പള്ളിയിലെ അച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# വിശുദ്ധ മറിയം ത്രേസ്യാ മിഷനിൽ സീറോമലബാർ കൺവൻഷൻ കിക്കോഫ്

മാർട്ടിൻ വിലങ്ങോലിൽ

നോർത്ത് ടെക്സാസ്: ചിക്കാഗോ സീറോമലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് 2026 ജൂലൈ 9, 10, 11, 12 തീയതികളിൽ ചിക്കാഗോയിലെ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ വെച്ച് നടക്കുന്ന സീറോമലബാർ യുഎസ്എ കൺവൻഷന്റെ ഇടവകതല രജിസ്ട്രേഷൻ കിക്കോഫ് വിശുദ്ധ മറിയം ത്രേസ്യായുടെ നാമത്തിലുള്ള അമേരിക്കയിലെ ആദ്യ ദേവാലയമായ സെന്റ് മറിയം ത്രേസ്യാ സീറോമലബാർ മിഷനിൽ വിജയകരമായി നടന്നു.



കൺവൻഷൻ രജിസ്ട്രേഷൻ കിക്കോഫ് മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു. മിഷൻ ഡയറക്ടർ ഫാ. ജിമ്മി എടക്കുളത്തൂർ കുര്യൻ ആദ്യരജിസ്ട്രേഷൻ ഏറ്റുവാങ്ങി, നിരവധി വിശ്വാസികൾ കൺവൻഷനിൽ പങ്കെടുക്കാൻ താല്പര്യം അറിയിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തു.

ചിക്കാഗോ സീറോമലബാർ രൂപതയുടെ ഒരുവർഷം നീണ്ടുനിന്ന ജൂബിലി ആഘോഷങ്ങളുടെ സമാപനവും രൂപതയുടെ പ്രഥമ മെത്രാൻ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും കൺവൻഷനോടനുബന്ധിച്ച് ആഘോഷിക്കുന്നുണ്ട്.

കൺവൻഷനിൽ എല്ലാവരും പങ്കെടുക്കണമെന്ന് മാർ ജോയി ആലപ്പാട്ട് അഭ്യർത്ഥിച്ചു. കൺവൻഷൻ നാഷണൽ കോ-ഓർഡിനേറ്റർ പോളി കണ്ണൂക്കാടൻ കൺവൻഷൻ ഫിനാൻസ് ചെയർ ആൻഡ്രൂസ് തോമസ് എന്നിവർ കൺവൻഷന്റെ പ്രാധാന്യത്തെക്കുറിച്ചും ഒരുക്കങ്ങളെക്കുറിച്ചും വിശദീകരിച്ചു. കിക്കോഫ് ചടങ്ങുകൾക്ക് മിഷൻ ഡയറക്ടർ ഫാ. ജിമ്മി എടക്കുളത്തൂർ കുര്യൻ, ട്രസ്റ്റിമാരായ റെനോ അലക്സ്, ബോസ് ഫിലിപ്പ്, ഫെയ്ത്ത് ഫോർമേഷൻ കോ-ഓർഡിനേറ്റർ വിനു ആലപ്പാട്ട്, അക്കൗണ്ടന്റ് റോയ് വർഗീസ് തുടങ്ങിയവർ നേതൃത്വം നല്കി.

2026 ജൂലൈ മാസം നടക്കുന്ന സീറോമലബാർ കൺവൻഷൻ രൂപതയുടെ ചരിത്രത്തിൽ തന്നെ സ്ഥാനം പിടിക്കുന്ന തരത്തിൽ വിജയകരമാക്കിത്തീർക്കുവാൻ വിപുലമായ കമ്മിറ്റി പ്രവർത്തിച്ചുവരുന്നതായി ഭാരവാഹികൾ അറിയിച്ചു ഡിസംബർ 31 വരെ ഇളവ്: കൺവൻഷന്റെ മുന്നോടിയായി രൂപതയിലെ വിവിധ പള്ളികളിൽ കൺവൻഷൻ കിക്കോഫുകൾ വിജയകരമായി നടന്നുവരുന്നു. ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ഹോട്ടലിൽ ബുക്കിങ് നിരക്കിൽ ഇളവ് ലഭിക്കും. ഈ ഇളവ് ഡിസംബർ 31 വരെ മാത്രമേ ലഭിക്കൂ എന്നും ഈയവസരം എല്ലാവരും ഉപയോഗിക്കണമെന്നും ഭാരവാഹികൾ അഭ്യർത്ഥിച്ചു.

# ക്രിസ്മസും ക്രിസ്തുവും

**പാസ്റ്റർ മാത്യു വർഗീസ്**

വൃദ്ധനായ ഒരു പിതാവിന്റെ നൂറാം ജന്മദിനം അത്യാധുനികമായി കൊണ്ടാടുവാൻ മക്കളും കുടുംബാംഗങ്ങളും തീരുമാനമെടുത്തു. മക്കളിൽ ഒരുവന്റെ കൊട്ടാരതുല്യമായ വീട്ടിൽ ഒരുക്കങ്ങൾ തകൃതിയായി നടക്കുന്നു. പണക്കൊഴുപ്പും പ്രതാപവും ആധുനികതയുടെ പരിവേഷവും കൂട്ടിമുട്ടിയ ബർത്തഡേ ആഘോഷം. വീടിന് നിറം പിടിപ്പിച്ചു. അലങ്കാരങ്ങൾ എല്ലാം പൂർത്തിയായി. ഹൈ എന്റ് അതിഥികളുടെ വരവിനായി കാത്തിരിക്കുന്ന നിമിഷങ്ങൾ. ഇടയ്ക്കിടയ്ക്ക് ഞരങ്ങിയും മൂളിയും കട്ടിലിൽ കിടക്കുകയും വീൽചെയറിൽ ഇരിക്കുകയും ചെയ്യുന്ന വൃദ്ധനായ പിതാവ് ആഘോഷങ്ങൾക്കിടയിൽ ഒരു അസഹ്യമായി മാറുമോ എന്ന ചിന്ത മക്കളെ ഇപ്പോൾ അലട്ടുവാൻ തുടങ്ങി. അപ്പോൾ അവരിൽ ഒരുവന്റെ മൂളയിൽ ഒരാശയം ഉദിച്ചു. പഴഞ്ചൻ അപ്പച്ചനെ എല്ലാം കഴിയുന്നതുവരെ വീടിന്റെ ഔട്ട് ഹൗസിൽ കിടത്താം. വീട്ടിൽ ആഘോഷം പൊടിപൊടിക്കുന്നു. പാട്ടും നൃത്തവും മദ്യവും ശാപ്പാടും ഭാരതപ്പുഴ പോലെ ഒഴുകുവാൻ തുടങ്ങി. നേരം പുലരുവാൻ ഇനി മണിക്കൂറുകൾ മാത്രം. അപ്പോൾ ആരോ ഒരാൾ ചോദിക്കുന്നു, ബർത്തഡേ ബോയ് എവിടെ? കേക്ക് കട്ട് ചെയ്യുന്നില്ലയോ? അപ്പോഴാണ് അവർ പിതാവിനെക്കുറിച്ച് ഓർക്കുന്നതും ചിന്തിക്കുന്നതും. മക്കളിൽ ആരോ ഒരുവൻ ഓടിച്ചെന്ന് നോക്കുമ്പോൾ കട്ടിലിൽ വാടിത്തളർന്ന് ചുരുണ്ടുകൂടി കിടക്കുന്ന ഒരു ദയനീയ മുഖത്തെയാണ് കാണുന്നത്. പിതാവില്ലാതെ, പിതാവിന്റെ ഇഷ്ടമറിയാതെ ജന്മദിനം പൊടിപൂരമായി ആഘോഷിക്കുന്ന മക്കളും കൂട്ടുകാരും!

അമേരിക്കയുടെ മണ്ണിലും ലോകത്തിന്റെ പല കോണുകളിലും ഡിസംബർ മാസം ഉത്സവ പ്രതീതിയാണ് സൃഷ്ടിക്കുന്നത്. എങ്ങും എവിടെയും തിരക്ക്. കൺകുളിർപ്പിക്കുന്ന വർണ്ണശബളമായ ലൈറ്റുകൾ, സമ്മാനങ്ങൾ വാങ്ങുവാനും കൊടുക്കുവാനും ഓടി കിതക്കുന്നവർ. എന്തുകൊടുക്കണം, മേടിക്കണം എന്നറിയാതെ കുഴങ്ങുന്നവർ. മദ്യശാലകൾ തുടങ്ങി ഇറച്ചിക്കടകൾ വരെ എങ്ങും ബഹുതിരക്ക്.



ലേഖകൻ

2000 വർഷങ്ങൾക്കു മുമ്പ് ലോകരക്ഷകനായ മശിഹ ബേത്‌ലഹേം എന്ന കൊച്ചുപട്ടണത്തിൽ ആരാലും അറിയപ്പെടാത്ത ഒരു മറിയയിൽ ഭൂജാതനായി. ഒത്തിരി കുഞ്ഞുങ്ങൾ ആ നാട്ടിൽ അന്ന് പിറന്നുവീണെങ്കിലും ഈ ശിശുവിന്റെ ജനനം വ്യത്യസ്തമായിരുന്നു. ചരിത്രത്തെ കീറിമുറിച്ചുകൊണ്ട്, ഒരു ഇമ്മാനുവേൽ ചരിത്രഭൂമിയിൽ പിറന്നുവീഴുകയാണ്. സ്വർഗ്ഗത്തിൽ പാവനമായ മുത്ത് ഇരുണ്ട ഭൂമിയിൽ ആ രാത്രിയിൽ ലോകത്തിന്റെ വെളിച്ചമായി അവതരിക്കുകയാണ്. ആ വെളിച്ചം തല്ലിക്കെടുത്തുവാൻ ഹേരോദാവിന്റെ കൈകളും യൂദയുടെ ചുംബനവും കിണഞ്ഞു ശ്രമിച്ചു. പീലാത്തോസിന്റെ അരമന അവസാനത്തെ ആയുധവും പുറത്തെടുത്തുവെങ്കിലും യുഗങ്ങൾക്കു മുമ്പ് ഭൂമിയിൽ ഉദിച്ചുയർന്ന ആ ഉദയ നക്ഷത്രം ഇന്നും പ്രകാശിച്ചുകൊണ്ടിരിക്കുന്നു.

ക്രൈസ്തവ രാജ്യങ്ങൾ എന്ന് ഒരിക്കൽ പ്രഘോഷിച്ചിരുന്ന അമേരിക്ക, ഇംഗ്ലണ്ട്, കാനഡ തുടങ്ങിയുള്ള രാജ്യങ്ങൾ ഇപ്പോൾ ക്രിസ്തുവില്ലാത്ത രാജ്യങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. പരിണിതഫലം എന്താണ്? ഇതര മതസ്ഥർ രാജ്യങ്ങൾ കീഴടക്കുവാൻ തുടങ്ങി. പള്ളികളും ആരാധനാലയങ്ങളും അടയ്ക്കപ്പെടുവാൻ തുടങ്ങി. ഇംഗ്ലണ്ടിൽ ഒരുകാലത്ത് ക്രൈസ്തവ ദേവാലയങ്ങളിൽ നിന്നും മുഴങ്ങിക്കേട്ട മണിനാദം നിലച്ചു. പകരം ബാങ്ക് വിളിയുടെ ശബ്ദത്താൽ പട്ടണം മുഖരിതമാവുകയാണ്. അമേരിക്കയുടെ മണ്ണിലും ഇത് സ്ഥാപിച്ചെടുക്കുവാൻ കുതന്ത്രങ്ങൾ മെനയുന്ന പാർട്ടി നേതാക്കളെയും ഇരുട്ടിന്റെ ഏജന്റുമാരെയും ജനം തിരിച്ചറിയണം. മതേതരത്വം വിളിച്ചുകൂവുന്ന ഭാരതത്തിന്റെ മണ്ണിൽ ക്രിസ്ത്യാനികളെ വേട്ടയാടുകയും അവരുടെ പള്ളികളും ആലയങ്ങളും തകർക്കപ്പെടുമ്പോൾ പാശ്ചാത്യ രാജ്യങ്ങളിൽ അംബരചുംബികൾക്ക് സമാനമായ ക്ഷേത്രങ്ങളും മോസ്ക്കുകളും തല ഉയർത്തുന്നു. ഈ ഇരട്ടത്താപ്പ് നയം ഭരണചക്രം തിരിക്കുന്നവരും ജനവും അറിയേണ്ടതത്രേ.

ക്രിസ്തുവിനെ പുറത്താക്കിയ രാജ്യങ്ങൾക്കും ക്രിസ്മസ് എന്ന് പറയുവാനും ലജ്ജിച്ചിരുന്ന അമേരിക്കയുടെ മുൻ ഭരണകൂടവും നമുക്ക് എന്തു സമ്മാനിച്ചു? ചമ്പൽ കാട്ടിലെ ഫൂലൻ ദേവിയേയും മൈസൂർ വനത്തിലെ വീരപ്പനെയും ലജ്ജിപ്പിക്കുന്ന ദൈവഭയം ഇല്ലാത്ത ഒരു തലമുറ ദേശം കയ്യടക്കുവാൻ തുടങ്ങി. ഇവരുടെ താക്കോലുകൾ കൊണ്ട് ഗർഭച്ഛിദ്രം, മയക്കുമരുന്ന് ഉപയോഗം, ആത്മഹത്യ, കൊലപാതകം, ജെൻഡർ മാറ്റം, ബലാൽസംഗം, ശിശുപീഡനം, കൊള്ള, പിടിച്ചുപറി. ദേശത്ത് നൃത്തം ചവിട്ടുവാൻ വാതിലുകൾ തുറന്നുകൊടുത്തു. ഇങ്ങനെ നീണ്ടുപോകുന്ന ഇരുട്ടിന്റെ പ്രവൃത്തികൾ. ദേശത്ത് പമ്പാ നദിപോലെ ഒഴുകുവാൻ തുടങ്ങിയപ്പോൾ സ്കൂളുകളിലും ഭരണകൂടങ്ങളിലും സ്ഥാപിച്ചിരുന്ന പത്ത് കല്പനകളും പ്രാർത്ഥനകളും ഒഴുകി മാറി.

അങ്ങനെ ഖജനാവ് കൊള്ളയടിയും കൈയിട്ടുവാരലും മുഖമുദ്രയാക്കിയ നേതാക്കൾ കസേരകളിൽ കയറിക്കൂടി. ക്രിസ്തുവിന്റെ പേരും തത്തുല്യം ഇന്നും ചൂണ്ടിക്കാണിക്കുവാൻ മറ്റൊന്ന് ഇല്ലാത്ത ഗുരുവിന്റെ ഗിരിപ്രഭാഷണത്തിലെ ഉപദേശങ്ങളും നിത്യവും നമ്മുടെ മണ്ണിൽ നിന്ന് തുടച്ചുമാറ്റുവാൻ ഇവർ കരങ്ങൾ ചലിപ്പിച്ചു. ആയതിനാൽ ക്രിസ്തുവിന് പ്രവേശിക്കുവാൻ കഴിയാതെ പല വാതിലുകളും ഇന്നും അടഞ്ഞുകിടക്കുന്നു. ഇപ്പോഴും നാഥൻ മുട്ടുകയാണ്. ആരെങ്കിലും അവന്റെ ശബ്ദം കേട്ട് വാതിൽ തുറക്കുവാൻ.

ക്രിസ്മസ് സുദിനത്തിൽ സമ്മാനപ്പൊതി തുറക്കുവാൻ കാത്തിരിക്കുന്നവർ അനേകർ. എന്നാൽ, ക്രിസ്തുവിനു വേണ്ടി ഹൃദയം തുറക്കുവാൻ വെമ്പുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. സ്വർഗ്ഗം ഇതു കണ്ട് വേദനിക്കുന്നു. മറിയ ലോകത്തിന്റെ മശിഹാ ഭൂമിയിൽ പിറന്നു വീഴുവാൻ പ്രസവവേദനപ്പെട്ടു. എന്നാൽ, സുവിശേഷത്തിന്റെ നാവായ പൗലോസ് ശ്ലീഹ ക്രിസ്തു ജീവിതങ്ങളിൽ ഉരുവാകുവാൻ പ്രസവവേദനപ്പെടുകയാണ്. (ഗലാത്യർ 4:19)

ക്രിസ്മസ് ആഘോഷിക്കുന്ന ഈ സുദിനങ്ങളിൽ ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി അവരുടെ ദൈവം വയറ്, ലജ്ജയായതിൽ മാനം തോന്നുന്ന മനുഷ്യകുലം ആയി മാറാതെ ക്രിസ്തുവിന്റെ വെളിച്ചം ഹൃദയങ്ങളിൽ പ്രകാശിക്കട്ടെ. നിരത്തുകളും പട്ടണങ്ങളും വീടുകളും പ്രകാശപൂരിതമാണ്. എങ്കിലും ഹൃദയത്തിന്റെ ഉള്ളറകളിൽ ഇപ്പോഴും ഇരുൾ മൂടിയിരിക്കുകയാണ്. സാക്ഷാൽ ലോകത്തിന്റെ വെളിച്ചമായവന് വാതിൽ തുറന്നുകൊടുക്കാം. ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം 2000 വർഷങ്ങൾക്കു മുമ്പ് മാനവജാതിക്കു വേണ്ടി ഒരു നീതിസൂര്യനായി ഭൂജാതനായി. ഇനിയും ഒരു സാന്താക്ലോസ് വരവിനപ്പുറമായി, സ്വന്തം രക്ഷകന്റെ വരവിനായി കാത്തിരിക്കാം. ഈ ക്രിസ്മസിൽ ക്രിസ്തു നിറഞ്ഞു നിൽക്കട്ടെ!

## ഗവേഷണത്തിൽ കേരളത്തിന് അഭിമാനമായി ഡോ. സാഗർ ഭോഗരാജു

ഗ്രെനോബിൾ: രോഗങ്ങളുടെയും ശരീരശാസ്ത്രത്തിന്റെയും യൂബികിറ്റിൻ സിഗ്നലിംഗ് മേഖലയിലെ നിർണായക ഗവേഷണങ്ങൾക്ക് യൂറോപ്യൻ മോളിക്യുലാർ ബയോളജി ലബോറട്ടറിയിലെ ഗ്രെനോബിൾ ഗ്രൂപ്പ് ലീഡറായ ഡോ. സാഗർ ഭോഗരാജുവിന് അന്താരാഷ്ട്ര അംഗീകാരം. ബെറ്റൻകോർട്ട് ഷൂളർ നൽകുന്ന ഇംപൾസയൻസ് ഗ്രാന്റിന് ഡോ. ഭോഗരാജു അർഹനായി. 2.3 ദശലക്ഷം യൂറോ (ഏകദേശം 20 കോടി രൂപ) വരുന്ന ഈ ഗ്രാന്റ് അർബുദം പോലുള്ള രോഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പുതിയ കോശ സിഗ്നലിംഗ് സംവിധാനങ്ങൾ പഠിക്കാൻ ഡോ. ഭോഗരാജുവിനെയും സംഘത്തെയും സഹായിക്കും.



അക്കാദമിക് രംഗത്തെ ശ്രദ്ധേയമായ നേട്ടങ്ങളാണ് ഡോ. സാഗർ ഭോഗരാജുവിന്റേത്. കാൺപൂർ ഐഐടിയിൽനിന്ന് അദ്ദേഹം മാസ്റ്റർ ഓഫ് ടെക്നോളജി ബിരുദം നേടി. തുടർന്ന് ജർമനിയിലെ മ്യൂണിക്കിലെ പ്രശസ്തമായ മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോകെമിസ്ട്രിയിൽനിന്ന് 'സീലിയറി ട്രാഫിക്കിംഗ്' എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി.


യൂബികിറ്റിൻ സിഗ്നലിംഗിൽ കൂടുതൽ ഗവേഷണം നടത്താനായി ഫ്രാങ്ക്ഫർട്ടിലെ ഗോഥെ യൂണിവേഴ്സിറ്റിയിൽ പോസ്റ്റ്ഡോക്ടറൽ ഗവേഷണം ചെയ്തു. ഈ വൈദഗ്ധ്യമാണ് അദ്ദേഹത്തെ 2018 മുതൽ യൂറോപ്യൻ മോളിക്യുലാർ ബയോളജി ലബോറട്ടറിയിൽ സ്വതന്ത്ര ഗ്രൂപ്പ് ലീഡറായി നിയമിക്കുന്നതിലേക്കു നയിച്ചത്. ചങ്ങനാശേരി കൂനന്താനം കാലായിൽ ചെറിയാന്റെയും അന്നക്കുട്ടിയുടെയും മകളും സ്വിറ്റ്സർലൻഡിലെ റോഷിൽ ചീഫ് സയന്റിസ്റ്റും യുനെസ്കോയുടെ ബെസ്റ്റ് സയന്റിസ്റ്റ് അവാർഡ് ജേതാവുമായ ഡോ. സിസി കാലായിലാണ് ഡോ. സാഗർ ഭോഗരാജുവിന്റെ ഭാര്യ.

## കെ.എച്ച്.എൻ.എ. ഫ്ളോറിഡ റീജിയണൽ വൈസ് പ്രസിഡണ്ടായി പ്രദീപ് പിള്ളയെ നാമനിർദേശം ചെയ്തു

ഫ്ളോറിഡ: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ കേന്ദ്ര സംഘടനയായ കെ.എച്ച്.എൻ.എയുടെ ഫ്ളോറിഡ റീജിയണൽ വൈസ് പ്രസിഡണ്ടായി സൗത്ത് ഫ്ളോറിഡയിൽ നിന്നുള്ള പ്രദീപ് പിള്ളയെ നാമനിർദേശം ചെയ്തു. സാങ്കേതിക രംഗത്തെ മികവും സാമൂഹിക സേവന രംഗത്തെ പ്രതിബദ്ധതയും കണക്കിലെടുത്താണ് സംഘടനയുടെ ഈ തീരുമാനം.

നേരത്തെ കേരള ഹിന്ദൂസ് ഓഫ് സൗത്ത് ഫ്ളോറിഡയുടെ (കെഎച്ച്എസ്എഫ്) സെക്രട്ടറിയായി അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സംഘടനയുടെ നിർണായക ഘട്ടത്തിൽ അംഗങ്ങളെ ഒന്നിപ്പിക്കാനും സുസ്ഥിരത ഉറപ്പുവരുത്താനും ആ കാലയളവിൽ അദ്ദേഹത്തിനു സാധിച്ചു. യുവജനങ്ങളെ സജീവമായി പങ്കെടുപ്പിച്ചുകൊണ്ട് നിരവധി സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുകയും സംഘടനയ്ക്ക് സ്വന്തമായി വെബ്സൈറ്റ് ആരംഭിക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിക്കുകയും ചെയ്തു. കേരളത്തെ നടുക്കിയ പ്രളയകാലത്ത് ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്താനും ആറന്മുള ശബരി ബാലാശ്രമത്തിലെ കുട്ടികൾക്ക് കംപ്യൂട്ടർ ലാബ് സംഭാവന ചെയ്യാനും അദ്ദേഹം മുൻകൈയെടുത്തു.

പത്തനംതിട്ട ആറന്മുള സ്വദേശിയായ പ്രദീപ്, കുവൈറ്റ് എയർവേയിസിലെ റിട്ടയേർഡ് സിവിൽ എൻജിനീയറും എൻ.എസ്.എസ്. ഇടയാറന്മുള മുൻ പ്രസിഡണ്ടും ശബരി ബാലാശ്രമം രക്ഷാധികാരിയുമായിരുന്ന പരേതനായ എം.എൻ. ബാലകൃഷ്ണ പിള്ളയുടെയും റിട്ടയേർഡ് നേഴ്സ് ലീല പിള്ളയുടെയും മകനാണ്. ഐടി മാനേജരായ സായി ലക്ഷ്മി പ്രദീപ് ആണ് ഭാര്യ. സ്കൂൾ ബാസ്കറ്റ്ബോൾ താരവും കൗണ്ടി റെസ്‌ലിംഗ് ചാമ്പ്യനുമായ സാനിക (12), പാർത്ഥിവ് (7) എന്നിവർ മക്കളാണ്. ഡോക്ടറും ഐടി പ്രഫഷണലുകളുമായ മൂന്ന് സഹോദരങ്ങളുമുണ്ട്.



ഔദ്യോഗികമായ ഒറാക്കിൾ ഹെൽത്തിൽ പ്രിൻസിപ്പൽ സോഫ്റ്റ്‌വെയർ എൻജിനീയർ ലീഡായി ജോലി ചെയ്യുന്ന അദ്ദേഹം ജനറേറ്റീവ് എഐ ക്ലൗഡ് അധിഷ്ഠിത വികസന വിഭാഗങ്ങളുടെ തലവനാണ്. സിട്രിക്സ് സിസ്റ്റംസ്, എടിഡി തുടങ്ങിയ കമ്പനികളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ഗൂഗിൾ ഡെവലപ്പേഴ്സ് ഗ്രൂപ്പ് ഓഫ് സൗത്ത് ഫ്ളോറിഡയിൽ സജീവ സാന്നിദ്ധ്യമാണ്. ശക്തമായ സാംസ്കാരിക അടിത്തറയിൽ ഊന്നിനിന്ന് നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ യുവതലമുറയെ ശാക്തീകരിച്ച് സംഘടനയെ മുന്നോട്ടു നയിക്കുക എന്നതാണ് തന്റെ ലക്ഷ്യമെന്ന് അദ്ദേഹം വ്യക്തമാക്കി.

പ്രദീപ് പിള്ളയുടെ നിയമനത്തെ കെഎച്ച്എൻഎ പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ സ്വാഗതം ചെയ്തു. പ്രദീപിന്റെ സംഘാടകമികവും നൂതന സാങ്കേതിക രംഗത്തെ അറിവും സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് യുവജനങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് വലിയ മുതൽക്കൂട്ടാകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡണ്ട് സഞ്ജീവ് കുമാർ, ജോ. സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോ. ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ട്രസ്റ്റി ബോർഡ് എന്നിവരും പ്രദീപ് പിള്ളയ്ക്ക് ആശംസകൾ നേർന്നു.

# 41 പേർക്ക് കൃത്രിമകാലുകൾ ഒരുക്കി ലൈഫ് ആൻഡ് ലിംബ് ചാരിറ്റബിൾ ട്രസ്റ്റ്

**ജോളി ജോൺ**

കോട്ടയം: പ്രമുഖ ചാരിറ്റി സംഘടനയായ ലൈഫ് ആൻഡ് ലിംബ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 41 പേർക്ക് കൃത്രിമക്കാലുകൾ വിതരണം ചെയ്യുന്നു. കാലുകൾ നഷ്ടപ്പെട്ട ഒട്ടേറെ പേർക്ക് കൃത്രിമക്കാലുകൾ നല്കി ശ്രദ്ധേയമായ സംഘടനയായ ലൈഫ് ആൻഡ് ലിംബ് 2026 ജനുവരി 9-ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് 1.30-ന് കോട്ടയത്ത് കോടിമതയിലുള്ള വിൻസർ കാസ്റ്റിൽ റിസോർട്ടിൽ നടക്കുന്ന ഫോമാ കേരളാ കൺവൻഷന്റെ പ്രോഗ്രാമിൽ വെച്ചാണ് കൃത്രിമക്കാലുകളുടെ വിതരണ ചടങ്ങ് നടക്കുന്നത്.

ഈ വർഷം (2025) രണ്ട് ഘട്ടമായി കൃത്രിമക്കാലുകൾ വിതരണം ചെയ്യാനാണ് തീരുമാനിച്ചിരുന്നത്. അതിന്റെ രണ്ടാം ഘട്ടമാണ് ജനുവരി 9-ന് 41 പേർക്കായി 42 കാലുകൾ നല്കുന്നത്. മുൻവർഷങ്ങളിലേതു പോലെ ഇത്തവണയും സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും മാധ്യമ പ്രവർത്തകരുടെയും നാട്ടുകാരുടെയും സാന്നിദ്ധ്യത്തിലാണ് തെരഞ്ഞെടുക്കപ്പെട്ടവർക്ക് ലൈഫ് ആൻഡ് ലിംബ് കൃത്രിമക്കാലുകൾ നല്കുന്നത്.

മുൻ ചീഫ് സെക്രട്ടറിയും സ്പോർട്സ് അഥോറിറ്റി ഓഫ് ഇന്ത്യ (SAI) ഡയറക്ടർ ജനറലുമായ ജിജി തോംസൺ ഐഎഎസ്, ഗോപിനാഥ് മുതുകാട് (DAC ഫൗണ്ടർ ആൻഡ് മജീഷ്യൻ), ബ്ലെസി ഐപ് തോമസ് (ഫിലിം ഡയറക്ടർ), പി.സി. വിഷ്ണുനാഥ് എംഎൽഎ, അഡ്വ. ജയഡാലി (ചെയർപേഴ്സൺ KSDAWC) രാജു ഏബ്രഹാം എക്സ് എംഎൽഎ, അഡ്വ. വർഗീസ് മാമ്മൻ, എസ്.എച്ച്. പഞ്ചപാകേശൻ (മുൻ ഡിസബിലിറ്റി കമ്മീഷണർ), സജിമോൻ ആന്റണി (ഫൊക്കാന പ്രസിഡണ്ട്), പോൾ കറുകപ്പിള്ളിൽ (ഫൊക്കാന മുൻ പ്രസിഡണ്ട്), ഫിന്നി ജോസഫ് (USA), നോവ ജോർജ് (USA) തുടങ്ങിയവർ പങ്കെടുക്കും.



2026-ലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു കഴിഞ്ഞു. തീരെ നിർദ്ധനരായ ആളുകളും കാല് വെച്ച് നടക്കുവാൻ ആരോഗ്യമുള്ളവരുമായ അപേക്ഷകരെയാണ് പരിഗണിക്കുന്നത്.

ഇത്തരത്തിലുള്ള ആവശ്യക്കാർക്ക് (www.lifeandlimbs.org) എന്ന വെബ്സൈറ്റ് സന്ദർശിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

# ഇന്ത്യക്കുമേൽ മെക്സിക്കോ തീരുവ ചുമത്തി

മെക്സിക്കോ സിറ്റി: അമേരിക്കയ്ക്കു പിന്നാലെ മെക്സിക്കോയും ഇന്ത്യക്കുമേൽ 50 ശതമാനം ഇറക്കുമതി തീരുവ ചുമത്തി. പുതുക്കിയ തീരുവ അടുത്തവർഷം ജനുവരി ഒന്നിനു നിലവിൽ വരും. ചൈന, ദക്ഷിണ കൊറിയ, തായ്ലൻഡ്, ഇന്തോനേഷ്യ തുടങ്ങിയ ഏഷ്യൻ രാജ്യങ്ങൾക്കുള്ള തീരുവയും വർദ്ധിപ്പിച്ചിട്ടുണ്ട്.

മെക്സിക്കോയുമായി വ്യാപാര കരാർ നിലവിലില്ലാത്ത രാജ്യങ്ങളിൽനിന്നുള്ള വാഹന പാർട്സ്, തുണിത്തരങ്ങൾ, ചെറു കാറുകൾ, പ്ലാസ്റ്റിക്, ഉരുക്ക്, ഗൃഹോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, ഫർണിച്ചർ, പാദരക്ഷകൾ, ലെതർ, പേപ്പർ, കാർഡ്ബോർഡ്, മോട്ടോർസൈക്കിൾ, അലൂമിനിയം, ഗ്ലാസ്, സോപ്പ്, പെർഫ്യൂം, കോസ്മെറ്റിക്സ് തുടങ്ങിയ 1400 ഉത്പന്നങ്ങൾക്കാണു തീരുവ വർധന.

തീരുവവർധനയ്ക്ക് മെക്സിക്കൻ സെനറ്റ് ഡിസംബർ പത്തിന് ബുധനാഴ്ച വൈകുന്നേരം അംഗീകാരം നല്കി. 76 പേർ അനുകൂലമായി വോട്ട് ചെയ്തപ്പോൾ അഞ്ചുപേർ മാത്രമാണ് എതിർത്തത്. 35 പേർ വിട്ടുനിന്നു. മെക്സിക്കോയിലെ ആഭ്യന്തര ഉത്പാദനം വർധിപ്പിക്കാനാണ് തീരുവ കൂട്ടിയതെന്ന് പ്രസിഡണ്ട് ക്ലോഡിയ ഷെയ്ൻബോം പറഞ്ഞു.

തീരുവ വർധനയിലൂടെ മെക്സിക്കോയ്ക്ക് 33,910 കോടി ഡോളറിന്റെ അധിക വരുമാനമുണ്ടാകുമെന്നാണു കണക്കാക്കുന്നത്. ചൈനയെ ആണ് തീരുവ വർധന ഏറ്റവും ബാധിക്കുക. 2024-ൽ 13,000 കോടി ഡോളറിന്റെ ചൈനീസ് ഉത്പന്നങ്ങളാണ് മെക്സിക്കോ ഇറക്കുമതി ചെയ്തത്. ഇന്ത്യയിൽനിന്ന് ഒരു വർഷം 100 കോടി ഡോളറിന്റെ വാഹനങ്ങളാണ് മെക്സിക്കോ ഇറക്കുമതി ചെയ്യുന്നത്. ഫോക്സ്വാഗൺ, ഹ്യുണ്ടായ്, നിസാൻ, മാരുതി സുസുക്കി തുടങ്ങിയ കമ്പനികളുടെ കാറുകളാണ് പ്രധാനമായും ഇന്ത്യയിൽനിന്ന് ഇറക്കുമതി ചെയ്യുന്നത്.

കാറുകളുടെ ഇറക്കുമതി തീരുവ 20 ശതമാനത്തിൽനിന്ന് 50 ശതമാനമായി ഉയരുന്നതു കാർ നിർമാതാക്കൾക്കു വലിയ തിരിച്ചടിയാണ്. ഇന്ത്യയുടെ മൂന്നാമത്തെ വലിയ കാർ കയറ്റുമതി വിപണിയാണ് മെക്സിക്കോ. ദക്ഷിണാഫ്രിക്ക, സൗദി അറേബ്യ എന്നീ രാജ്യങ്ങളാണ് ഒന്നും രണ്ടും സ്ഥാനത്ത്. 2024-ൽ ഏകദേശം 890 കോടി ഡോളറിന്റെ കയറ്റുമതിയാണ് ഇന്ത്യയിൽനിന്ന് മെക്സിക്കോയിലേക്കുണ്ടായത്.

# ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് വനിതാ സമാജത്തിന് പുതിയ നേതൃത്വം

**ജാൻസി ജോബ്**

തിരുവല്ല: ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ വനിതാ സമാജത്തിന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

ഭാരവാഹികളായി സൂസൻ തോമസ് (പ്രസിഡണ്ട്), സൗമിനി ഫിന്നി, ജോളി തോമസ്, ഫേബാ ചെറിയാൻ (വൈസ് പ്രസിഡണ്ടുമാർ), സുജ നൈനാൻ (ജനറൽ സെക്രട്ടറി), ജെസ്സി ഏബ്രഹാം, ബ്ലെസ്സി ബിജു, സൂസമ്മ പൊടികുഞ്ഞ്, ജൂബി കുഞ്ഞച്ചൻ (സെക്രട്ടറിമാർ), മറിയാമ്മ ജോയ് (ട്രഷറർ), രജനി സണ്ണി (ജോ. ട്രഷറർ), മേഴ്സി ഷാജു (പ്രയർ സെക്രട്ടറി), അല്ലി ഷാജി (ലിറ്ററേച്ചർ സെക്രട്ടറി), ജീന ജോർജ് (ചാരിറ്റി സെക്രട്ടറി), ജാൻസി ജോബ് (മീഡിയ സെക്രട്ടറി), സൂസമ്മ അലക്സാണ്ടർ (പ്രോഗ്രാം കോ-ഓർഡിനേറ്റർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

തിരുവല്ല സഭാ ആസ്ഥാനത്ത് നടന്ന ജനറൽ ബോഡി മീറ്റിംഗിന് സഭാ വൈസ് പ്രസിഡണ്ട് പാസ്റ്റർ വി.ജെ. തോമസ് നേതൃത്വം നല്കി. രണ്ടു വർഷമാണ് സമിതിയുടെ കാലാവധി.

ഏലിയാമ്മ കോശി മണക്കാലയാണ് അഡ്വൈസറി ബോർഡ് ചെയർപേഴ്സൺ. ഡോ. മോളി ഏബ്രഹാം ആലുവ അഡ്വൈസറി ബോർഡ് മെംബറായി പ്രവർത്തിക്കുന്നു.

പ്രസിഡണ്ട് സൂസൻ തോമസ് സഭാ ഇന്റർനാഷണൽ സെക്രട്ടറി പാസ്റ്റർ ജോൺ തോമസിന്റെ സഹധർമ്മിണിയാണ്.






## ഗ്ലോബൽ മലയാളി ഫെസ്റ്റിവൽ:

# 16 മലയാളികളെ ഗ്ലോബൽ മലയാളി രത്ന നൽകി ആദരിക്കുന്നു

കൊച്ചി: കൊച്ചി ക്രൗൺ പ്ലാസ ഹോട്ടലിൽ ജനുവരി 1, 2 തീയതികളിൽ നടക്കുന്ന പ്രഥമ 'ഗ്ലോബൽ മലയാളി ഫെസ്റ്റിവലി'ന്റെ രണ്ടാം ദിനത്തിൽ (ജനുവരി രണ്ട്) ആഗോളതലത്തിൽ തെരഞ്ഞെടുത്ത 16 മലയാളികളെ ഗ്ലോബൽ മലയാളി രത്ന പുരസ്കാരം നൽകി ആദരിക്കുന്നു. ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന, എൻജിഒ രജിസ്ട്രേഷനുള്ള ഇന്ത്യൻ കമ്പനിയാണ് ഫെസ്റ്റിവൽ ഒരുക്കുന്ന മലയാളി ഫെസ്റ്റിവൽ ഫെഡറേഷൻ. ലോകത്തെവിടെയുമുള്ള മലയാളികൾക്ക് ഈ ആഘോഷത്തിൽ പങ്കെടുക്കാവുന്നതാണ്.

ഫെസ്റ്റിവലിന്റെ ആദ്യ ദിനമായ ജനുവരി ഒന്നിന് വ്യാഴാഴ്ച വൈകുന്നേരം നവവത്സരാഘോഷത്തോടെയാണ് പരിപാടികൾക്ക് തുടക്കമാവുക. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പ്രതിനിധികൾ ഒത്തുചേർന്ന് പുതുവത്സരത്തെ സ്വാഗതം ചെയ്യും.

ജനുവരി രണ്ട് വെള്ളിയാഴ്ച രാവിലെയുള്ള സെഷൻ പൂർണമായും പ്രഥമ ഗ്ലോബൽ മലയാളി ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് മീറ്റിനായി മാറ്റിവെച്ചിരിക്കുന്നു.

വെള്ളിയാഴ്ച സായാഹ്നത്തിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ, ആഗോളതലത്തിൽ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച 16 മലയാളികളെ ആദരിക്കും. ലൈഫ്ടൈം ബിസിനസ്, മലയാളി സമൂഹത്തിന് നൽകിയ വിവിധ സേവനങ്ങൾ, ഇക്കോണമി, ഫിനാൻസ്, എഞ്ചിനീയറിംഗ്, സയൻസ്, സാങ്കേതികവിദ്യ, രാഷ്ട്രീയം, സാമൂഹിക സേവനം, വ്യാപാരം, ബിസിനസ്, സാഹിത്യം, കല, സംസ്കാരം തുടങ്ങി വിവിധ മേഖലകളിലെ നേട്ടങ്ങൾ പരിഗണിച്ചാണ് ഗ്ലോബൽ മലയാളി രത്ന പുരസ്കാരങ്ങൾ നൽകുന്നത്. കൂടാതെ, മലയാളി സമൂഹത്തിന് നൽകിയ വ്യക്തിപരമായ നേട്ടങ്ങളും സംഭാവനകളും പരിഗണിച്ച് ഏതാനും പ്രമുഖ വ്യക്തിത്വങ്ങളെയും പ്രത്യേക അംഗീകാരങ്ങൾ നൽകി ആദരിക്കും.

ആഗോള മലയാളികൾക്കിടയിൽ ശക്തമായ ഒരു നെറ്റ്‌വർക്ക് സ്ഥാപിക്കുക, ആഗോള മലയാളി സമൂഹത്തെ കേരളത്തിലേക്ക് അടുപ്പിക്കുകയും സംസ്ഥാനത്തിന്റെ പുരോഗതിക്ക് പങ്കാളികളാക്കുകയും ചെയ്യുക എന്നിവയാണ് ഫെസ്റ്റിവലിലൂടെ ഫെഡറേഷൻ ലക്ഷ്യമിടുന്നത്. ജനുവരി 1, 2 (വ്യാഴം, വെള്ളി) തീയതികളിൽ കൊച്ചി ക്രൗൺ പ്ലാസ ഹോട്ടലിൽ സംഘടിപ്പിക്കുന്ന പ്രഥമ ഗ്ലോബൽ മലയാളി ഫെസ്റ്റിവലിൽ പങ്കെടുക്കാൻ എല്ലാ മലയാളികളെയും സ്വാഗതം ചെയ്യുന്നു.




## കെ.എച്ച്.എൻ.എ. ഡാളസ് റീജിയണൽ വൈസ് പ്രസിഡണ്ടായി രേഷ്മ രഞ്ജൻ ചുമതലയേറ്റു

ഡാളസ്: കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ) യുടെ ഡാളസ് റീജിയണൽ വൈസ് പ്രസിഡണ്ടായി പാലക്കാട് സ്വദേശിനിയായ ശ്രീമതി രേഷ്മ രഞ്ജൻ നിയമിതയായി. നിലവിൽ ഡാളസിനടുത്തുള്ള ഫേറ്റിൽ താമസിക്കുന്ന രേഷ്മ, സേവനപരതയും ക്രിയാത്മകതയും കൊണ്ട് അമേരിക്കയിലെ മലയാളി സമൂഹത്തിൽ ശ്രദ്ധേയമായ വ്യക്തിത്വമാണ്.

ഡാളസ് മലയാളി അസോസിയേഷനിലെ സജീവ സാന്നിദ്ധ്യമാണ് രേഷ്മ രഞ്ജൻ. ഒരു വർഷത്തിനുള്ളിൽ തന്നെ റീജിയൻ ഉദ്ഘാടനം, മനോരമ ഹോർട്ടൂസ് ഔട്ട്റീച്ച്, ബാഡ്മിന്റൺ ടൂർണമെന്റ്, ഓണം ആഘോഷങ്ങൾ എന്നിവയുടെ വിജയത്തിനു പിന്നിൽ രേഷ്മയുടെ പങ്ക് വളരെ വലുതായിരുന്നു. ഫോമായുടെ വിമൻസ് ഫോറം സെക്രട്ടറിയായി (2022–2024) പ്രവർത്തിച്ച കാലയളവിൽ ക്യാൻസർ സ്ക്രീനിംഗ്, വിദ്യാ വാഹിനി സ്കോളർഷിപ് പ്രോഗ്രാം തുടങ്ങിയ ശ്രദ്ധേയമായ പദ്ധതികൾക്ക് അവർ നേതൃത്വം നല്കി. കേരള അസോസിയേഷൻ ഓഫ് കൊളറാഡോയുടെ ലിറ്ററേച്ചർ സെക്രട്ടറിയായും യുവയുടെ സെക്രട്ടറിയായും (2019–2021) അവർ പ്രവർത്തിച്ചിട്ടുണ്ട്.



ഒരു എഴുത്തുകാരിയും പ്രഭാഷണ കലയുടെ പ്രചാരകയുമായ രേഷ്മ, കെ.എച്ച്.എൻ.എയുടെ പുതിയ യുവജന സംരംഭമായ "കഥാ വാക് ചാതുര്യം-ദി ആർട്ട് ഓഫ് എലക്വന്റ് സ്പീക്കിംഗ്' എന്ന പദ്ധതിക്ക് നേതൃത്വം നല്കും. കഥാകഥനത്തിലൂടെ യുവജനങ്ങളുടെ ആത്മവിശ്വാസം, ക്രിയാത്മകത, സംസാര വൈദഗ്ദ്ധ്യം എന്നിവ വികസിപ്പിക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ഡാളസിലെ അർക്ക എനർജിയിൽ വെയർഹൗസ് മാനേജരായി സേവനമനുഷ്ഠിക്കുന്ന രേഷ്മ, 13 ഇംഗ്ലീഷ് പുസ്തകങ്ങൾ രചിച്ചിട്ടുള്ള ഒരു എഴുത്തുകാരി കൂടിയാണ്. രേഷ്മ രഞ്ജൻ കൃഷ്ണ രഞ്ജന്റെയും രതി രഞ്ജന്റെയും മകളാണ്. ഐടി പ്രഫഷണലായ ജയൻ കോടിയത്ത് മനോൾ ആണ് ഭർത്താവ്. നന്ദ, വേദ എന്നിവരാണ് മക്കൾ.

വിവിധ സംഘടനകളിലെ ദീർഘകാല പ്രവർത്തന പരിചയവും യുവജന ശാക്തീകരണത്തിലും സാമൂഹിക സേവനത്തിലുമുള്ള രേഷ്മ രഞ്ജന്റെ അചഞ്ചലമായ പ്രതിബദ്ധതയും കെ.എച്ച്.എൻ.എ.ക്ക് വലിയ മുതൽക്കൂട്ടാകും. ഡാളസ് മേഖലയിലെ കെ.എച്ച്.എൻ.എയുടെ പ്രവർത്തനങ്ങൾക്ക് രേഷ്മയുടെ നേതൃത്വം നിർണായകമാകും: കെ.എച്ച്.എൻ.എ പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു. ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡണ്ട് സഞ്ജീവ് കുമാർ, ജോ. സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോ. ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ട്രസ്റ്റി ബോർഡ് എന്നിവരും രേഷ്മ രഞ്ജന് ആശംസകൾ നേർന്നു.

## ഇറ്റാലിയൻ പാചകത്തിന് പൈതൃകപദവി

ന്യൂഡൽഹി: ഇറ്റാലിയൻ പാചക കലയ്ക്ക് യുനെസ്കോയുടെ പൈതൃകപദവി. ന്യൂഡൽഹിയിൽ ചേർന്ന യുനെസ്കോ യോഗത്തിലാണ് പ്രഖ്യാപനമുണ്ടായത്. കുടുംബത്തിലും സമൂഹത്തിലും ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ഇറ്റാലിയൻ പാചകം വലിയ പങ്കു വഹിക്കുന്നതായി ഏജൻസി വിലയിരുത്തി.

പാചകമെന്നാൽ ഇറ്റലിക്കാർക്ക് സംസ്കാരവും പാരമ്പര്യവും സമ്പത്തുമാണെന്ന് പ്രധാനമന്ത്രി ജോർജിയ മെലോണി പ്രതികരിച്ചു. ഇറ്റാലിയൻ വിഭവമായ പിസായ്ക്ക് നേരത്തെ തന്നെ പൈതൃക പദവി നല്കിയിട്ടുള്ളതാണ്.

## IOC USA VICE-CHAIRMAN SLAMS EXCLUSION OF OPPOSITION LEADERS FROM PUTIN STATE DINNER

New York: George Abraham, Vice-Chairman of the Indian Overseas Congress (IOC), USA, has expressed strong dismay over the Modi government's decision not to invite the Leader of the Opposition to the State dinner hosted for Russian President Vladimir Putin.

"There is little surprise anymore in how the Modi Administration continues to undermine the democratic traditions of our great country," said Mr. Abraham, reacting to the exclusion of Rahul Gandhi and Mallikarjun Kharge, the respective Leaders of the Opposition in the Lok Sabha and Rajya Sabha. "This government is busy rewriting the script, upending long-standing conventions, and dismantling the vision laid down by the founding fathers of modern India."

Mr. Abraham noted that it has been a well-established practice—followed even by leaders like Atal Bihari Vajpayee—that the Opposition Leader is part of official engagements with visiting foreign dignitaries. "The Indian National Congress is a national party with a substantial following. Even with all of the BJP's political success, they have secured the votes of barely 40% of the electorate. The remaining majority represents diverse voices that also deserve respect and representation.



George Abraham

He further criticized the government's growing disregard for democratic norms, citing the repeated passage of major legislation without adequate debate or review by parliamentary committees. "The recent theatrics around the 'Vande Mataram' debate perfectly illustrate the misplaced priorities of this administration—wasting parliamentary time while the nation grapples with pressing issues such as unemployment, inflation, and the urgent need for rural development."

According to Abraham, the trajectory of the country makes it evident—even to casual observers—that the democratic ethos championed by Gandhi, Nehru, and Ambedkar is being eroded. "What we are witnessing is an authoritarian agenda that seeks to weaken institutions, intimidate the press, and promote crony capitalism under the guise of ultra-nationalism," he said.

He concluded with a call for national introspection: "It is time for the nation to pause, self-examine, and return to the foundational principles that built our democracy—pluralism, transparency, and respect for dissent."

# പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സമ്പൂർണ്ണ തുടയെല്ല് മാറ്റിവെക്കൽ വിജയകരം

പാലാ: സന്ധി മാറ്റിവെക്കൽ ചികിത്സാ രംഗത്ത് മറ്റൊരു ചുവടുകൂടി വെച്ച് മാർ സ്ലീവാ മെഡിസിറ്റി പാലാ. 72 വയസ്സുള്ള രോഗിയുടെ തുടയെല്ല് പൂർണമായും അതോടൊപ്പം ഇടുപ്പും കാൽമുട്ടും ഉൾപ്പെടുന്ന ഭാഗങ്ങളും വിജയകരമായി മാറ്റിവെച്ചു. അത്യപൂർവമായ ഈ ശസ്ത്രക്രിയയ്ക്കു ശേഷം രോഗി അടുത്ത ദിവസം തന്നെ നടന്നു തുടങ്ങുകയും അഞ്ചാം ദിവസം ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യുകയും ചെയ്തു.

അർബുദ ചികിത്സയുടെ ഭാഗമായി ഏതാനും വർഷങ്ങൾക്കു മുമ്പ് ഇടുപ്പും തുടയെല്ലിന്റെ പകുതിയും മാറ്റിവെക്കേണ്ടി വന്ന രോഗിക്ക് പിന്നീട് ജോലിയുടെ ഭാഗമായി ദീർഘനേരം നില്ക്കേണ്ടി വന്നതിനെ തുടർന്ന് വീണ്ടും വേദന അനുഭവപ്പെട്ടു. പല ചികിത്സകളും നടത്തിയിട്ടും വേദന കുറയാതെ വന്നപ്പോൾ മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ പരിശോധനയിൽ മുൻപ് സ്ഥാപിച്ചിരുന്ന കൃത്രിമ സന്ധിക്ക് ഇളക്കം സംഭവിച്ചതായും തുടയിലെ എല്ല് ദ്രവിച്ചതായും കണ്ടെത്തി. ഇതിനെത്തുടർന്ന് സങ്കീർണ്ണമായ തുടയെല്ല് മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്താൻ ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് പി.ബി. നിർദ്ദേശിക്കുകയായിരുന്നു.

മനുഷ്യശരീരത്തിലെ ഏറ്റവും നീളംകൂടിയ അസ്ഥിയാണ് തുടയെല്ല് അഥവാ ഫീമർ. ഇടുപ്പ് സന്ധിയും കാൽമുട്ട് സന്ധിയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ അസ്ഥിയിലേക്കാണ് കാൽ ചലിപ്പിക്കാനുള്ള നിരവധി പേശികൾ ബന്ധിപ്പിച്ചിരിക്കുന്നത്. അതിനാൽത്തന്നെ തുടയെല്ല് നീക്കം ചെയ്ത് കൃത്രിമ അസ്ഥി ഘടിപ്പിക്കുന്നത് അതിസങ്കീർണ്ണമായ ഒരു ശസ്ത്രക്രിയയാണ്. തുടയിൽ ഉണ്ടാകുന്ന അർബുദം പേശികളിലേക്കും ഞരമ്പുകളിലേക്കും വ്യാപിക്കാൻ സാദ്ധ്യതയുള്ളതിനാൽ, അവ നീക്കം ചെയ്യുമ്പോൾ അതീവ ശ്രദ്ധയും പരിചയസമ്പത്തും അനിവാര്യമാണ്. അല്ലാത്തപക്ഷം അർബുദം അതേ ഭാഗത്ത് വീണ്ടും വളരാനുള്ള സാഹചര്യം ഉണ്ടാകും. ശസ്ത്രക്രിയയ്ക്ക് ശേഷം രോഗി ആയാസരഹിതമായി നടക്കാൻ പേശികളും ഞരമ്പുകളും ശരിയായി പുനഃസ്ഥാപിക്കേണ്ടതുണ്ട്. ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് പി.ബി.യുടെ നേതൃത്വത്തിൽ മൂന്നു മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയയിൽ, അനസ്തീഷ്യ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അനു ഗംഗാധരൻ, ഓർത്തോപീഡിക്സ് വിഭാഗത്തിലെ ഡോ. സിബിൻ സൈഫുദ്ദീൻ എന്നിവർ പങ്കാളികളായി. അർബുദ ചികിത്സാ രംഗത്ത് പുതിയ സാദ്ധ്യതകൾ തുറക്കുന്നതോടൊപ്പം കാൻസർ കെയറും ഗവേഷണവും സംയോജിപ്പിച്ച മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന് ഒരു നാഴികക്കല്ലാണ് ഈ ശസ്ത്രക്രിയയുടെ വിജയം.



തുടയെല്ല് മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നല്കിയ ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് പി.ബി.യുമായി രോഗി സന്തോഷം പങ്കിടുന്നു.

# ബർഗൻ കൗണ്ടി മലയാളി ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ ക്രിസ്മസ് ന്യൂ ഇയർ ആഘോഷങ്ങൾ 28–ന്

ന്യൂജേഴ്സി: നോർത്ത് ന്യൂജേഴ്സിയിലെ ആദ്യകാല എക്യുമെനിക്കൽ ക്രിസ്തീയ സംഘടനയായ ബർഗൻ കൗണ്ടി മലയാളി ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ 40-ാമത് ക്രിസ്മസ് ന്യൂ ഇയർ ആഘോഷങ്ങൾ ഡിസംബർ 28-ന് ഞായറാഴ്ച വൈകുന്നേരം 4.30-ന് വാഷിങ്ടൺ ടൗൺഷിപ്പ് സെന്റ് പീറ്റേഴ്സ് ഓർത്തോമ്മാ പള്ളിയിൽ വെച്ച് (St. Peter's Mar Thoma Church, 56 Ridgewood Road, Washington Township, NJ 07676) നടത്തപ്പെടും. മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസന സെക്രട്ടറിയായ റവ. ജോയൽ തോമസ് ക്രിസ്മസ് നവവത്സര സന്ദേശം നല്കും. വിവിധ സഭാവിഭാഗങ്ങളിലും ഇടവകകളിലും നിന്നുള്ള ഗായകസംഘങ്ങളും ബ്രദേഴ്സ് ഇൻ ഹാർമൊണിയും ജെസിസിആർ ഗായകസംഘവും ക്രിസ്മസ് ഗാനങ്ങൾ അവതരിപ്പിക്കും. ബോസ്റ്റണിൽ നിന്നും എത്തുന്ന സംഘം അവതരിപ്പിക്കുന്ന പുതുമയുള്ള ക്രിസ്മസ് ഐടി ഗ്രാഫിക് ഷോയും ക്രമീകരിച്ചിട്ടുണ്ട്.

4.30 മുതൽ 5 വരെ റിഫ്രഷ്മെന്റ്സും കൂട്ടായ്മയും. യോഗാനന്തരം കമ്യൂണിറ്റി ഡിന്നറും ഉണ്ടായിരിക്കുന്നതാണ്. എല്ലാവരെയും ക്രിസ്മസ് ന്യൂ ഇയർ ആഘോഷത്തിലേക്ക് സ്വാഗതം ചെയ്യുന്നുവെന്ന് സംഘാടകർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: വിക്ലിഫ് തോമസ് പ്രസിഡണ്ട് (201) 925 5686, രാജൻ പാലംപ്ലമറ്റം വൈസ് പ്രസിഡണ്ട് (201) 836 7562, അജു തര്യൻ സെക്രട്ടറി (201) 724 9117, രാജൻ മാത്യു ട്രഷറർ (201) 674 7492, റ്റി.എം. സാമുവേൽ അസി. സെക്രട്ടറി (201) 394 3821.

# ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ബില്ലിന് അംഗീകാരം

ന്യൂഡൽഹി: യുജിസി, എഐസിടിഇ തുടങ്ങിയവയ്ക്കു പകരമായി ഉന്നത വിദ്യാഭ്യാസ കമ്മീഷൻ സ്ഥാപിക്കുന്നതിനുള്ള ബില്ലിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.നേരത്തെ, ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ഓഫ് ഇന്ത്യ (എച്ച്ഇസിഐ) ബിൽ എന്നത് വികസിത് ഭാരത് ശിക്ഷ അധികാരബിൽ എന്നാക്കി.

പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിൽ നിർദ്ദേശിച്ച ഏക ഉന്നത വിദ്യാഭ്യാസ കമ്മീഷൻ, യുജിസി, എഐസിടിഇ, എൻസിടിഇ തുടങ്ങിയ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പകരമാണ് പ്രവർത്തിക്കുക. മെഡിക്കൽ, നിയമ കോളജുകൾ ഇതിന്റെ പരിധിയിൽ വരില്ല. നിയന്ത്രണം, അക്രിഡിറ്റേഷൻ, പ്രൊഫഷണൽ മാനദണ്ഡങ്ങൾ നിശ്ചയിക്കൽ എന്നീ മൂന്നു പ്രധാന കടമകൾ ഇതിനുണ്ടായിരിക്കും.

# തോമസ് വർഗീസ് അന്തരിച്ചു

ജോർജിയ: തോമസ് പറോലിൽ വർഗീസ് (78) ജോർജിയയിൽ അന്തരിച്ചു. പരേതരായ എം.പി. വർഗീസിന്റെയും അന്നമ്മ വർഗീസിന്റെയും മകനാണ്. റാന്നി ഇട്ടിച്ചുവട് പറോലിൽ കുടുംബാംഗവും അറ്റ്ലാന്റ മാർത്തോമ്മാ ഇടവകാംഗവുമാണ്. ഭാര്യ കുഞ്ഞുജോമ്മ തോമസ്. മക്കൾ: ഷെറിൻ തോമസ്, ഷിനോ തോമസ്, ഷിക്കാ അച്ചൻകുഞ്ഞ്. പരേതന്റെ വേർപാടിൽ റവ. ജേക്കബ് തോമസ്, അറ്റ്ലാന്റ മാർത്തോമ്മാ ഇടവക ഭാരവാഹികൾ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഇടവകാംഗങ്ങൾ എന്നിവർ അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്തു.



# ഏഴു മഹാരഥന്മാർ, അമേരിക്ക 250: ലെഡ് ബൈ ഓർമ ഇന്റർനാഷണലിന്റെ ഡയറക്ടർമാർ

ജോർജ് നടവയൽ

ഫിലാഡൽഫിയ: ഡോ. എം.വി. പിള്ള (ഡാളസ്), തമ്പി ആന്റണി (സാൻ ഫ്രാൻസിസ്കോ), മാധവൻ ബി. നായർ (ന്യൂജേഴ്സി), ജെ. മാത്യൂസ് (ന്യൂയോർക്ക്), പോൾ കറുകപ്പിള്ളി (ന്യൂയോർക്ക്), ജോർജ് മാത്യു (ഫിലാഡൽഫിയ), ദിലീപ് വർഗീസ് (ന്യൂജേഴ്സി) എന്നീ ഏഴു മഹാരഥന്മാർ, അമേരിക്ക 250 ലെഡ് ബൈ ഓർമ ഇന്റർനാഷണലിന്റെ ഡയറക്ടർമാർ.

മഹത്തായ അമേരിക്കൻ ഐക്യ



നാടുകളുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ 250-ാം വാർഷികാഘോഷം രാജ്യവ്യാപകമായി കൊണ്ടാടുകയാണ് അമേരിക്ക 250 സെലിബ്രേഷനിൽ. അമേരിക്കൻ മലയാളത്തിൽ പദമൂന്നി വിശ്വപൗരവിശാലതയിലേക്ക് വളർന്ന ഏഴു സാരഥികൾ, അമേരിക്കയിലെ ഭാരത വംശജരുടെ, അമേരിക്കൻ രാഷ്ട്ര സ്നേഹത്തിന്റെയും രാജ്യസേവനത്തിന്റെയും വിവിധ മാനങ്ങളെ അമേരിക്ക-250 ആഘോഷങ്ങളിൽ പ്രതിനിധീകരിക്കും. അമേരിക്കൻ ദേശീയതയിൽ ഇന്ത്യൻ അമേരിക്കൻ നിരയുടെ ഗുണാത്മക സംഭാവനകളെ മിഴിവുറ്റതാക്കി ഉയർത്തിക്കാണിക്കുക എന്ന ദൗത്യമുള്ള ഓർമാ ഇന്റർനാഷണൽ സെലിബ്രേഷൻ കൗൺസിലാണ് ഏകോപനം നിർവഹിക്കുക.

അമേരിക്കയിലെ വിവിധ ഭാരത സംസ്കൃതീ സംഘടനകളെ കൂട്ടുചേർത്താണ് ആഘോഷങ്ങൾ ക്രമപ്പെടുത്തുക. 2026 ഓഗസ്റ്റ് 15 ശനിയാഴ്ച ഫിലാഡൽഫിയയിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയോടെ പ്രധാന ആഘോഷങ്ങൾക്ക് പ്രകാശപൂർണ്ണിമ കൈവരും.

ജോസ് ആറ്റുപുറം (ട്രസ്റ്റീ ബോർഡ് ചെയർമാൻ), ജോർജ് നടവയൽ (ഓർമാ ഇന്റർനാഷണൽ സെലിബ്രേഷൻ കൗൺസിൽ ചെയർമാൻ), നിമ്മി റോസ് ദാസ് (ഓർമാ ഇന്റർനാഷണൽ സെലിബ്രേഷൻ കൗൺസിൽ ജനറൽ സെക്രട്ടറി), സജി സെബാസ്റ്റ്യൻ (ഓർമാ ഇന്റർനാഷണൽ പ്രസിഡണ്ട്), ഷിന്റോ കണ്ണമ്പള്ളി (വൈസ് പ്രസിഡണ്ട്), ക്രിസ്റ്റി ഏബ്രഹാം (ജനറൽ സെക്രട്ടറി), റോഷിൻ പ്ലാമൂട്ടിൽ (ട്രഷറർ), മെർലിൻ മേരി അഗസ്റ്റിൻ (പിആർഒ), വിൻസന്റ് ഇമ്മാനുവേൽ (പബ്ലിക് അഫയേഴ്സ് ചെയർ), ജോസഫ് കുന്നേൽ (ലീഗൽ കൗൺസിൽ ചെയർ), ജോസ് തോമസ് (ടാലന്റ് പ്രൊമോഷൻ ഫോറം ചെയർ), ജോ തോമസ് (ബിസിനസ് ബിഗ് വിഗ്), ജോവിൻ ജോസ് (ചീഫ് ഡെപ്യൂട്ടി ഡിസ്ട്രിക്ട് അറ്റേണി), അനീഷ് ജെയിംസ് (ബിസിനസ് കൺസൾട്ടന്റ്), ഷൈലാ രാജൻ (ഓർമാ ഇന്റർനാഷണൽ ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡണ്ട്) എന്നിവരാണ് ഓർമാ ഇന്റർനാഷണൽ സെലിബ്രേഷൻ കൗൺസിൽ അംഗങ്ങൾ.

അമേരിക്ക-250 വാർഷികാഘോഷങ്ങൾ മൂർദ്ധന്യത്തിൽ എത്തുന്നതുവരെ ഓർമ ഇന്റർനാഷണൽ സെലിബ്രേഷൻസ് കൗൺസിൽ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും അരങ്ങുകളിലും വേദികളിലും എണ്ണം പറഞ്ഞ അമേരിക്കൻ മലയാളികളുടെ അമേരിക്കൻ ജീവിത സംഭാവനകളെ ഹൈലൈറ്റ് ചെയ്യും. ഫിനാലെയിൽ കലാസന്ധ്യയും അവാർഡ് നിശയും നടത്തും.

അമേരിക്കൻ മലയാളികളിലെ ഒന്ന്, രണ്ട്, മൂന്ന് തലമുറകളിലെ പ്രഗത്ഭരുടെ പ്രാഭവത്തെ ദീപ്തമാക്കും. രാഷ്ട്രീയ ഭരണ സാരഥികൾ, സാമൂഹിക സംഘടനാ പ്രവർത്തകർ, ആത്മീയ പ്രചോദകർ, വിദ്യാഭ്യാസ വിദഗ്ദ്ധർ, കലാകാരന്മാർ, എഴുത്തുകാർ, സിനിമാ കലാകാരന്മാർ, കായികതാരങ്ങൾ, ശാസ്ത്രജ്ഞന്മാർ, ഉയർന്ന വിജയം നേടിയ വിദ്യാർത്ഥികൾ, നേഴ്സുമാർ, അദ്ധ്യാപകർ, ഡോക്ടർമാർ, ബിസിനസുകാർ, പത്രപ്രവർത്തകർ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ ശോഭിച്ച അമേരിക്കൻ മലയാളി വ്യക്തിത്വങ്ങളെയും അവർ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനങ്ങളെയും കേന്ദ്രീകരിച്ചാണ് പരിപാടികൾ ക്രമപ്പെടുത്തുക.

# ക്രിസ്തു ഇല്ലാത്ത ക്രിസ്മസ് ആഘോഷം

**എൽസി ബേബി**

പതിവുപോലെ ഈ വർഷവും ക്രിസ്മസ് ആഘോഷിക്കാനുള്ള ഒരുക്കങ്ങളൊക്കെ നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. അനേകരും ക്രിസ്തു ആരാകുന്നു എന്നോ ക്രിസ്മസിന്റെ മാഹാത്മ്യം എന്താണെന്നോ അറിയാതെയാണല്ലോ ക്രിസ്മസ് ആഘോഷിക്കുന്നത്. ക്രിസ്മസ് ട്രീ, പലവിധ വർണ്ണശബളങ്ങളായ വൈദ്യുതി ദീപങ്ങൾ, സമ്മാനങ്ങൾ, മോടിയേറിയ വസ്ത്രങ്ങൾ, ഭക്ഷണവിഭവങ്ങളുടെ വിവരണങ്ങൾ പറയുകയേ വേണ്ട. വ്യാപാരികളാണല്ലോ ക്രിസ്മസിന്റെ പേരിൽ ആദായം കൊയ്തെടുക്കുന്നത്. ക്രിസ്തു ക്രിസ്ത്യാനികളുടെ ദൈവമാണെന്നൊക്കെ പറയുന്നുണ്ടെങ്കിലും ക്രിസ്ത്യാനികൾ അല്ലാത്തവരും ക്രിസ്മസ് ആഘോഷിക്കുന്നു എന്നതാണത്ഭുതം! ക്രിസ്തു ക്രിസ്ത്യാനികളുടെ മാത്രമല്ല ലോകമാകമാനമുള്ള എല്ലാവരുടെയും ദൈവമാകുന്നു. അകൃത്യത്തിൽ ഉരുവായി പാപത്തിൽ പിറന്ന മാനവരാശിയെ മുഴുവൻ പാപത്തിന്റെ ശമ്പളമാകുന്ന നിത്യനരക ന്യായവിധിയിൽ നിന്നും വീണ്ടെടുത്തു രക്ഷിച്ച് നിത്യജീവൻ നല്കി നിത്യസൗഭാഗ്യത്തിലെത്തിക്കുവാൻ സ്വർഗ്ഗത്തിലെ ദൈവം തന്റെ ആർദ്ര കരുണയാൽ ഒരുക്കിയ ഏകരക്ഷാമാർഗ്ഗമാകുന്നു കർത്താവായ യേശുക്രിസ്തു എന്ന രക്ഷിതാവ്.

അദൃശ്യനായ ദൈവം താൻ തന്നെ മനുഷ്യരൂപമെടുത്ത് ഒരു കന്യകയിലൂടെ ജാതനായി ഒരു മനുഷ്യനായി വളർന്ന്, അത്ഭുതങ്ങൾ പ്രവർത്തിച്ച് "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ (മോക്ഷത്തിൽ) എത്തുന്നില്ല" എന്ന് പരസ്യമായി പ്രസ്താവിച്ച ദൈവമാകുന്നു. യാതൊരു പാപവുമില്ലാത്ത, ഒരു പാപവും ചെയ്യാത്ത, ഇവനിൽ ഒരു പാപവുമില്ല എന്നു കല്പിച്ച നിഷ്കളങ്കനായ മനുഷ്യപുത്രനെ അന്നത്തെ ലോകം ഒരു ദുഷ്ടവർത്തിക്കാരനെപ്പോലെ ക്രൂശിൽ തറച്ചു കൊന്നു. അതിനു മുമ്പ് തങ്ങളാലാവോളം നിന്ദിച്ചു പരിഹസിച്ച്, ചാട്ടവാറുകൊണ്ടടിച്ച് ദേഹം മുഴുവൻ ഉഴവുചാൽ പോലെ കീറി തലയിൽ ഒരു മുൾമുടി വെച്ച് ആഞ്ഞടിച്ച് 'യഹൂദന്മാരുടെ രാജാവേ ജയ് ജയ്' എന്നട്ടഹസിച്ച് പരിഹസിച്ച് രണ്ട് കള്ളന്മാരുടെ നടുവിൽ കാരിരുമ്പാണികളാൽ തറയ്ക്കപ്പെട്ട ക്രൂശുമായി പരസ്യമായ കാഴ്ചയാക്കിയപ്പോൾ യേശു അവരെ നോക്കിക്കൊണ്ട് "പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്നറിയില്ലായ്ക കൊണ്ട് ഇവരോട് ക്ഷമിക്കേണമേ" എന്ന് ദൈവത്തോട് പ്രാർത്ഥിച്ച ദൈവപുത്രൻ. ഇതുപോലെ ആരെങ്കിലും ഈ ഭൂവിൽ ജനിച്ചിട്ടുണ്ടോ? ജീവിച്ചിട്ടുണ്ടോ?

മരിച്ച് അടക്കപ്പെട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റിട്ടുണ്ടോ? അതു മാത്രമോ? ക്രിസ്തുവിന്റെ ജനനത്തിങ്കൽ സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോട് ചേർന്ന് 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം' എന്ന് ഏറ്റുപാടി. അതോടൊപ്പം 'സർവ്വജനത്തിനും ഉണ്ടാവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു നിങ്ങൾക്ക് അടയാളമോ ശീലയിൽ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും' എന്നൊരു പരസ്യപ്രഖ്യാപനം. ഭൂമിയിൽ നാളിതുവരെ ഏതെങ്കിലും ഒരു ശിശു ജനിച്ചപ്പോൾ ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടുണ്ടോ? ഇനി ക്രിസ്തുവിന്റെ മരണത്തിൽ സംഭവിച്ചതു നോക്കാം. "യേശു സകലവും തികഞ്ഞിരിക്കുന്നു എന്നറിഞ്ഞിട്ടും പുളിച്ച വീഞ്ഞു കുടിച്ചശേഷം നിവൃത്തിയായി എന്നു പറഞ്ഞ് തല ചായ്ച്ച് ആത്മാവിനെ പിതാവിന്റെ തൃക്കയ്യിൽ ഭരമേല്പിച്ചിട്ട് പ്രാണനെ വിട്ടു! യേശുവിനെ ആരും കൊന്നതല്ല. താൻ എന്തിന് ഈ ഭൂമിയിലേക്കു വന്നുവോ ആ ദൗത്യം പൂർത്തിയാക്കി തന്റെ ആത്മാവിനെ പിതാവിന്റെ കൈയിൽ ഭരമേല്പിക്കുകയായിരുന്നു. ക്രിസ്തു ലോകത്തിലേക്ക് അവതരിച്ചത് സർവ്വലോകത്തിന്റെയും പാപ പരിഹാരാർത്ഥം ഒരു അകൃത്യ യാഗമായി സ്വയം അയിക്കാൻവേണ്ടി അതായത് മരിക്കാനായി വന്നവനാകുന്നു. അതാണ് താൻ'നിവർത്തിയായി' എന്ന് പരസ്യമായി പ്രഖ്യാപിച്ചത്. ക്രൂശിൽ മരിച്ച ക്രിസ്തുവിന്റെ ശരീരം കല്ലറയിൽ അടക്കിയെങ്കിലും താൻ മരണത്തെ വെന്നവനായി കല്ലറയെ ഭേദിച്ച് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ വലതുഭാഗത്ത് രാജാവായി വാഴുന്നു. തന്റെ ജനന മരണ പുനരുത്ഥാനത്തിൽ വിശ്വസിച്ച് ക്രിസ്തുവിനെ തങ്ങളുടെ ഏകരക്ഷിതാവായി സ്വീകരിച്ച് പാപങ്ങളെ ഏറ്റുപറഞ്ഞ് ദൈവത്തിലേക്ക് തിരിഞ്ഞു ക്രിസ്തുവിനായി സ്വയം സമർപ്പിക്കുന്നവരെ തന്നോടു കൂടെ ചേർക്കുവാൻ വീണ്ടും വരും എന്നരുളിച്ചെയ്തിട്ടാണ് ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തത്. അതനുസരിച്ച് ക്രിസ്തുവിനെ അനുകരിക്കുന്നവർക്ക് ലോകം നല്കിയ പേരാണ് ക്രിസ്ത്യാനി എന്നത്. ക്രിസ്തു ലോകമാകമാനമുള്ള പാപികളെ രക്ഷിപ്പാനായി മാത്രമാണ് മനുഷ്യനായി ജന്മമെടുത്തതും ജീവിച്ചതും മരിച്ചതും ഉയിർത്തെഴുന്നേറ്റതും. ദൈവം ലോകത്തോട് വിളംബരം ചെയ്ത വാർത്ത "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ അത്രയ്ക്കു സ്നേഹിച്ചു." ഈ സ്നേഹത്തിന്റെ ആഹ്വാനം കൃപയാലെ വിശ്വാസം മൂലം അംഗീകരിച്ച് പാപത്തിന്റെ ശിക്ഷയാകുന്ന നിത്യ നരകാഗ്നിയിൽ നിന്നും രക്ഷപ്പെടേണ്ടതിനായി ദൈവം കാത്തിരിക്കയാകുന്നു. ഈ ക്രിസ്തുവിൽ വിശ്വസിക്കാതെ ക്രിസ്തുവിനെ ദൈവമായി അംഗീകരിക്കാതെ ആണ്ടുതോറും ക്രിസ്മസ് ആഘോഷിച്ചും തിന്നും കുടിച്ചും പാപത്തിൽ ജീവിച്ചും കഴിയുന്നവർക്ക് നല്കുന്ന ക്രിസ്മസ് സന്ദേശമാണ് ഈ ലേഖനോദ്ദേശ്യം.

ക്രിസ്തുവില്ലാതെ ക്രിസ്മസും ഈസ്റ്ററും ആഘോഷിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. പാപപരിഹാരം വരുന്നുമില്ല. ആകയാൽ കർത്താവായ ക്രിസ്തു എന്ന ഏക രക്ഷിതാവിനെ വിശ്വാസത്താൽ ഹൃദയത്തിൽ അംഗീകരിച്ച പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് തിരിഞ്ഞ്, മാനസാന്തരപ്പെട്ട് ഒരു നല്ല ജീവിതം നയിച്ച് മോക്ഷം പ്രാപിക്കുവാൻ ഈ ക്രിസ്മസ് സന്ദേശം വായനക്കാർക്ക് അനുഗ്രഹമായി തീരട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.



ലേഖിക

# മാഗ് തെരഞ്ഞെടുപ്പിൽ ടീം യുണൈറ്റഡിന് ചരിത്രവിജയം

**അജു വാരിക്കാട്/ജീമോൻ റാന്നി**

ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (MAGH) 2026-27 ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ടീം യുണൈറ്റഡ് പാനലിന് ചരിത്രവിജയം. പ്രസിഡണ്ട്, ട്രസ്റ്റി ബോർഡ്, എക്സിക്യൂട്ടീവ് കമ്മിറ്റി, ബോർഡ് ഓഫ് ഡയറക്ടേഴ്സ് തുടങ്ങി എല്ലാ സീറ്റുകളിലും ടീം യുണൈറ്റഡ് സ്ഥാനാർത്ഥികൾ വൻ ഭൂരിപക്ഷത്തോടെ വിജയിച്ചു. പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിച്ച റോയി സി. മാത്യു 1509 വോട്ടുകൾ നേടി ഉജ്വലവിജയം കരസ്ഥമാക്കി. എതിർ സ്ഥാനാർത്ഥിയായ ചാക്കോ പി. തോമസിന് 836 വോട്ടുകൾ മാത്രമാണ് ലഭിച്ചത്. ട്രസ്റ്റി ബോർഡ് ആൻഡ് എക്സിക്യൂട്ടീവ് കമ്മിറ്റി ഫലങ്ങൾ: ട്രസ്റ്റി ബോർഡ്: ക്ലാരമ്മ മാത്യൂസ് (1593 വോട്ടുകൾ) വിജയിച്ചു. എതിരാളി ജോസഫ് മത്തായി ഒലിക്കൻ 715 വോട്ടുകൾ. വനിതാ പ്രതിനിധികൾ: അമ്പിളി ആന്റണി (1514 വോട്ടുകൾ), അനില സന്ദീപ് (1367 വോട്ടുകൾ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.




യൂത്ത് റെപ്രസെന്റേറ്റീവ്: മൈക്കിൾ ജോയ് (1307 വോട്ടുകൾ) വിജയിച്ചു. എതിരാളി ഡോ. നവീൻ പാത്തിയിൽ (1013 വോട്ടുകൾ). ബോർഡ് ഓഫ് ഡയറക്ടേഴ്സ് (Top II) പതിനൊന്ന് സീറ്റുകളും ടീം യുണൈറ്റഡ് തൂത്തുവാരി. 1582 വോട്ടുകൾ നേടി ഷിനു ഏബ്രഹാം ആണ് ഏറ്റവും കൂടുതൽ വോട്ടുകൾ കരസ്ഥമാക്കിയത്. വിജയിച്ച ബോർഡ് അംഗങ്ങളും അവർക്ക് ലഭിച്ച വോട്ടുകളും താഴെ ചേർക്കുന്നു. ഷിനു ഏബ്രഹാം-1582, ജീവൻ സൈമൺ-1574, വിനോദ് ചെറിയാൻ-1551, മാത്യു തോമസ് (സന്തോഷ് ആറ്റുപുറം-1499), ഡോ. സുബിൻ ബാലകൃഷ്ണൻ-1494, ജിൻസ് മാത്യു-1462, സാജൻ ജോൺ-1431, ബനീജ ചെറു-1422, ഡെന്നീസ് മാത്യു-1268, ബിജു ശിവൻ-1266, സുനിൽ തങ്കപ്പൻ-1251.

എതിർപാനലായ ടീം ഹാർമണിയുടെ സ്ഥാനാർത്ഥികളേക്കാൾ ബഹുദൂരം മുന്നിലെത്തിയാണ് ടീം യുണൈറ്റഡ് സ്ഥാനാർത്ഥികൾ വിജയം ഉറപ്പിച്ചത്. ഹൂസ്റ്റണിലെ മലയാളിസമൂഹം ടീം യുണൈറ്റഡിന്റെ വികസന നയങ്ങളെയും നേതൃത്വത്തെയും പൂർണ്ണമായി അംഗീകരിക്കുന്നതാണ് ഈ തെരഞ്ഞെടുപ്പ് ഫലം സൂചിപ്പിക്കുന്നത്.

# കുലശേഖരപട്ടണത്തുനിന്ന് റോക്കറ്റ് വിക്ഷേപണം 2027-ൽ: ഐഎസ്ആർഒ ചെയർമാൻ

ചെന്നൈ: തമിഴ്നാട്ടിലെ കുലശേഖരപട്ടണത്തുനിന്ന് 2027 മുതൽ റോക്കറ്റ് വിക്ഷേപണം നടത്തുമെന്ന് ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ പറഞ്ഞു.

ഐഎസ്ആർഒ രൂപകല്പനചെയ്ത സ്മോൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റെ (എസ്എസ്എൽവി) വിക്ഷേപണത്തിനായിരിക്കും പ്രധാനമായും ഇതുപയോഗിക്കുകയെന്നും അദ്ദേഹം തിരുനെൽവേലിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

വിക്ഷേപണകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുകയാണ്. 2027 തുടക്കത്തിൽ റോക്കറ്റുകൾ വിക്ഷേപിച്ചുതുടങ്ങുമെന്നും അദ്ദേഹം അറിയിച്ചു. മനുഷ്യരെ ബഹിരാകാശത്തേക്ക് അയയ്ക്കുന്ന ഇന്ത്യയുടെ ആദ്യദൗത്യമായ ഗഗൻയാൻ അതിവേഗം പുരോഗമിക്കുകയാണ്. റോക്കറ്റിന്റെ രൂപകല്പന, വികസനം, മറ്റ് പ്രാഥമിക പ്രവർത്തനങ്ങൾ എന്നിവ വേഗത്തിൽ നടക്കുന്നുണ്ട്. പ്രശ്നങ്ങളുണ്ടായാൽ ബഹിരാകാശ യാത്രികരെ സുരക്ഷിതമായി തിരികെക്കൊണ്ടുവരാൻ സഹായിക്കുന്ന ക്രൂ എസ്കേപ്പ് സിസ്റ്റം വിജയകരമായി പൂർത്തിയാക്കി. ഇതിനായി എട്ടായിരത്തോളം വിവിധ പരിശോധനകളാണ് നടത്തിയത്. ഗഗൻയാൻ ദൗത്യം 2027-ൽ യാഥാർത്ഥ്യമാകുമെന്നും അതിനു മുൻപ് മൂന്ന് ആളില്ലാറോക്കറ്റുകൾ അയയ്ക്കാനുള്ള ജോലികളും നടന്നുകൊണ്ടിരിക്കയാണെന്നും ചെയർമാൻ പറഞ്ഞു.

# പി.ആർ. രമേശ് വിവരാവകാശ കമ്മീഷണർ

ന്യൂഡൽഹി: കേന്ദ്ര വിവരാവകാശ കമ്മീഷണറായി മലയാളി മാധ്യമപ്രവർത്തകൻ. ഓപ്പൺ മാഗസിൻ മാനേജിങ് എഡിറ്റർ പി.ആർ. രമേശ് ആണ് വിവരാവകാശ കമ്മീഷണറായി നിയമിതനായത്. ആദ്യമായാണ് ഒരു മലയാളി ഈ പദവിയിലെത്തുന്നത്. തിരുവല്ല മണ്ണൻകരച്ചിറയിൽ പുത്തൂർ കുടുംബാംഗമാണ്. പരേതരായ മുൻ കോളജ് അദ്ധ്യാപകൻ പ്രഫ. പി. രാമചദാസിന്റെയും ട്രെയിനിങ് സ്കൂൾ മുൻ ഹെഡ്മിസ്ട്രസ് അമ്മുണ്ണിക്കുട്ടിയമ്മയുടെയും മകനാണ്. പ്രേം ഭാട്ടിയ, റെഡ് ഇങ്ക് അവാർഡുകൾ നേടിയിട്ടുണ്ട്. ഇക്കണോമിക് ടൈംസ് നാഷണൽ പൊളിറ്റിക്കൽ എഡിറ്ററായിരുന്നു. ടൈംസ് ഓഫ് ഇന്ത്യയിൽ സീനിയർ എഡിറ്ററായ ഭാരതി ജെയിൻ ആണ് ഭാര്യ. മകൾ: കുക്കു.

# ഒറ്റ സ്കാനിംഗിലൂടെ രോഗനിർണയം; പാലാ മാർസ്ലീവാ മെഡിസിറ്റിയിൽ അത്യാധുനിക സ്പെക്റ്റ് സ്കാൻ

പാലാ: മാർ സ്ലീവാ മെഡിസിറ്റിയിൽ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിൽ സ്ഥാപിച്ച അത്യാധുനിക സിമൻസ് സിംബിയ ഇവോ എക്സൽ ഗാമ ക്യാമറ സ്പെക്റ്റിന്റെ സേവനങ്ങൾ ആരംഭിച്ചു. ഓങ്കോ സയൻസസ് വിഭാഗത്തിൽ നടന്ന ഔദ്യോഗിക ചടങ്ങിൽ ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഗാമ ക്യാമറ സ്പെക്റ്റിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവഹിച്ചു.

സ്പെക്റ്റ് നല്കുന്ന ത്രീഡി ഇമേജുകൾ വഴി അവയവങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി രോഗനിർണയത്തിന്റെ കൃത്യത മെച്ചപ്പെടുത്തുന്നതാണ് ഗാമ ക്യാമറ സ്പെക്റ്റിന്റെ പ്രത്യേകത. ശരീരത്തിലെ വിവിധ അവയവങ്ങളുടെ പ്രവർത്തനം അതിവിശദമായി നിരീക്ഷിക്കാൻ സാധിക്കുന്നതിനാൽ രോഗനിർണയത്തിൽ കൂടുതൽ കൃത്യത കൈവരിക്കാനും ചികിത്സയിൽ ആവശ്യമായ മാറ്റങ്ങൾ തത്സമയം വരുത്തുന്നതിനും ഡോക്ടർമാർക്ക് സാധിക്കും. മറ്റ് സ്കാനിങ്ങുകളിലൂടെ കണ്ടെത്താൻ കഴിയാതെ പോകുന്ന രോഗാവസ്ഥകളെയും പ്രാരംഭഘട്ടങ്ങളിൽ ഉണ്ടാകുന്ന അവയവങ്ങളുടെ പ്രവർത്തന വ്യതിയാനങ്ങളെയും കൃത്യമായി തിരിച്ചറിയുന്നതിൽ സ്പെക്റ്റ് ഏറ്റവും മികച്ച നിർണയമാർഗ്ഗങ്ങളിലൊന്നാണിത്.

അൾട്രാസൗണ്ട്, എക്സ്റേ, സിടി, എംആർഐ എന്നിവ ശരീരഘടനയെക്കുറിച്ചുള്ള വിവരങ്ങൾ നല്കുന്നതാകുമ്പോൾ, ന്യൂക്ലിയർ മെഡിസിൻ സ്കാനുകളായ സ്പെക്റ്റ്, പെറ്റ് സിടി എന്നിവ അവയവങ്ങളുടെ പ്രവർത്തനങ്ങളെയാണ് വിലയിരുത്തുന്നത്. ന്യൂക്ലിയർ മെഡിസിൻ പരിശോധനകളിൽ ഉപയോഗിക്കുന്ന മരുന്നിന്റെ അളവ് ഒരു ഗ്രാമിന്റെ ആയിരം ദശലക്ഷത്തിൽ ഒന്ന് മാത്രമായതിനാൽ മറ്റ് സ്കാനുകളുമായി താരതമ്യപ്പെടുത്തുമ്പോൾ റേഡിയേഷന്റെ അളവും വളരെ കുറവാണ്.

കാൻസർ, ഹൃദ്രോഗങ്ങൾ, തൈറോയിഡ് സംബന്ധമായ പ്രശ്നങ്ങൾ, അസ്ഥി സംബന്ധമായ വ്യതിയാനങ്ങൾ, വൃക്കകളുടെ പ്രവർത്തനക്കുറവ് തുടങ്ങിയ വിവിധ മേഖലകളിലുള്ള രോഗത്തിന്റെ സ്വഭാവം, വ്യാപ്തി, പുരോഗതി എന്നിവ മനസ്സിലാക്കുന്നതിനും തലച്ചോറ്, കരൾ, ശ്വാസകോശം തുടങ്ങി ശരീരത്തിലെ വിവിധ അവയവങ്ങളുടെ പ്രവർത്തനം വിലയിരുത്തി രോഗം നിർണയിക്കുകയും ചികിത്സയുടെ പുരോഗതി നിരീക്ഷിക്കുന്നതിനും ഗാമ ക്യാമറ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നു.

രോഗബാധിതമായ കോശങ്ങളെ മാത്രം ലക്ഷ്യമാക്കി ചികിത്സ നല്കുന്നതിനും ആരോഗ്യമുള്ള കോശങ്ങളെ റേഡിയേഷന്റെ പാർശ്വഫലങ്ങളിൽ നിന്ന് പരമാവധി സംരക്ഷിക്കുന്നതിനും ന്യൂക്ലിയർ മെഡിസിൻ തെറാപ്പി സഹായിക്കുന്നു. തൈറോയിഡ് കാൻസർ, പ്രോസ്റ്റേറ്റ് കാൻസർ, പോളിസൈത്തീമിയാ, ന്യൂറോഎൻഡോക്രൈൻ ട്യൂമറുകൾ തുടങ്ങി നിരവധി കാൻസറുകൾക്കാണ് ന്യൂക്ലിയർ മെഡിസിൻ ഉപയോഗിച്ച് ചികിത്സ നടത്തുന്നത്. ന്യൂക്ലിയർ മെഡിസിൻ ചികിത്സ ഹൈപ്പർ തൈറോയിഡിസത്തിനും വളരെ ഫലപ്രദമാണ്.

മയോകാർഡിയൽ പെർഫ്യൂഷൻ ആൻഡ് ഫംഗ്ഷൻ സ്റ്റഡി, റീനോഗ്രാം, റീനൽ കോർട്ടിക്കൽ ഇമേജിംഗ്, ട്രാൻസ്പ്ലാന്റ് കിഡ്നി സ്റ്റഡി, തൈറോയിഡ് സ്കാൻ, പാരതൈറോയ്ഡ് സ്കാൻ, ബോൺ സ്കാൻ, ഹെപറ്റോബിലിയറി ആൻഡ് ഗാസ്ട്രോയിന്റസ്റ്റൈനൽ സ്കാൻ, ഡിമെൻഷ്യ അസസ്മെന്റ് സ്റ്റഡികൾ തുടങ്ങിയവയാണ് സ്പെക്റ്റ് സ്കാനറിലൂടെ ചെയ്യാൻ കഴിയുന്ന പ്രധാന പരിശോധനകൾ.

ചടങ്ങിൽ ഹോസ്പിറ്റൽ സിഇഒ റവ.ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ, ഡയറക്ടർമാരായ റവ.ഫാ. ജോസ് കീരഞ്ചിറ, റവ.ഡോ. ജോസഫ് കരികുളം, റവ.ഡോ. ഇമ്മാനുവൽ പറേക്കാട്ട്, റവ.ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, റവ.ഫാ. മാത്യു ചേന്നാട്ട്, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കൊമഡോർ ഡോ. പോളിൻ ബാബു, ഓങ്കോ സയൻസസ് വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. റോണി ബെൻസൺ, ന്യൂക്ലിയർ മെഡിസിൻ വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ബ്രിഗേഡിയർ (ഡോ.) എം.ജെ. ജേക്കബ് (റിട്ട.), സർജിക്കൽ ഓങ്കോളജി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. ജോഫിൻ കെ. ജോണി, റേഡിയേഷൻ ഓങ്കോളജി വിഭാഗം കോ-ഓർഡിനേറ്ററും കൺസൾട്ടന്റുമായ ഡോ. സോൺസ് പോൾ, അസോസിയേറ്റ് കൺസൾട്ടന്റുമാരായ ഡോ. ആൻസി മാത്യു, ഡോ. വിഷ്ണു രഘു, ന്യൂക്ലിയർ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ. ജയേഷ് എം. എന്നിവർ പങ്കെടുത്തു.



മാർസ്ലീവാ മെഡിസിറ്റി പാലായിലെ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസേർച്ച് സെന്ററിൽ സ്ഥാപിച്ച അത്യാധുനിക ഗാമ ക്യാമറ സ്പെക്റ്റ് യൂണിറ്റിന്റെ ഉദ്ഘാടനത്തിനുശേഷം ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ മെഡിക്കൽ സംഘത്തോടൊപ്പം. ഹോസ്പിറ്റൽ സിഇഒ റവ.ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ, ഡയറക്ടർമാരായ റവ.ഫാ. ജോസ് കീരഞ്ചിറ, റവ.ഡോ. ജോസഫ് കരികുളം, റവ.ഡോ. ഇമ്മാനുവൽ പറേക്കാട്ട്, റവ.ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, റവ.ഫാ. മാത്യു ചേന്നാട്ട്, എയർ കൊമഡോർ ഡോ. പോളിൻ ബാബു, ഡോ. റോണി ബെൻസൺ, ബ്രിഗേഡിയർ (ഡോ.) എം.ജെ. ജേക്കബ് (റിട്ട.), ഡോ. ജോഫിൻ കെ. ജോണി, ഡോ. സോൺസ് പോൾ, ഡോ. ആൻസി മാത്യു, ഡോ. വിഷ്ണു രഘു, ന്യൂക്ലിയർ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ. ജയേഷ് എം. എന്നിവർ സമീപം.



മാർ സ്ലീവാ മെഡിസിറ്റി പാലായിലെ മാർ സ്ലീവാ കാൻസർ ആൻഡ് റിസേർച്ച് സെന്ററിൽ സ്ഥാപിച്ച അത്യാധുനിക ഗാമ ക്യാമറ സ്പെക്റ്റ് യൂണിറ്റിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ നിർവഹിക്കുന്നു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കൊമഡോർ ഡോ. പോളിൻ ബാബു, ബ്രിഗേഡിയർ (ഡോ.) എം.ജെ. ജേക്കബ് (റിട്ട.), ഡോ. ജയേഷ് എം., ഡോ. റോണി ബെൻസൺ, റവ.ഫാ. ജോസ് കീരഞ്ചിറ, ഡോ. സോൺസ് പോൾ, ഹോസ്പിറ്റൽ സിഇഒ റവ.ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ എന്നിവർ സമീപം.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 90.74 |
| യൂറോ | 106.59 |
| സ്റ്റെർലിംഗ്പൗണ്ട് | 121.45 |
| സ്വിസ് ഫ്രാങ്ക് | 114.04 |
| സിംഗപ്പൂർ ഡോളർ | 70.40 |
| കനേഡിയൻ ഡോളർ | 65.93 |
| ഒമാൻ റിയാൽ | 235.98 |
| ബഹ്റൈൻ ദിനാർ | 240.71 |
| സൗദി റിയാൽ | 24.18 |
| യു.എ.ഇ. ദിർഹം | 24.70 |
| കുവൈത്ത് ദിനാർ | 295.73 |



# ഇന്ത്യയിലെ ഏറ്റവും വലിയ സ്വർണശേഖരങ്ങളിലൊന്ന് കർണാടകയിൽ കണ്ടെത്തി

ബംഗളൂരു: ഇന്ത്യയിലെ ഏറ്റവും വലിയ സ്വർണശേഖരങ്ങളിലൊന്ന് കർണാടകയിൽ കണ്ടെത്തി. കൊപ്പൽ ജില്ലയിലെ വനത്തിലാണു സ്വർണം 'ഒളിച്ചിരിക്കുന്നത്'.

പക്ഷേ, അത് ഖനനം ചെയ്തെടുക്കാനാകില്ല. സ്വർണഖനനം വാണിജ്യപരമായി ലാഭകരമാകാൻ ആവശ്യമുള്ളതിന്റെ 47 ഇരട്ടി സ്വർണമാണു കണ്ടെത്തിയത്. ടണ്ണിന് 12-14 ഗ്രാം വരെ സ്വർണത്തിന്റെ സാന്നിധ്യമാണു കണ്ടെത്തിയത്. പക്ഷേ, പരിസ്ഥിതി ലോല പ്രദേശമായതിനാൽ ഖനനം സാധ്യമാകില്ല. റായ്ചൂരിലെ അമരേശ്വര ബ്ലോക്കിൽ ബാറ്ററി നിർമാണത്തിന് ആവശ്യമായ ലിഥിയത്തിന്റെ ശേഖരവും കണ്ടെത്തി. എന്നാൽ, ഈ നിക്ഷേപങ്ങളെല്ലാം സംരക്ഷിത വനമേഖലയിൽ ഉൾപ്പെടുന്നതിനാൽ അവ പൂർണമായും ഖനനം ചെയ്യാനാകില്ല. സംസ്ഥാനത്തെ ഖനി, ഭൂമിശാസ്ത്ര വകുപ്പ് സ്ഥിരീകരിച്ച ഈ കണ്ടെത്തലുകൾ 65 ബ്ലോക്കുകളിലായി നടത്തിയ പരിശോധനയുടെ ഭാഗമാണ്. കൊപ്പലിലെ അമരാപൂർ ബ്ലോക്കിലെ പ്രാരംഭ പരിശോധനകളിൽ ഉപരിതല സാമ്പിളുകളിൽ ടണ്ണിന് 14 ഗ്രാം വരെ സ്വർണം കണ്ടെത്തിയിട്ടുണ്ട്. ഇത് ഖനനം ലാഭകരമാക്കുന്ന 2-3 ഗ്രാം/ടൺ എന്ന നിലയേക്കാൾ വളരെ കൂടുതലാണ്.

റായ്ചൂരിലാകട്ടെ, സംസ്ഥാനത്ത് ആദ്യമായി ലിഥിയം അടങ്ങിയ പെഗ്മറ്റൈറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതു ലിഥിയം നിക്ഷേപങ്ങളുടെ ദേശീയ പട്ടികയിൽ ജമ്മു കശ്മീരിനും ഛത്തീസ്ഗഢിനും ഒപ്പം കർണാടകയെയും ഉൾപ്പെടുത്തും. വനം, പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് ആദ്യഘട്ട അനുമതി ലഭിക്കാതെ കുറച്ച് മീറ്ററുകളിൽ കൂടുതൽ ആഴത്തിൽ ഖനനം ചെയ്യാനാകില്ല. അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. കർണാടകയിലുടനീളം 65 ബ്ലോക്കുകളിൽ ചെമ്പ്, കൊബാൾട്ട്, ബോക്സൈറ്റ്, ക്രോമിയം നിക്ഷേപങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നിലവിലുള്ള സൂചന അനുസരിച്ച് പ്രതിദിനം 25-30 കിലോഗ്രാം സ്വർണം ഉത്പാദിപ്പിക്കാൻ കഴിയും. ഇന്നത്തെ നിരക്കിൽ അത് പ്രതിദിനം 18-22 കോടി രൂപ വരുമാനം നൽകും. ചട്ടങ്ങളിൽ ഇളവ് ലഭിക്കാൻ കർണാടക സർക്കാർ സമിതി രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ട അനുമതി ലഭിക്കുകയാണെങ്കിൽ കൂടുതൽ വിശദമായ പരിശോധനകൾ നടത്തും.

എല്ലാ അനുമതിയും ലഭിച്ചാലും വാണിജ്യപരമായ ഖനനം 5-8 വർഷങ്ങൾക്കു ശേഷമേ സാധ്യമാകൂ.

# ഓസ്ട്രേലിയയിൽ കുട്ടികൾക്ക് സോഷ്യൽമീഡിയ വിലക്ക്

കാൻബറ: കുട്ടികൾക്ക് സോഷ്യൽ മീഡിയ നിരോധനം നടപ്പാക്കിയ ആദ്യരാജ്യമായി ഓസ്ട്രേലിയ. 16-ന് താഴെയുള്ള എല്ലാവർക്കും സോഷ്യൽ മീഡിയ ഉപയോഗം നിരോധിക്കുന്ന സർക്കാർ ഉത്തരവ് പ്രാബല്യത്തിലായി. ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, എക്സ്, സ്നാപ്ചാറ്റ്, ടിക്ടോക്, റെഡ്ഡിറ്റ് തുടങ്ങിയ സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളിൽ കുട്ടികളെ അനുവദിക്കരുതെന്നാണ് സർക്കാർ നിർദേശം. ലംഘിച്ചാൽ കടുത്ത പിഴ ഒടുക്കേണ്ടിവരും.

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ ഉടമകളായ മെറ്റ പോലുള്ള ടെക് കമ്പനികളും അഭിപ്രായസ്വാതന്ത്ര്യവാദികളും നിരോധനത്തെ എതിർക്കുന്നുണ്ട്. അതേസമയം, മാതാപിതാക്കളും രക്ഷിതാക്കളും സർക്കാരിനൊപ്പമാണ്. കുട്ടികളുടെ മാനസികാരോഗ്യവും സുരക്ഷയും കണക്കിലെടുത്ത് ഓസ്ട്രേലിയൻ സർക്കാർ നടപ്പിലാക്കുന്ന നിരോധനം ലോകരാജ്യങ്ങൾ ശ്രദ്ധയോടെ വീക്ഷിക്കുന്നതായാണ് റിപ്പോർട്ട്. പല പാശ്ചാത്യ രാജ്യങ്ങളും കുട്ടികളുടെ സോഷ്യൽ മീഡിയ ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതു പരിഗണിച്ചുവരികയാണ്. ഓസ്ട്രേലിയൻ നിരോധനത്തിന്റെ ഫലക്ഷമത ഈ രാജ്യങ്ങൾ വിലയിരുത്തും.

# തൊഴിലുറപ്പിൽ കേരളത്തിന് കുടിശ്ശിക 805 കോടി

കൊല്ലം: തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ വേതനമടക്കം കേരളത്തിന് ലഭിക്കാനുള്ള കുടിശ്ശിക 805 കോടിയായി. ഇതിൽ സാധാരണ അവിദഗ്ധ തൊഴിലാളികളുടെ വേതനമാണ് 405 കോടിയോളം രൂപ. കേന്ദ്രസർക്കാർ തുക നൽകാത്തത് പദ്ധതിയെ പ്രതിസന്ധിയിലാക്കി. ഒക്ടോബർമുതൽ വേതനം നൽകിയിട്ടില്ല.

കേരളത്തിന് അനുവദിച്ച അഞ്ചു കോടി തൊഴിൽദിനങ്ങളുടെ ടാർജറ്റ് നവംബർ മൂന്നാം വാരത്തിൽതന്നെ മറികടന്നു. നിലവിൽ 5.5 കോടി തൊഴിൽദിനങ്ങൾ കേരളം നൽകിക്കഴിഞ്ഞിട്ടുണ്ട്. അനുവദിച്ച ലേബർ ബജറ്റിന്റെ 110 ശതമാനമാണിത്. തൊഴിൽദിനങ്ങൾ വർധിപ്പിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാർ കണക്കിലെടുത്തിട്ടില്ല.

തൊഴിൽ ചെയ്താൽ ഏഴുമുതൽ 14 ദിവസത്തിനകം കൂലി നിർബന്ധമായും കൊടുക്കണമെന്നാണ് തൊഴിലുറപ്പ് നിയമം പറയുന്നത്. ഇല്ലെങ്കിൽ വേതനം താമസിച്ചതിനുള്ള നഷ്ടപരിഹാരം നൽകേണ്ടിവരും. എന്നാൽ, കേന്ദ്രസർക്കാർ കൊണ്ടുവന്ന ഭേദഗതി പ്രകാരം കേന്ദ്ര പൂളിൽ തുക ഇല്ലെങ്കിൽ വേതനം താമസിച്ചതിനുള്ള നഷ്ടപരിഹാരത്തിന് അവകാശമില്ലെന്നായി. കഴിഞ്ഞ സാമ്പത്തികവർഷം കേരളത്തിന് ആറുകോടി തൊഴിൽദിനങ്ങളാണ് അനുവദിച്ചിരുന്നതെങ്കിലും സംസ്ഥാനം 8.95 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരുന്നു. ഈ വർഷം ഇതുവരെ 2,387.42 കോടി രൂപയാണ് പദ്ധതിച്ചെലവ്. ഇതിൽ 2,049 കോടി രൂപയും അവിദഗ്ധ തൊഴിലാളികളുടെ വേതനമായി അവരുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകിയതാണ്.

കഴിഞ്ഞ സാമ്പത്തികവർഷം 4,011.53 കോടി രൂപയായിരുന്നു ചെലവ്. ഇതിൽ 3,488 കോടിയും സാധാരണ തൊഴിലാളികളുടെ വേതനമായിരുന്നു. ഭരണച്ചെലവും വേതനവും 100 ശതമാനവും നൽകേണ്ടത് കേന്ദ്രസർക്കാരാണ്. ബാക്കിയുള്ള ചെലവുകൾ 75:25 അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും വഹിക്കണം.

# മലയാളി വിദ്യാർത്ഥിനിക്ക് അമേരിക്കൻ സർവകലാശാല അവാർഡ്



തിരുവനന്തപുരം: അമേരിക്കയിലെ ഒഹായോ സംസ്ഥാനത്തെ യൂണിവേഴ്സിറ്റി ഓഫ് ടൊളീഡോ യൂണിവേഴ്സിറ്റിയിലെ മികച്ച വിദ്യാർത്ഥികൾക്ക് നല്കുന്ന ഔട്ട്സ്റ്റാൻഡിംഗ് സീനിയർ ഫോർ കാമ്പസ് ആൻഡ് കമ്യൂണിറ്റി കോൺട്രിബ്യൂഷൻസ് അവാർഡിന് മലയാളി വിദ്യാർത്ഥി തുവയൂർ സ്വദേശിനി അമല ബാബു തോമസ് അർഹയായി. കാമ്പസിലെ വിവിധ സംഘടനകളിലെയും കമ്യൂണിറ്റിയിലെയും പ്രവർത്തനങ്ങൾ, നേതൃത്വ മികവ്, സാമൂഹിക സേവന തല്പരത എന്നിവ കണക്കിലെടുത്താണ് അമലയ്ക്ക് അവാർഡ് നല്കിയത്.

പത്തനംതിട്ട ജില്ലയിലെ അടൂർ തുവയൂർ സ്വദേശികളായ ബാബു കെ. തോമസിന്റെയും ലിനി ബാബുവിന്റെയും ഏകമകളായ അമല തുവയൂർ ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, അബുദാബി സൺറൈസ് ഇംഗ്ലീഷ് പ്രൈവറ്റ് സ്കൂൾ, മുംബൈ സെന്റ് സേവ്യേഴ്സ് കോളജ് എന്നിവിടങ്ങളിലെ പഠനത്തിനുശേഷമാണ് എൻവയൺമെന്റൽ എൻജിനീയറിങ് (മേജർ), പീസ് ആൻഡ് ജസ്റ്റിസ് (മൈനർ) പഠനത്തിനായി യൂണിവേഴ്സിറ്റി ഓഫ് ടൊളീഡോയിൽ ചേരുന്നത്.

# ഒളിവിൽനിന്ന് പുറത്തെത്തി രാഹുൽ വോട്ട് ചെയ്തു

പാലക്കാട്: ലൈംഗികപീഡനക്കേസിൽ മുൻകൂർ ജാമ്യം കിട്ടിയ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ ഒളിവിൽനിന്നു പുറത്തെത്തി വോട്ട് ചെയ്തു. പാലക്കാട് നഗരസഭയിലെ 24-ാം വാർഡ് കുന്നത്തൂർമേട് നോർത്തിലെ സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ എംഎൽഎ വോട്ട് ചെയ്തു. സ്കൂളിനു പുറത്ത് രാഹുലിനെതിരെ പ്രതിഷേധം ഉണ്ടായി. തനിക്കു പറയാനുള്ളതും തനിക്കെതിരെ പറയുന്നതും കോടതിയുടെ മുന്നിലാണെന്നും സത്യം ജയിക്കുമെന്ന ആത്മവിശ്വാസം ഉണ്ടെന്നും പാലക്കാട്ടു തന്നെ ഉണ്ടാകുമെന്നും രാഹുൽ പറഞ്ഞു. തുടർന്ന് തന്റെ ഓഫീസിലെത്തി ജീവനക്കാരുമായി ഔദ്യോഗിക വിഷയങ്ങൾ ചർച്ചചെയ്തശേഷം മടങ്ങി.




ലൈംഗികമായി പീഡിപ്പിച്ചെന്നും ഗർഭഛിദ്രത്തിനു നിർബന്ധിച്ചെന്നും ആരോപിച്ച് യുവതി മുഖ്യമന്ത്രിക്കു പരാതി നൽകിയതിനു പിന്നാലെ ഒളിവിൽ പോയ രാഹുൽ രണ്ടാഴ്ചയ്ക്കു ശേഷമാണ് മണ്ഡലത്തിൽ തിരിച്ചെത്തിയത്. എംഎൽഎ ബോർഡ്വെച്ച കാറിലാണ് രാഹുൽ വോട്ട് ചെയ്യാനെത്തിയത്. ഒളിവിടത്തിൽനിന്നു മറ്റൊരു വാഹനത്തിൽ എത്തിയ രാഹുൽ നഗരപരിധിയിൽവെച്ചാണ് എംഎൽഎ ബോർഡുള്ള കാറിൽ കയറിയത്. കെഎസ്‌യു ജില്ലാ സെക്രട്ടറി എസ്. മുഹമ്മദ് ഇക്ബാൽ ഒപ്പമുണ്ടായിരുന്നു.

പോളിങ് ബൂത്തിലെത്തിയ രാഹുലിന് ഒരു കോൺഗ്രസ് പ്രവർത്തകൻ ബൊക്കെ നീട്ടി. ടൗൺ സൗത്ത് എസ്ഐ വി. ഹേമലതയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം ഏറെ പണിപ്പെട്ട് എംഎൽഎയെ രണ്ടാം നമ്പർ ബൂത്തിലെത്തിച്ചു. അഞ്ച് മിനിറ്റിനുള്ളിൽ വോട്ട് രേഖപ്പെടുത്തി പുറത്തിറങ്ങിയ എംഎൽഎയെ പോലീസ് വലയത്തിലാണ് വാഹനത്തിലെത്തിച്ചത്.

രാഹുൽ മടങ്ങുമ്പോൾ രണ്ട് പേർ പൂവൻകോഴിയുടെയും തൊട്ടിലിന്റെയും ചിത്രം ഉയർത്തി പ്രതിഷേധിച്ചു. എംഎൽഎ ഓഫീസിലേക്കുള്ള യാത്രയ്ക്കിടെ ചായ കുടിക്കാൻ ഹോട്ടലിൽ കയറിയപ്പോൾ മാധ്യമപ്രവർത്തകർ വളഞ്ഞെങ്കിലും ചോദ്യങ്ങളോടു പ്രതികരിച്ചില്ല.

# ന്യൂനപക്ഷ സ്കൂളുകളെ ഒഴിവാക്കിയതിനെതിരായ ഹർജിക്ക് ഒരു ലക്ഷം പിഴ

ന്യൂഡൽഹി: വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകളിൽ നിന്നു ന്യൂനപക്ഷ സ്കൂളുകളെ ഒഴിവാക്കിയ മുൻ ഉത്തരവിനെതിരായ ഹർജിയിൽ സുപ്രീംകോടതി ഒരു ലക്ഷം രൂപ പിഴ ചുമത്തി. ഇത്തരം ഹർജികൾ ഫയൽ ചെയ്തു ജുഡീഷ്യറിയെ തരംതാഴ്ത്തരുതെന്ന് ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസുമാരായ ബി.വി. നാഗരത്ന, ആർ. മഹാദേവൻ എന്നിവരുടെ ബെഞ്ച് ഹർജിക്കാരന് പിഴ ചുമത്തിയത്. സുപ്രീംകോടതിയുടെ സ്വന്തം വിധിന്യായങ്ങൾക്കെതിരെ ഇത്തരം ഹർജികൾ ഫയൽചെയ്യാൻ അഭിഭാഷകന് എങ്ങനെ ഉപദേശം നല്കാൻ സാധിക്കുന്നുവെന്നും ബെഞ്ച് ചോദിച്ചു. വിദ്യാഭ്യാസ അവകാശനിയമത്തിൽനിന്ന് ന്യൂനപക്ഷ സ്കൂളുകൾക്ക് സംരക്ഷണം നല്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നു പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് വോയ്സ് ഓഫ് എഡ്യൂക്കേഷൻ ഫോറം എന്ന സർക്കാരിതര സംഘടനയാണ് സുപ്രീംകോടതിയെ സമീപിച്ചത്. എന്നാൽ, ഇത്തരം ഹർജികൾ നീതിന്യായ വ്യവസ്ഥയ്ക്ക് എതിരാണെന്ന് ബെഞ്ച് നിരീക്ഷിച്ചു. ഇത്തരം ഹർജികൾ ഫയൽ ചെയ്തു രാജ്യത്തെ നിയമസംവിധാനത്തെ തകർക്കരുതെന്നും കോടതി അഭിപ്രായപ്പെട്ടു. മതപരവും ഭരണഘടനാപരവുമായ ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അവകാശം നല്കുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 30 (1) പ്രകാരം കേന്ദ്രസർക്കാർ പാസാക്കിയ വിദ്യാഭ്യാസ അവകാശനിയമം ബാധകമാകില്ലെന്നായിരുന്നു 2014-ലെ സുപ്രീംകോടതി ഉത്തരവ്.

# കേരളത്തിന്റെ മതസൗഹാർദ സംസ്കാരം പഠിക്കാൻ ജർമൻ എംപിമാരുടെ സംഘം

കൊച്ചി: വ്യക്തിസ്വാതന്ത്ര്യം അംഗീകരിക്കുന്നതാണ് ജർമൻ നയമെന്നും തങ്ങൾ മതസൗഹാർദം ആഗ്രഹിക്കുന്നുവെന്നും ജർമനിയിൽനിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ സംഘം അഭിപ്രായപ്പെട്ടു. ഇന്ത്യയും ജർമനിയും തമ്മിൽ സാംസ്കാരിക, മതാന്തര മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിനു വലിയ സാധ്യതകളുണ്ടെന്നും ഇരുരാജ്യങ്ങളും തമ്മിലുള്ള സാംസ്കാരികമായ സഹകരണവും അനിവാര്യമാണെന്നും ഇവർ കൂട്ടിച്ചേർത്തു. മതസൗഹാർദത്തെയും സഹവർത്തിത്വത്തെയും കുറിച്ച് എറണാകുളം ചാവറ കൾച്ചറൽ സെന്റർ ജർമൻ കോൺസുലേറ്റുമായി സഹകരിച്ചു നടത്തിയ കോൺക്ലേവിലാണ് (റിലീജിയസ് ഹാർമണി ആൻഡ് കോ എക്സിസ്റ്റൻസ്-ദ കേരള മോഡൽ) ജർമൻ പാർലമെന്റംഗങ്ങൾ ഇക്കാര്യം പറഞ്ഞത്. സിഎംഐ സഭ പ്രിയോർ ജനറൽ റവ. ഡോ. തോമസ് ചാത്തംപറമ്പിൽ അധ്യക്ഷത വഹിച്ചു. കോൺസുലേറ്റ് ജനറൽ അക്കിം ബർക്കർട്ട് മുഖ്യപ്രഭാഷണം നടത്തി.

# SEEKING BRIDEGROOM

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

# SEEKING BRIDEGROOM CONTD.....

invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to
**shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## എൻ.വി. പൈലി

**പൈങ്ങോട്ടൂർ:** നെടുംപുറത്ത് എൻ.വി. പൈലി (96) അന്തരിച്ചു. ഭാര്യ പോത്താനിക്കാട് കൂറ്റപ്പിള്ളിൽ പരേതയായ ബ്രിജിറ്റ്. മക്കൾ: ജോസ്, ഗ്ലയിസ് (ഇരുവരും യുഎസ്), മരീന, കൊച്ചുറാണി (കാനഡ), സാബു. മരുമക്കൾ: ഡോ. റോസ്മേരി തകിടിയിൽ, നാഗപ്പുഴ നീറനാൽ ഷിബി (ഇരുവരും യുഎസ്), മൂലമറ്റം പുളിക്കൽ ഷാജു, നാഗപ്പുഴ നീറനാൽ ബേബി (കാനഡ), ഉടുമ്പന്നൂർ തച്ചിലേടത്ത് ഷീബ.

**ശ്രീമൂലനഗരം:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിലെ എറണാകുളം തിരുഹൃദയ പ്രോവിൻസ് കൈപ്രകൃപാസദൻ ഭവനാംഗം സിസ്റ്റർ ജോസിറ്റ് (88) അന്തരിച്ചു.

## ഏലിയാമ്മ ജോർജ്

**അരീക്കര:** ചെറുകര (തണ്ടനോലിയ്ക്കൽ) ഏലിയാമ്മ ജോർജ് (90) അന്തരിച്ചു. കണ്ണങ്കര വലിയവീട്ടിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ജോർജ് ജോസഫ്. മക്കൾ: ജോമി, ജിമ്മി, ജയ. മരുമക്കൾ: അറയ്ക്കൽ തോമസ്, റെനി വെട്ടിക്കാട്ട് (ഇരുവരും യുഎസ്), മണക്കുളം റോജി ജോസഫ് (ബെംഗളൂരു).

## പി.ഡി. ആന്റണി

**കളത്തിപ്പടി:** പടിഞ്ഞാറ്റേൽ പി.ഡി. ആന്റണി (75) അന്തരിച്ചു. ഐപിസി ഫിലാഡൽഫിയ സഭാംഗമായിരുന്നു. ഭാര്യ കടുകുന്നേൽ ലൂസി ആന്റണി. മക്കൾ: ആൽബിൻ (യുഎസ്), റോബിൻ ബെംഗ്ലൂരു).

**മോനിപ്പള്ളി:** ഞാറക്കുളത്ത് പാണ്ടിയാംമാക്കൽ (തടിപ്പുര) ലിസി ജോർജ് (77) അന്തരിച്ചു.

**ചങ്ങനാശേരി:** ചെത്തിപ്പുഴ മുള്ളൻകുഴി കാവാലം ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ റിട്ട. ടീച്ചർ മേരിക്കുട്ടി ജോസഫ് (73) അന്തരിച്ചു.

## ചെറിയാൻ മാത്യു


**തിരുവനന്തപുരം:** പരുത്തിപ്പാറ പത്തിൽ ചെറിയാൻ മാത്യു (അച്ചൻകുഞ്ഞ്-81) അന്തരിച്ചു. ഭാര്യ പരേതയായ ആനി ചെറിയാൻ (കണ്ണമല മാപ്രാമ്പള്ളിൽ മല്ലപ്പള്ളി). മക്കൾ: അൻസു കോശി, ഷീനു ഏബ്രഹാം (ഇരുവരും യുഎസ്), മേരി മാത്യു. മരുമക്കൾ: കായംകുളം പൂശാരി ബംഗ്ലാവിൽ മനു കോശി, തിരുവനന്തപുരം ചാരുനിൽക്കുന്നതിൽ ജോർജ് ഏബ്രഹാം, കോട്ടയം മണലേൽച്ചിറയിൽ ഫാ. മാത്യു ജേക്കബ്.

**അതിരമ്പുഴ:** ഒഴുവക്കണ്ടത്തിൽ ജോർജ് സെബാസ്റ്റ്യൻ (61) അന്തരിച്ചു.

**കുറിച്ചിത്താനം:** പൊറവൂർ അഗസ്റ്റിൻ ജോസഫ് (71) അന്തരിച്ചു.

**തിരുവല്ല:** താമരപ്പള്ളിൽ സാം ടി. കുരുവിള (കുഞ്ഞുമോൻ-85) അന്തരിച്ചു.

## ജോൺ വർഗീസ് പുത്തൻപുരയിൽ



**ഡാളസ്:** പത്തനാപുരം പിടവൂർ പുത്തൻപുരയിൽ ആലുംമൂട്ടിൽ ജോൺ വർഗീസ് (79) ഡാളസിൽ അന്തരിച്ചു. പത്തനംതിട്ട തുവയൂർ മാവുവിള കുടുംബാംഗമായ റാഹേലുകുട്ടി വർഗീസാണ് ഭാര്യ. മക്കൾ: ഹെഫ്സി ജോൺ, ജിപ്സൺ വർഗീസ്, ജെയ്സൺ വർഗീസ് (എല്ലാവരും യുഎസ്). മരുമക്കൾ: പാസ്റ്റർ ജെയ് ജോൺ, ജീന ജോസഫ്, റീന സ്റ്റീഫൻ (എല്ലാവരും യുഎസ്).

**തിരുവനന്തപുരം:** ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപൻ പി.എൻ. പണിക്കരുടെ മകൾ പാൽക്കുളങ്ങര ശ്രീകല്പത്തിൽ (റിട്ട. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ) സി. ഇന്ദിരക്കുട്ടിയമ്മ (83) അന്തരിച്ചു.

**മല്ലപ്പള്ളി:** റിട്ട. ജോയിന്റ് ആർടിഒ മോടയിൽ ഗിൽ ഭവനിൽ ഡോ. എം.പി. കോശി (104) അന്തരിച്ചു.

## എം.വി. മാത്യു

**ചുങ്കപ്പാറ:** കോട്ടാങ്ങൽ സെ. ജോർജ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ മനപ്പുറത്ത് എം.വി. മാത്യു (92) അന്തരിച്ചു. ഭാര്യ പരേതയായ മേരിക്കുട്ടി മാത്യു (തേക്കനാൽ). മക്കൾ: ജോമോൻ (ഐവൻ ടാക്സ് സർവീസ് പല്ലൂർ), ജോൺസൺ (യുഎസ്),പോൾസൺ (ദുബായ്), ജെയിംസ് (ദുബായ്), സുജ (പൂനെ), ജയ (ബഹ്റൈൻ), അനിത (യുകെ), ജയിസൺ (ദുബായ്), പരേതനായ ജോളി. മരുമക്കൾ: സുമ കോയിപ്പുറത്ത് നിരവിൽ, ബിനുമോൾ മുല്ലതലശേരി, സോജി അത്യാൽ, മിനി ചെറുകുന്നേൽ, റീന പുതുപ്പറമ്പിൽ, ജോസുകുട്ടി മാടപ്പാട്, ജോസ് കല്ലൂർ, ബിജു കളത്തിപ്പറമ്പിൽ, റെനി പ്ലാവേലിപറമ്പിൽ.

**പുളിക്കൽ കവല:** എടത്വ പാണ്ടങ്കരി കിളിരൂർചിറയിൽ ആനിക്കുട്ടി ജോൺ (92) അന്തരിച്ചു.

**കൊച്ചി:** ഇടപ്പള്ളി ഇളങ്ങല്ലൂർ സ്വരൂപത്തിലെ വലിയ തമ്പുരാൻ അഡ്വ. വി. ശങ്കരരാജ (94) അന്തരിച്ചു.

**മൂഴിക്കുളം:** എറണാകുളം-അങ്കമാലി അതിരൂപത വൈദികൻ ഫാ. പോൾ കട്ടയ്ക്കത്തൂട്ട് (93) അന്തരിച്ചു.

**പരപ്പ്:** കരിമറ്റം സീലിയ (58) അന്തരിച്ചു.

## ഏലിയാമ്മ ജോസഫ്

**കുര്യനാട്:** പൂവത്തിനാൽ ജോസഫിന്റെ ഭാര്യ ഏലിയാമ്മ ജോസഫ് (80) അന്തരിച്ചു.കളത്തൂർ മൂന്നുതൊട്ടിയിൽ വട്ടുകുളത്തേൽ കുടുംബാംഗമാണ്. മക്കൾ: പി.ജെ. സെബാസ്റ്റ്യൻ (ദുബായ്), സിസ്റ്റർ ജിസ്മി (മുട്ടുചിറ), ഡോ.സിസ്റ്റർ ആൻസ്ലെറ്റ് (ബിഹാർ), ലൈസ (ഓസ്ട്രേലിയ), ഫാ. ഇമ്മാനുവൽ പൂവത്തിനാൽ (യുഎസ്), റാണി (ഓസ്ട്രിയ), റീന (ഐപിഎസ്ആർ കോട്ടയം) റെൻസി (ടീച്ചർ വാഴത്തോപ്പ്), റെജീന (യുഎസ്), റെനിമോൾ (ഓസ്ട്രേലിയ). മരുമക്കൾ: മിനിമോൾ പാക്കത്തുകുന്നേൽ (ദുബായ്), ടോമി വടക്കേത്ത് (ഓസ്ട്രേലിയ), സിറോഷ് പള്ളിക്കുന്നേൽ (ഓസ്ട്രിയ), സിജോ കിഴക്കേപ്പറമ്പിൽ (ആലപ്പുഴ), സുബിൻ അഞ്ചുകണ്ടത്തിൽ (മുരിക്കശേരി), മോജോ പാറോക്കാരൻ (യുഎസ്), ജോഹൻസ് തുടിയൻപ്ലാക്കൽ (ഓസ്ട്രേലിയ).

**ചങ്ങനാശേരി:** കടമാൻചിറ കൊല്ലമന (റാന്നിയിൽ) സ്കറിയാ ചാക്കോയുടെയും മോൾസി സ്കറിയായുടെയും മകൾ സ്നേഹ ട്രീസ സ്കറിയ (17) അന്തരിച്ചു.

## അച്ചാമ്മ ജോൺ



**ഹൂസ്റ്റൺ:** കുണ്ടറ മുളവന പയറ്റുവിള വീട്ടിൽ പി.എം. ജോണിന്റെ ഭാര്യ അച്ചാമ്മ ജോൺ (83) ഹൂസ്റ്റണിൽ അന്തരിച്ചു. പരേത മുളവന എലന്താവിള വീട്ടിൽ കുടുംബാംഗമാണ്. മക്കൾ: ഷൈനി കുര്യൻ, ഷൈജു വർക്കി, സ്റ്റാൻലി ജോൺ (ഷിനോയ്) (എല്ലാവരും ഹൂസ്റ്റൺ). മരുമക്കൾ: ടോമി കുര്യൻ, ജോൺസൺ വർക്കി, ഷെറിൻ ജോൺ (എല്ലാവരും ഹൂസ്റ്റൺ).

**കല്ലാറ:** വാഗമൺ എം.എം.ജെ. പ്ലാന്റേഷൻസ് റിട്ട. ഫീൽഡ് ഓഫീസർ രഞ്ജിത്ത് ഭവൻ കെ.വി. വിശ്വനാഥൻ (77) അന്തരിച്ചു.

## ജോർജ് മാത്യു


**കോട്ടയം:** കഞ്ഞിക്കുഴി ദേവലോകം പുത്തൻപറമ്പിൽ ജോർജ് മാത്യു (ജോർജുകുട്ടി-72) യുഎസിൽ അന്തരിച്ചു. ഭാര്യ: മറ്റോട്ടിമൂട്ടിൽ ജോളി ജോർജ്. മക്കൾ: ജിജോ,ജിജി. മരുമക്കൾ: ബ്ലസി, ബിജു (എല്ലാവരും യുഎസ്).

**ഓമല്ലൂർ:** കാതോലിക്കേറ്റ് എച്ച്എസ് റിട്ട. അദ്ധ്യാപിക ചീക്കനാൽ പാറയ്ക്കൽ എം.പി. റബേക്ക (81) അന്തരിച്ചു.

## പ്രഫ. ജോൺ ജോസഫ്

**കോട്ടയം:** ബസേലിയസ് കോളജ് ബോട്ടണി വിഭാഗം പ്രഫസറായിരുന്ന കോന്നി കല്ലേലി വടക്കേടത്ത് ജോൺ ജോസഫ് (83) അന്തരിച്ചു. ഭാര്യ നൂറനാട് ചിറ്റൂർ ഹൗസ് സൂസൻ ജോൺ (റിട്ട. ടീച്ചർ ഇൻഫന്റ് ജീസസ് സ്കൂൾ മണർകാട്). മക്കൾ: സോജു ഷിബു (കോട്ടയം), മഞ്ജു അലക്സാണ്ടർ (യുഎസ്), നൈജു ജോസഫ് ജോൺ (ദുബായ്). മരുമക്കൾ: ഷിബു കുര്യൻ, അനി അലക്സാണ്ടർ (യുഎസ്), അഞ്ജു അലക്സാണ്ടർ (ദുബായ്).

## വർക്കി പഴൂപറമ്പിൽ



**മാന്നാനം:** സെന്റ് എഫ്രേംസ് സ്കൂൾ റിട്ട. ഹെഡ്മാസ്റ്ററും കുറുമുള്ളൂർ പഴൂപറമ്പിൽ കുടുംബാംഗവുമായ വർക്കി പഴൂപറമ്പിൽ (വർക്കി സാർ-91) അന്തരിച്ചു. ഭാര്യ പരേതയായ മറിയാമ്മ വർക്കി ഏറ്റുമാനൂർ കുഴിക്കോട്ടയിൽ കുടുംബാംഗം. മക്കൾ: ജോഷി (ചിക്കാഗോ), ഷാജി (ചിക്കാഗോ), ജെസ്സി. മരുമക്കൾ: ലിസി, ജെസ്സി, മാത്യു പനച്ചിക്കൽ (വെട്ടിമുകൾ). സഹോദരങ്ങൾ: പരേതരായ തോമസ്, ഏലിക്കുട്ടി, മറിയക്കുട്ടി, ഫാ. ബ്രൂണോ സിഎസ്ടി, കൂടാതെ സിസ്റ്റർ ജസ്റ്റിൻ സിഎസ്എൻ, ജോസ്.

**തൊടുപുഴ:** തട്ടക്കുഴ ഹൈസ്കൂൾ റിട്ട. മലയാളം അദ്ധ്യാപിക തട്ടക്കുഴ തോട്ടത്തിൽ ഇല്ലത്ത് ടി.എസ്. അമ്മുക്കുട്ടി അമ്മാൾ (84) അന്തരിച്ചു.

## വത്സമ്മ ചെറിയാൻ

**ചെങ്ങന്നൂർ:** അങ്ങാടിക്കൽ തെക്ക് തുണ്ടത്തിലേത്ത് വത്സമ്മ (78) അന്തരിച്ചു. മെഴുവേലി വിളയശേരി കുടുംബാംഗമാണ്. ഭർത്താവ് ചെറിയാൻ വർഗീസ്. മക്കൾ: ബിനു, ബിന്ദു (യുഎസ്), അനു. മരുമക്കൾ: നിമ്മി, ജോസ് (യുഎസ്), ബെഞ്ചമിൻ.

**മണർകാട്:** മൂലയിൽ ചെറിയാൻ ജേക്കബ് (78) അന്തരിച്ചു.

**കൊച്ചി:** കോതമംഗലം എം.എ കോളജ് ഹിസ്റ്ററി വിഭാഗം റിട്ട. അദ്ധ്യാപിക കോട്ടപ്പടി കൊറ്റാലിൽ പ്രഫ. പൊന്നമ്മ ജോർജ് (72) അന്തരിച്ചു.

**മാവേലിക്കര:** ആർമി റിട്ട. ഓണററി ക്യാപ്റ്റൻ പോനകം പീസ് വില്ലയിൽ വി.എം. കുര്യൻ (92) അന്തരിച്ചു.

**ഏറ്റുമാനൂർ:** തച്ചിരവേലിൽ ഏലമ്മ ജോസഫ് (68) അന്തരിച്ചു.

## ലീലാമ്മ തോമസ്

**കുടമാളൂർ:** കൊച്ചുപുരയ്ക്കൽ ലാവണ്യയിൽ ലീലാമ്മ തോമസ് (91) അന്തരിച്ചു. ഭർത്താവ് പരേതനായ കെ.ജെ. തോമസ് (റിട്ട.എഇഒ കോട്ടയം). മക്കൾ: ഷീല ഷാജി (യുഎസ്), സോണി കെ. തോമസ് (കീലോക്ക് സെക്യൂരിറ്റി സർവീസ്), മരുമക്കൾ: ഷാജി (യുഎസ്), സൂസമ്മ ജേക്കബ് പള്ളത്തുപറമ്പിൽ കൊല്ലാട്.

## ജി. മോഹൻകുമാർ

**വൈക്കം:** റിട്ട. ഫിഷറീസ് ജോ. ഡയറക്ടർ വടക്കേനട ലക്ഷ്മി വിലാസ് ജി. മോഹൻകുമാർ (79) അന്തരിച്ചു. ഭാര്യ ചന്ദ്രിക. മക്കൾ: ദീപ മോഹൻ (യുഎസ്), സുജിത് മോഹൻ. മരുമക്കൾ: സന്ദീപ് (യുഎസ്), ഗായത്രി സുജിത്.

**കോട്ടയം:** താമരപ്പള്ളി ടി. ജേക്കബ് തോമസ് (ടിറ്റിമോൻ-81) അന്തരിച്ചു.

**ചങ്ങനാശേരി:** മതുമൂല കുന്നത്ത് റിട്ട. കസ്റ്റംസ് ഉദ്യോഗസ്ഥൻ ആന്റണി കുര്യാക്കോസ് (81) അന്തരിച്ചു.

**പാമ്പാടി ഈസ്റ്റ്:** പകലോമറ്റം കൊല്ലംപറമ്പിൽ കുളത്താമ്മാക്കൽ കെ.എസ്. കുറിയാക്കോസ് (91) അന്തരിച്ചു.

**തൊടുപുഴ:** വിമുക്തഭടൻ വെങ്ങല്ലൂർ പുൽപറമ്പിൽ (അജയ് നിവാസ്) എൻ.എസ്. ചന്ദ്രശേഖരൻ നായർ (82) അന്തരിച്ചു.

**പൈക:** വലിയകൊട്ടാരം തൊടുകയിൽ ചിന്നമ്മ പോൾ (83) അന്തരിച്ചു.

## കെ.ഒ. ജോസഫ്

**തിരുവല്ല:** റിട്ട. പ്രിൻസിപ്പൽ കോങ്കര കെ.ഒ. ജോസഫ് (അനിയൻകുഞ്ഞ്-85) അന്തരിച്ചു. ഭാര്യ തുമ്പമൺ കോയിക്കൽ പടിഞ്ഞാറ്റേതിൽ പരേതയായ മേരി ജോസഫ്. മക്കൾ: ക്രിസ്റ്റി (സിംഗപ്പൂർ), ജിജി (യുഎസ്), റജി (കാനഡ). മരുമക്കൾ: കുറിച്ചി പാറയിൽ അനൂജ, കൊച്ചി തെക്കേത്തു താഴത്തിൽ ദീപ, കൊച്ചി മഴുവഞ്ചേരി പറമ്പാത്ത് മെറിൻ.

**ചെറുതോണി:** വാഴത്തോപ്പ് സെ. ജോർജ് യു.പി. സ്കൂൾ റിട്ട. അദ്ധ്യാപിക കൂട്ടുങ്കൽ മറിയക്കുട്ടി ഏബ്രഹാം (84) അന്തരിച്ചു.

**പാലാ:** കാഞ്ഞിരത്തുങ്കൽ കെ.എം. മാത്യു കൂട്ടമ്പുഴയുടെ (റിട്ട. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ) ഭാര്യ പാലാ സെ. മേരീസ് എൽ.പി. സ്കൂൾ റിട്ട. അദ്ധ്യാപിക സാറാമ്മ മാത്യു (79) അന്തരിച്ചു.

**പാലാ:** എഫ്സിസി ജലന്ധർ പ്രോവിൻസിലെ കർത്താർപൂർ പ്രോവിൻസ് ഹൗസ് അംഗം സിസ്റ്റർ ഹെൻട്രിയേറ്റ് താളനാനി (89) അന്തരിച്ചു.

**പരുത്തുംപാറ:** കുന്നേൽ (തോപ്പിൽ) പരേതനായ യോഹന്നാന്റെ ഭാര്യ മറിയാമ്മ (99) അന്തരിച്ചു.

## കെ.എസ്. ഗോപാലകൃഷ്ണൻ നായർ

**കുറവിലങ്ങാട്:** കാട്ടാമ്പാക്ക് മ്ളാലാകുന്നേൽ (വില്ല വിവേക്) കെ.എസ്. ഗോപാലകൃഷ്ണൻ നായർ (74) അന്തരിച്ചു. ഭാര്യ സരസ്വതി നായർ. മക്കൾ: വിവേക് ജി. നായർ (യുഎസ്), വിനീത് ജി. നായർ. മരുമകൾ: ദിവ്യ വിവേക് (യുഎസ്).

## പി.വി. ഡാനിയൽ

**കൊട്ടാരക്കര:** ഉമ്മന്നൂർ സെ. ജോൺസ് വിഎച്ച്എസ്എസ് റിട്ട. അദ്ധ്യാപകനും സെ. ജോൺസ് എൽപിഎസ് മാനേജരുമായിരുന്ന പഴിഞ്ഞത്ത് കണ്ടത്തിൽ പി.വി. ഡാനിയൽ (74) അന്തരിച്ചു. ഭാര്യ കോട്ടയം പുതുപ്പള്ളി ചക്കുവരയ്ക്കൽ ലളിത ഡാനിയൽ.(റിട്ട. അദ്ധ്യാപിക സെ. ജോൺസ് വിഎച്ച്എസ്എസ് ഉമ്മന്നൂർ). മക്കൾ: ഹർഷ (ദുബായ്), വർഷ (യുഎസ്). മരുമക്കൾ: അനീഷ് (ദുബായ്), സന്തോഷ് (യുഎസ്).

## മറിയാമ്മ ഏബ്രഹാം



**ഫിലാഡൽഫിയ:** എബനേസർ ചർച്ച് ഓഫ് ഗോഡ് സഭാംഗം മറിയാമ്മ ഏബ്രഹാം (68) അന്തരിച്ചു. പരേതരായ ഏലിയാസ് സ്കറിയ-ചിന്നമ്മ ഏലിയാസ് എന്നിവരാണ് മാതാപിതാക്കൾ. ഭർത്താവ്: ഏലിയേസർ ഏബ്രഹാം. ബിബിൻ ഏബ്രഹാം മകനും ഡോണ ഏബ്രഹാം മരുമകളുമാണ്. സഹോദരങ്ങൾ: അന്നമ്മ ഏബ്രഹാം (ഫ്ളോറിഡ), അച്ചാമ്മക്കുട്ടി രാജൻ (ന്യൂജേഴ്സി), സ്കറിയ ഏലിയാസ് (ഡാളസ്), സൂസമ്മ പുന്നൂസ്, ലിസി കുര്യാക്കോസ് (ന്യൂജേഴ്സി).

**കളമശേരി:** ഫാക്ട് റിട്ട. ഉദ്യോഗസ്ഥൻ പൈനികുളം പി.ജെ. തോമസ് (82) അന്തരിച്ചു.

**തിരുവനന്തപുരം:** എച്ച്എൻഎൽ ലൈഫ് കെയർ റിട്ട. ഉദ്യോഗസ്ഥനും വലിയവിള എൻഎസ്എസ് കരയോഗം പ്രസിഡണ്ടുമായ തിരുമല ടി.വി. നഗർ വി. സുകുമാരൻ നായർ (81) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** കൊല്ലംകുളം ഡോ. മാത്യു ആന്റണി (മാത്തച്ചൻ-79) അന്തരിച്ചു.

**മാന്നാർ:** കടവിൽ പരേതനായ ജോസഫിന്റെ ഭാര്യ അന്നക്കുട്ടി (ജോസഫ് (95) അന്തരിച്ചു.

**കുത്രപ്പള്ളി:** ആരാധനാ മഠാംഗം സിസ്റ്റർ അൻസിൽ ജോർജിയ വട്ടപ്പറമ്പിൽ (സിസിലിയാമ്മ വർഗീസ്-85) അന്തരിച്ചു.

KERALA EXPRESS Classified

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## *Favors Received*



*Inserted by: Firm Believer, Dallas*

## *Favors Received*



*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Chicago*

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Atlanta*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.


1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Atlanta*

## *Favors Received*



*Inserted by: Firm Believer, New York*

## *Favors Received*



*Inserted by: Firm Believer, New York*

**Visit Our Website:** www.keralaexpress.com for Classified Advt.




# ‘രാജാസാബ്’ ജനുവരി ഒൻപതിന് റിലീസ് ചെയ്യുന്നു

**കോ**രിത്തരിപ്പിക്കുന്ന ബ്രഹ്മാണ്ഡ ദൃശ്യ വിരുന്നായി ഹൊറർ- ഫാന്റസി ചിത്രം രാജാസാബ് തിയറ്ററുകളിൽ എത്താനൊരുങ്ങുകയാണ്. പേടിപ്പെടുത്തുന്നതും അതേസമയം അത്ഭുത ദൃശ്യങ്ങളുമായെത്തിയ ട്രെയിലർ വാനോളം പ്രതീക്ഷയാണ് നൽകിയിരിക്കുന്നത്. ഇപ്പോഴിതാ ചിത്രത്തിനായുള്ള കാത്തിരിപ്പിന് ആവേശവുമായി എത്തിയിരിക്കുകയാണ് ചിത്രത്തിലെ ആദ്യ ഗാനം. അതിൽ കിടിലൻ സ്റ്റൈലിൽ ത്രസിപ്പിക്കുന്ന ചുവടുകളുമായി പ്രേക്ഷക ഹൃദയങ്ങളിൽ ആവേശപ്പെരുമഴതീർത്തിരിക്കുകയാണ് പ്രഭാസ്. ജനുവരി ഒൻപതിനാണ് സിനിമയുടെ വേൾഡ് വൈഡ് റിലീസ്.




തമൻ എസ്. സംഗീത സംവിധാനം നിർവഹിക്കുന്ന റിബൽ സാബ് ഗാനം അത്യന്തം ത്രസിപ്പിക്കുന്നതും കളർഫുള്ളുമാണ്. നിർമൽ എം.ആർ. ആണ് ആവേശം കൊള്ളിക്കുന്ന വരികൾ എഴുതിയിരിക്കുന്നത്. നസീറുദ്ദീൻ, ബ്ലേസ് എന്നിവർ ചേർന്നാണ് ഗാനം ആലപിച്ചിരിക്കുന്നത്. പ്രഭാസിന്റെ ഇരട്ടവേഷം തന്നെയാണ് ചിത്രത്തിന്റെ ഹൈലൈറ്റ്. അതോടൊപ്പം സഞ്ജയ് ദത്തിന്റെയും വേറിട്ട വേഷപ്പകർച്ചയുമുണ്ട്. ടി.ജി. വിശ്വപ്രസാദ് നിർമിച്ച് മാരുതി സംവിധാനം ചെയ്യുന്നതാണ് ഈ ബിഗ് ബജറ്റ് ചിത്രം. ബോക്സോഫീസ് വിപ്ലവം തീർത്ത കൽക്കി 2898 എഡിക്കു ശേഷം പ്രഭാസ് നായകാനായി എത്തുന്ന ചിത്രം ഇന്ത്യൻ സിനിമയിൽ സമാനതകളില്ലാത്തൊരു സൂപ്പർ നാചറൽ ദൃശ്യവിരുന്ന് തന്നെയാകുമെന്നാണ് ലഭിക്കുന്ന സൂചനകൾ.

പ്രഭാസിനു പുറമെ സഞ്ജയ് ദത്ത്, ബൊമൻ ഇറാനി, സെറീന വഹാബ്, നിധി അഗർവാൾ, മാളവിക മോഹനൻ, റിദ്ധി കുമാർ തുടങ്ങിയ നിരവധി താരങ്ങളാണ് ചിത്രത്തിൽ ഒരുമിക്കുന്നത്.

ഹൊറർ ഈസ് ദ ന്യൂ ഹ്യൂമർ എന്ന ടാഗ് ലൈനുമായാണ് എത്തുന്നത് എന്നതിനാൽ തന്നെ തെലുങ്ക്, തമിഴ്, മലയാളം, കന്നഡ, ഹിന്ദി എന്നീ അഞ്ച് ഭാഷകളിലായി പാൻ ഇന്ത്യൻ ചിത്രമായി പ്രദർശനത്തിനെത്തുന്നു. ഇന്ത്യൻ സിനിമയിൽതന്നെ ഒരു ഹൊറർ സിനിമയ്ക്കുവേണ്ടി ഒരുക്കിയിട്ടുള്ള ഏറ്റവും വലിയ സെറ്റാണ് ചിത്രത്തിന്റേത്.

വിവേക് കുച്ചിബോട്ലയാണ് സഹനിർമാതാവ്. ഛായാഗ്രഹണം- കാർത്തിക് പളനി, ചിത്രസംയോജനം- കോത്തഗിരി വെങ്കിടേശ്വര റാവു, വിഎഫ്എക്സ്-ബാഹുബലി ഫെയിം ആർ. സി. കമൽ കണ്ണൻ.

## ‘ധൂമകേതു’ ടൈറ്റിൽ പോസ്റ്റർ പുറത്ത്

പ്രേക്ഷകരേവരും ഏറ്റെടുത്ത സൂക്ഷ്മദർശിനി എന്ന ചിത്രത്തിനു ശേഷം ഹാപ്പി അവേഴ്സ് എന്റർടെയ്മെന്റ്സും എആൻഡ്എച്ച്എസ് പ്രൊഡക്ഷൻ ഹൗസും ചേർന്നു നിർമിക്കുന്ന പുതിയ ചിത്രമായ ധൂമകേതുവിന്റെ സ്വിച്ച് ഓൺ കൊച്ചിയിൽ നടന്നു. നിഖില വിമലും ഷൈൻ ടോം ചാക്കോയും സജിൻ ഗോപുവും സിദ്ധാർഥ് ഭരതനും ഗണപതിയുമാണ് ചിത്രത്തിലെ പ്രധാന താരങ്ങൾ. സുധി മാഡിസൺ ആണ് സംവിധായകൻ. സിനിമയുടെ ടൈറ്റിൽ പോസ്റ്ററും പുറത്തിറക്കി.

സമീർ താഹിർ, ഷൈജു ഖാലിദ്, സജിൻ അലി, അബ്ബാസ് തിരുനാവായ എന്നിവർ ചേർന്ന് നിർമിക്കുന്ന ചിത്രത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് സോണിയും മനുവും ചേർന്നാണ്. ഛായാഗ്രഹണം- ജിന്റോ ജോർജ്, എഡിറ്റർ- ചമൻ ചാക്കോ, സംഗീതം- ജസ്റ്റിൻ വർഗീസ്, കോസ്റ്റ്യൂം- മഷർ ഹംസ, സൗണ്ട് ഡിസൈനർ- രംഗനാഥ് രവി, കാസ്റ്റിങ് ഡയറക്ടർ- ബിനോയ് നമ്പാല, മേക്കപ്പ്- ആർ.ജി. വയനാടൻ, ഗാനരചന- വിനായക് ശശികുമാർ, പ്രൊഡക്ഷൻ ഡിസൈനർ- ഔസേപ്പ് ജോൺ, ചീഫ്. അസോ. ഡയറക്ടർ- ബോബി സത്യശീലൻ, അസോസിയേറ്റ് ഡയറക്ടർമാർ-നിഷാന്ത് എസ്. പിള്ള, വാസുദേവൻ വി.യു, ഡിസ്ട്രിബ്യൂഷൻ- ഭാവന റിലീസ്.

# ‘റേച്ചലി’ൽ നായികയായി ഹണി റോസ്

**പ്ര**ണയവും നൊമ്പരവും പകയും സംഘർഷവും രക്തചൊരിച്ചിലും എല്ലാം ചേർന്നൊരു സിനിമാനുഭവം സമ്മാനിക്കാനായി ഹണി റോസ് നായികയായി തിയറ്ററുകളിൽ എത്തി റേച്ചൽ. പാലായിൽ നിന്നെത്തിയ വേട്ടക്കാരൻ പോത്തുപാറ ജോയിച്ചന്റെ മകൾ റേച്ചലായി കരിയറിൽ ഇതുവരെ കാണാത്ത വേഷപ്പകർച്ചയിൽ ഹണി റോസ് ചിത്രം ഡിസംബർ 5-ന് അഞ്ച് ഭാഷകളിലായി തിയറ്ററുകളിലെത്തി. മലയാളത്തിലെ ശ്രദ്ധേയ സംവിധായകനായ എബ്രിഡ് ഷൈൻ സഹനിർമാതാവും സഹരചയിതാവുമാകുന്ന ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് പുതുമുഖ സംവിധായികയായ ആനന്ദിനി ബാലയാണ്.




രണ്ട് പതിറ്റാണ്ടായി സിനിമാ ലോകത്തുള്ള ഹണിറോസ് ഇറച്ചിവെട്ടുകാരിയായി ഏറെ വ്യത്യസ്തമായ വേഷത്തിലെത്തുന്ന ചിത്രമെന്നതാണ് സിനിമയുടെ ഹൈലൈറ്റ്. ജോയിച്ചനായി ബാബുരാജും ശ്രദ്ധേയ വേഷത്തിലുണ്ട്. പോത്ത് ചന്തയിൽ നിൽക്കുന്ന ഹണിറോസിനെ അവതരിപ്പിച്ചുകൊണ്ടുള്ള സിനിമയുടെ ആദ്യ പോസ്റ്ററുകൾ വലിയ സ്വീകാര്യത നേടിയിരുന്നു. സിനിമയുടെ ടീസറും ഏവരും ഏറ്റെടുത്തിരുന്നു. ആദ്യഗാനമായി ഇറങ്ങിയ കണ്ണിൽ മാരിവില്ലിൻ ചെണ്ട്.. ഏറെസ്വീകാര്യത നേടുകയുണ്ടായി. വയലൻസും രക്തചൊരിച്ചിലും അഭിനയമുഹൂർത്തങ്ങളും നിറഞ്ഞൊരു വ്യത്യസ്തമായൊരു അനുഭവമായിരിക്കും ചിത്രമെന്നതാണ് ട്രെയിലറും നൽകിയിരിക്കുന്ന സൂചന. മലയാളം കൂടാതെ തെലുങ്ക്, കന്നഡ, തമിഴ്, ഹിന്ദി ഭാഷകളിലും ചിത്രം പുറത്തിറങ്ങുന്നുണ്ട്.

ഹണിറോസിനെയും ബാബുരാജിനെയും കൂടാതെ റോഷൻ ബഷീർ, ചന്തു സലിം കുമാർ, രാധികാ രാധാകൃഷ്ണൻ, ജാഫർ ഇടുക്കി, വിനീത് തട്ടിൽ, ജോജി, ദിനേശ് പ്രഭാകർ, പോളി വത്സൻ, വന്ദിത മനോഹരൻ തുടങ്ങിയ വലിയൊരു താരനിരയും ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്നുണ്ട്. ഒരു റിവഞ്ച് ത്രില്ലറായാണ് ചിത്രം നിർമിച്ചിരിക്കുന്നത്.ബാദുഷാസ് സിൽവർ സ്ക്രീൻ എന്റർടെയ്ൻമെന്റിന്റെ ബാനറിൽ മഞ്ജു ബാദുഷ, ഷാഹുൽ ഹമീദ്, രാജൻ ചിറയിൽ എന്നിവർ ചേർന്നാണ് ചിത്രം നിർമിച്ചിരിക്കുന്നത്. രാഹുൽ മണപ്പാട്ടിന്റെ കഥയ്ക്ക് രാഹുൽ മണപ്പാട്ടും എബ്രിഡ് ഷൈനും ചേർന്ന് തിരക്കഥ ഓരുക്കിയിരിക്കുന്നു. ദേശീയ ചലച്ചിത്ര അവാർഡ് ജേതാക്കളായ പ്രഗത്ഭർ റേച്ചലിന്റെ സാങ്കേതിക മേഖലയിൽ അണിനിരക്കുന്നുണ്ട്. ശ്രീ പ്രിയ കമ്പയൻസിലൂടെ ബാദുഷാസ് സിൽവർ സ്ക്രീൻ എന്റർടെയ്ൻമെന്റ് ആണ് ചിത്രത്തിന്റെ വിതരണം നിർവഹിച്ചിരിക്കുന്നത്.

സംഗീതം, പശ്ചാത്തല സംഗീതം- ഇഷാൻ ഛബ്ര, എഡിറ്റർ- മനോജ്, ഛായാഗ്രഹണം- സ്വരൂപ് ഫിലിപ്പ്, പ്രൊഡക്ഷൻ ഡിസൈനർ- സുജിത്ത് രാഘവ്, സൗണ്ട് ഡിസൈൻ- ശ്രീ ശങ്കർ, സൗണ്ട് മിക്സ്- രാജകൃഷ്ണ്‍ എം. ആർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ് - ഷെമി ബഷീർ, ഷൈമാ മുഹമ്മദ് ബഷീർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ- രതീഷ് പാലോട്, സംഘട്ടനം- രാജശേഖരൻ, മാഫിയ ശശി, പി സി സ്റ്റണ്ട്സ്. അഷ്റഫ് ഗുരുക്കൾ, മേക്കപ്പ്- രതീഷ് വിജയൻ, രാജേഷ് നെന്മാറ, കോസ്റ്റ്യൂംസ്- ജാക്കി, കോ പ്രൊഡ്യൂസർ- ഹനാൻ മരമുട്ടം, അർജുൻ ജീവ, ലൈൻ പ്രൊഡ്യൂസേഴ്സ്- പ്രിജിൻ ജെ.പി, മാത്യു എക്സിക്യൂട്ടീവ്- സക്കീർ ഹുസൈൻ, ഗാനരചന- ബി. കെ. ഹരിനാരായണൻ, വിനായക് ശശികുമാർ, രാഹുൽ മണപ്പാട്ട്, പബ്ലിസിറ്റി ഡിസൈൻ- ടെൻ പോയിന്റ് , സ്റ്റിൽസ്- നിദാദി കെ.എൻ, വിഎഫ്എക്സ്- ലൈവ് ആക്ഷൻ സ്റ്റുഡിയോസ്, ഡിഐ- ഇന്ത്യൻ സിനിമ കമ്പനി, ട്രെയിലർകട്ട്- ഡോൺ മാക്സ്, ടീസർ സബ്ടൈറ്റിൽ- വിവേക് രഞ്ജിത്ത്, ലീഗൽ അഡ്വൈസർ മുഹമ്മദ് സിയാദ്, ഡിജിറ്റൽ മാർക്കറ്റിങ്-ഒബ്സ്ക്യൂറ എന്റർടെയ്ൻമെന്റ്.




# മലയാളത്തിലും തമിഴിലും റിലീസിനൊരുങ്ങി ഒരുപിടി ചിത്രങ്ങളുമായി നരേന്റെ സിനിമാ വിശേഷങ്ങൾ



മോഹിപ്പിക്കുന്ന അഭിനയസാധ്യതകളുടെ ആഴവും പരപ്പുമുള്ള ഒരു കഥാപാത്രം അതിനു പാകമായ അഭിനേതാവിലേക്ക് എത്തുമ്പോൾ കഥാപാത്രഹൃദയം വജ്രകാന്തി ചിന്തുന്ന അനുഭവമാണ് 'എക്കോ' സിനിമയിലെ നരേന്റെ നേവിക്കാരൻ. കുര്യച്ചൻ എന്ന നിഗൂഢതയ്ക്കു പിന്നാലെകൂടുന്ന നേവി ഓഫീസർ. സ്ക്രീൻ സാന്നിദ്ധ്യത്തിലും നിയന്ത്രിതമായ അഭിനയപ്രകടനത്തിലും പെരുമാറ്റരീതികളിലുമെല്ലാം ഒരിക്കൽക്കൂടി വേറിട്ട നരേൻ സ്പർശം അനുഭവിപ്പിക്കുന്ന കഥാപാത്രം. 'എന്റെ കരിയറിൽ എന്നെന്നും മനസിൽ സൂക്ഷിക്കാവുന്ന ഒരു ഗംഭീര സിനിമയാണ് എക്കോ. ആ കഥാപാത്രവും അങ്ങനെ തന്നെയാണ്' - നരേൻ സംസാരിക്കുന്നു.

എന്റെ കഥാപാത്രത്തിനു നേവിക്കാരൻ എന്നല്ലാതെ പേരൊന്നും പറഞ്ഞിട്ടില്ല. കഥാവസാനം ഇയാളുടെ നിഗമനങ്ങളിലൂടെയാണല്ലോ പ്രേക്ഷകർക്കു പല കാര്യങ്ങളും മനസിലാകുന്നത്. സ്ക്രിപ്റ്റ് വായിച്ചു പകുതിയായപ്പോൾ ഇയാൾ ഗ്രേ ഷേഡിലാണെന്നു തോന്നിയിരുന്നു. കാർ യാത്രയ്ക്കിടെ, താൻ സോഫ്റ്റായി സംസാരിക്കുമെന്നും അതു മമ്മി പഠിപ്പിച്ചതാണെന്നും പറയുന്ന നേവിക്കാരൻ സഹീറിന്റെ ഒരു ചോദ്യത്തോടു പൊടുന്നനെ മറ്റൊരു ഭാവത്തിൽ പ്രതികരിക്കുമ്പോഴാണ് ഇയാൾ നമ്മൾ ഉദ്ദേശിച്ച ആളല്ലെന്നു മനസിലാകുന്നത്.

കാർ ആക്സിഡന്റാകുന്നതിനുമുമ്പ്, വണ്ടി ഇടിച്ചു നിർത്തിയശേഷം ഇയാൾ ഇത്തരി ഹിസ്റ്റീരിക്കലായി പങ്കുവയ്ക്കുന്നതു ജീവൻ തിരിച്ചു കിട്ടിയതിലുള്ള ആശ്വാസമല്ല. മറിച്ച്, കുര്യച്ചൻ ഇവിടെയുണ്ട് എന്ന ഉറച്ച ബോധ്യമാണ്. അവിടെയാണ് ആ കഥാപാത്രത്തിന്റെ വേറൊരു തലം കാണുന്നത്. ഇത്തരം കഥാസന്ദർഭങ്ങളിലൂടെ ഇയാൾ നിഗൂഢപ്രകൃതിയാണെന്ന തോന്നൽ ഇടയ്ക്കിടെ കൊണ്ടുവരുന്നുണ്ട്. അതാണ് അതിന്റെ ഭംഗിയായി എനിക്കു തോന്നിയത്.

മലമുകളിലെ കാർ സീൻ അനുഭവങ്ങളെക്കുറിച്ച് പറഞ്ഞാൽ ശരിക്കും ആ അംബാസിഡറിനു ബ്രേക്ക് വളരെ കുറവായിരുന്നു. നമ്മൾ ഉദ്ദേശിച്ച സ്ഥലത്തു വണ്ടി നിൽക്കില്ല. റിയലിസത്തിനുവേണ്ടി ആ കാലഘട്ടത്തിലെ കാർ സംഘടിപ്പിക്കുകയായിരുന്നു. അതിന്റേതായ പ്രശ്നങ്ങളും ആ കാറിനുണ്ടായിരുന്നു. ഒരിക്കൽ മലമുകളിലേക്കു കയറിപ്പോകുന്നതിനിടെ വണ്ടി പെട്ടെന്നു നില്ക്കുകയും തെന്നി പിന്നിലേക്കു വരികയും ചെയ്തപ്പോൾ കാമറ അസിസ്റ്റന്റ് ഓടിവന്നു കല്ലുവെച്ച് തടുത്തുനിർത്തി. ഞാനും സഹീർ മുഹമ്മദുമൊന്നിച്ചുള്ള കാർ സീനിൽ, വണ്ടി മരത്തിലിടിച്ച ഷോട്ടിൽ മാത്രം ഡ്യൂപ്പുണ്ടായിരുന്നു. കാരണം, ഒന്നു തെറ്റിയാൽ കൊക്കയിലേക്കു തന്നെയാവും വീഴുക! അതിനു മുന്നേയുള്ള ഷോട്ടുകളിൽ അവിചാരിതമായി വണ്ടി നിൽക്കാതെ വന്നാൽ 'ചാടിക്കോ' എന്നു മുന്നറിയിപ്പു തരാമെന്നു സഹീറിക്കയോടു ഞാൻ പറഞ്ഞിരുന്നു. പക്ഷേ, ഇതൊന്നും വെല്ലുവിളിയായി തോന്നിയില്ല. കാരണം, ബാഹുലിനും ദിൻജിത്തിനുമൊപ്പമുള്ള ഷൂട്ടിംഗ് സന്തോഷകരമായിരുന്നതിനാൽ ഇതിനെയൊക്കെ കൗതുകത്തോടെ മാത്രമേ കണ്ടിരുന്നുള്ളൂ.

കുര്യച്ചനായുള്ള അന്വേഷണങ്ങളുടെ ഭാഗമായി നേവിക്കാരൻ ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. പല കഥാപാത്രങ്ങളിൽ നിന്നായി ഉത്തരവും കിട്ടുന്നു. ചോദ്യം ചോദിക്കുന്നതിനും ഉത്തരം കിട്ടുന്നതിനുമിടെ അയാൾ ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. അതിലൂടെയാണ് അയാൾക്ക് അടുത്ത ചോദ്യം കിട്ടുന്നതും. ചിന്തിക്കാനെടുക്കുന്ന സമയം അതു കുറയാനും പാടില്ല. കൂടാനും പാടില്ല. ടൈമിംഗ് പാലിക്കുക എന്നതായിരുന്നു വെല്ലുവിളി. ഒരു സീനിൽത്തന്നെ ചോദ്യോത്തരവും ചിന്തയുമെല്ലാം ഒരുമിച്ചു സംഭവിക്കുന്ന സാഹചര്യം.

ഞാനും സഹീർ മുഹമ്മദും കാമറാമാൻമാരാണ്. ആനന്ദക്കുട്ടൻ സാറിന്റെ അസോസിയേറ്റായി എത്രയോ പടങ്ങൾ ചെയ്തയാളാണു സഹീറിക്ക. അങ്ങനെ ഞങ്ങൾ വളരെപ്പെട്ടെന്ന് അടുത്തു. പുതുമുഖത്തിന്റേതായ ഉൾവലിയലില്ലാതെ ഓജസാർന്നതായിരുന്നു അദ്ദേഹത്തിന്റെ രൂപഭാവങ്ങളും അഭിനയപ്രകടനവും സംഭാഷണരീതിയുമെല്ലാം. രണ്ട് കലാകാരന്മാർക്കിടയിൽ കൊടുക്കൽവാങ്ങലുകൾ നടക്കുന്നതു സീനിനു മൊത്തത്തിൽ ഗുണകരമാകാറുണ്ട്. ഇവിടെ അതു സാധ്യമായി.

'എക്കോ'യിലെ അനുഭവങ്ങൾ പങ്കുവെച്ച നരേൻ വാചാലനായി. എനിക്ക് ഏറ്റവുമിഷ്ടമുള്ള, പണ്ടേ ഞാൻ കണ്ടുവളർന്ന അശോകൻചേട്ടൻ, വിനീതേട്ടൻ എന്നിവരൊക്കെയുള്ള സിനിമ. മ്ലാത്തിച്ചേട്ടത്തി, കുര്യച്ചൻ, പിയൂസ് എന്നിവരെ അവതരിപ്പിച്ച ബിയാനെ മോമിൻ, സൗരബ് സച്ച്ദേവ്, സന്ദീപ്... അങ്ങനെ വളരെ അസാധാരണത്വമുള്ള കാസ്റ്റിംഗ്. അശോകൻ ചേട്ടനുമൊത്ത് ആദ്യമായാണ് അഭിനയിച്ചത്. വിനിതേട്ടനുമായി സീനില്ലെങ്കിലും ലൊക്കേഷനിൽ കാണുമായിരുന്നു. മ്ലാത്തിച്ചേടത്തിയെ കാണാൻപോകുമ്പോൾ നായ്ക്കൾ ഞങ്ങളെ തടഞ്ഞുനിർത്തുന്ന ഒരു വൈഡ് ഷോട്ടുണ്ട് ചിത്രത്തിൽ. നായ്ക്കളുമൊത്തുള്ള ഞങ്ങളുടെ ഷൂട്ടിന്റെ ആദ്യ ദിവസമായിരുന്നു അത്. ഇതെങ്ങാനും ഓടുമോ എന്നതിൽ ഒരു നിശ്ചയവുമില്ല. കടിക്കാൻ വന്നാൽ ചാടിക്കയറാൻ മരംപോലുമില്ലല്ലോ എന്നു സഹീറിക്കയോട് അന്നു തമാശയ്ക്കു പറഞ്ഞിട്ടുണ്ട്.




മലമുകളിൽ ആദ്യം പോയപ്പോൾ കണ്ട കാഴ്ച മ്ലാത്തിച്ചേട്ടത്തിയുടെ വീടിന്റെ മേൽക്കൂര കാറ്റിൽ പറന്നുപോകുന്നതാണ്. അതൊക്കെ വീണ്ടുമൊരുക്കി ഷൂട്ടിംഗിനു റെഡിയാക്കിയതിൽ ഇതിന്റെ ആർട്ട് ഡയറക്ടർ സജീഷ് താമരശേരിയുടെ വൈഭവം അതിശയകരമാണ്. ഷൂട്ടിംഗ് പകുതിയാകുംവരെ ഞാൻ വിചാരിച്ചത് അതു ശരിക്കുള്ള വീടെന്നാണ്!

മ്യൂസിക് ഡയറക്ടർ മുജീബ് മജീദ്, സൗണ്ട് ഡിസൈനർ വിഷ്ണു ഗോവിന്ദ്, സിനിമാറ്റോഗ്രാഫർ ബാഹുൽ, എഡിറ്റർ സൂരജ്... ഇവരുടെ സാങ്കേതിക വൈഭവമാണ് ഈ സിനിമയുടെ മാജിക്ക് ജനങ്ങളിലേക്ക് എത്തിച്ചത്. പതിവു കൊമേഴ്സ്യൽ ചേരുവകളില്ലാതെ ഇതു നിർമിക്കാൻ ധൈര്യം കാട്ടിയ എംആർകെ ജയറാമിനാണ് എന്റെ സല്യൂട്ട്.

കൂട്ടായ പരിശ്രമമാണ് 'കിഷ്കിന്ധാകാണ്ഡത്തിന്റെ വിജയത്തിനു പിന്നിൽ. 'കിഷ്കിന്ധാകാണ്ഡത്തിന്റെ മേക്കേഴ്സിൽ നിന്ന്' എന്ന വാചകം ആദ്യം മനസിനെ സന്തോഷിപ്പിച്ചു. ലീഡാണോ മറ്റേതെങ്കിലും കഥാപാത്രമാണോ എന്നൊന്നും നോക്കാതെ ചില ഫിലിംമേക്കേഴ്സിനെ ഇഷ്ടമായി, അവരുടെ സിനിമകൾ ചെയ്യണമെന്നു നമുക്കു തോന്നുമല്ലോ. കിഷ്കിന്ധാകാണ്ഡത്തിന്റെ എഴുത്തും മേക്കിംഗും അത്രമേൽ ഇഷ്ടമായതുകൊണ്ടാവാം ഈ സിനിമ ചെയ്യുമെന്നുറപ്പിച്ചു.

സാധാരണ സ്ക്രിപ്റ്റ് വായിച്ചുമൂന്നാലു പേജാകുമ്പോഴേക്കും നമുക്കു കഥ മനസിലാവും. ഇവിടെ, പത്തിരുപതു പേജു കഴിഞ്ഞിട്ടും കഥാഗതിയിലെ കൺഫ്യൂഷൻ തീർക്കാൻ നാലു പേജ് പിന്നിലേക്കു പോയി വേറെ കഥാപാത്രങ്ങളുടെ സംഭാഷണം വീണ്ടും വായിക്കേണ്ടിവന്നു. ഇപ്പോൾ നേടിയ വിജയമൊന്നും അന്നു മുൻകൂട്ടി കാണാനാവാത്തവിധം സങ്കീർണമായ തിരക്കഥ. പക്ഷേ, അവസാനം ഇങ്ങനെയാണല്ലേ എന്നറിയുന്ന ഒരു സീനുണ്ടല്ലോ. അതു സിനിമയിൽ വന്നാൽ പടം ക്ലിക്കാകുമെന്ന് ഉറപ്പായിരുന്നു. റെഡ് അലേർട്ട്, ഇടിമിന്നൽ, കോടമഞ്ഞ്, മഴ... ഇതിനിടെ കുന്നും മലയുമൊക്കെ കയറി ഒരു ദിവസംപോലും മുടങ്ങാതെയുള്ള ഷൂട്ടിംഗ് അനായാസമായിരുന്നില്ല. ബാഹുലിനും ദിൻജിത്തിനുമൊപ്പം അസി. ഡയറക്ടേഴ്സിന്റെയും പ്രൊഡ. കൺട്രോളർ ഷാഫി ചെമ്മാടിന്റെയുമൊക്കെ കൂട്ടായ പരിശ്രമം ആത്മവിശ്വാസമേകി.

കോളജിന്റെ ഫൺ മൂഡിൽ ഒരു സീരിയസ് വിഷയം പറയുന്ന 'ആഘോഷ'മാണ് എന്റെ അടുത്ത മലയാളം റിലീസ്. അമൽ കെ. ജോബി സംവിധാനം ചെയ്ത ഈ ചിത്രം ഈ മാസം അവസാനം തിയറ്ററുകളിലെത്തും. അതിൽ ലീഡ് വേഷമാണ്. ബോബി കുര്യൻ, ജെയ്സ് ജോസ്, ജോണി ആന്റണി, അജു വർഗീസ് തുടങ്ങിയവർക്കൊപ്പം വിജയ് സേതുപതി നായകനായ മിഷ്കിന്റെ തമിഴ് ചിത്രം 'ട്രെയിൻ' റിലീസിനൊരുങ്ങുന്നു. മിഷ്കിനൊപ്പമുള്ള എന്റെ നാലാമത്തെ ചിത്രം. അതിൽ വളരെ പ്രധാനപ്പെട്ട ഒരു വേഷം. വിജയ്‌യുടെ മാസ് പടം 'ജനനായകനി'ൽ വളരെ പ്രധാനപ്പെട്ട ഒരു ഗസ്റ്റ് റോളിലെത്തുന്നു.

മലയാളം ഡയറക്ടർ സുഗീതിനൊപ്പം ചെയ്ത തമിഴ്ചിത്രം കുറൾ, 'ആത്മ' എന്ന പേരിൽ റിലീസിനൊരുങ്ങുന്നു. അതൊരു മിസ്റ്ററി ത്രില്ലറാണ്. അതിൽ ഓട്ടിസം ബാധിച്ച നായക കഥാപാത്രം.

ലോറൻസ് മാസ്റ്റർ നായകനും ജയംരവിയും നിവിൻ പോളിയും വില്ലന്മാരുമായ തമിഴ് ചിത്രം 'ബെൻസി'ൽ എനിക്കു ഗസ്റ്റ് റോളാണ്. പക്ഷേ, പ്രാധാന്യമേറിയ കഥാപാത്രം. ഭാഗ്യരാജ് കണ്ണനാണ് അതിന്റെ സംവിധായകൻ.

ഞാനും സുഹൃത്ത് പിയൂഷും ചേർന്ന് തിരക്കഥയൊരുക്കിയ ചിത്രം അടുത്തവർഷം ചിത്രീകരണം തുടങ്ങും. ഞാനാണു നായകൻ. കഥയെഴുതിയ പിയൂഷാണു സംവിധായകൻ. 'കൈദി 2' തത്കാലം ഷൂട്ടിംഗ് ഘട്ടത്തിൽ എത്തിയിട്ടില്ല. അതിനായി ഞാനും കാത്തിരിക്കുന്നു.

# ഊർജ കാര്യക്ഷമതയിൽ കേരളത്തിന് ദേശീയ അംഗീകാരം

തിരുവനന്തപുരം: സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഊർജ കാര്യക്ഷമത വിലയിരുത്തുന്ന ദേശീയ സൂചികയായ സ്റ്റേറ്റ് എനർജി എഫിഷ്യൻസി ഇൻഡക്സിൽ ഗ്രൂപ്പ് മൂന്ന് വിഭാഗത്തിൽ കേരളത്തിന് ഒന്നാം റാങ്ക്. ഊർജ കാര്യക്ഷമതാ രംഗത്തെ കേരളത്തിന്റെ മികച്ച പ്രകടനത്തിനുള്ള ദേശീയ തലത്തിലുള്ള പുരസ്കാരമാണ് കേരളം സ്വന്തമാക്കിയത്. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ഊർജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എപുനീത് കുമാറും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാറും ചേർന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി.

കാർഷിക മേഖല, വൈദ്യുതി വിതരണ രംഗം, ഗതാഗതം, വ്യവസായ മേഖല, വൻകിട കെട്ടിടങ്ങൾ, ഗാർഹിക മേഖല തുടങ്ങി വിവിധ മേഖലകളിൽ ഊർജകാര്യക്ഷമത ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിലയിരുത്തിയാണ് കേരളത്തെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്. ഈ മേഖലകളിൽ ഊർജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും പുരസ്കാര നിർണയത്തിൽ നിർണായകമായി. കൂടാതെ, രാജ്യത്ത് ആദ്യമായി എനർജി കൺസർവേഷൻ ആൻഡ് സസ്റ്റൈനബിൾ ബിൽഡിംഗ് കോഡ് റൂൾസ് വിജ്ഞാപനം ചെയ്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയ സംസ്ഥാനമെന്ന നിലയിൽ കേരളം കൈവരിച്ച മുന്നേറ്റവും പുരസ്കാരനേട്ടത്തിനു കാരണമായി.

# നീതി ലഭ്യമാക്കുന്നതിലെ കാലതാമസം കുറയ്ക്കണം: ചീഫ് ജസ്റ്റിസ് സൂര്യകാന്ത്

ന്യൂഡൽഹി: നീതിന്യായ വ്യവസ്ഥയിൽ സംഭവിക്കുന്ന കാലതാമസം കുറയ്ക്കണമെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത്. ഒഡീഷ ഹൈക്കോടതി ബാർ അസോസിയേഷൻ സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുക്കവേ ആണ് അദ്ദേഹം നീതി ലഭ്യമാക്കുന്നതിലെ കാലതാമസത്തെകുറിച്ച് സംസാരിച്ചത്.

കേസുകൾ കെട്ടിക്കിടക്കുന്ന അവസ്ഥയും കോടതിയിൽ കേസ് നടത്താനുള്ള ചെലവും സാധാരണക്കാരുടെ അന്തസ്സിനെ നിശബ്ദമായി ഇല്ലാതാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ കോടതികളുടെ പൊടിപിടിച്ച ഇടനാഴികളിൽനിന്നാണ് നീതിയെക്കുറിച്ചുള്ള ഏറ്റവും ശാശ്വതമായ പാഠങ്ങൾ താൻ പഠിച്ചതെന്നും ചീഫ് ജസ്റ്റിസ് പറഞ്ഞു.

"നീതിന്യായ വ്യവസ്ഥയുടെ യഥാർത്ഥ പരീക്ഷണം സാധാരണ പൗരന്റെ അനുഭവത്തിലാണ്. നീതി തേടുന്നത് സഹിഷ്ണുതയുടെ പരീക്ഷണമായി മാറുകയാണ്. കോടതികൾ പ്രസക്തവും മാനുഷികവുമായി നിലനിൽക്കണമെങ്കിൽ, നീതി ലഭ്യമാക്കുന്നതിലെ കാലതാമസവും കോടതി ചെലവും കുറയ്ക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

കീഴ്ക്കോടതികളുടെ ഭാരം ലഘൂകരിക്കുന്നതിനും ദീർഘകാലമായി തീർപ്പുകൽപ്പിക്കാത്ത കേസുകൾ പരിഹരിക്കുന്നതിനും മദ്ധ്യസ്ഥതയിലൂടെയുള്ള സംസാരമാണ് വേണ്ടത്. സാധാരണക്കാർക്ക് നീതി വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള പ്രായോഗിക മാർഗങ്ങളെക്കുറിച്ച് ചർച്ചകൾ വേണം" – ചീഫ് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു.

# ഡൽഹിയിൽ കനത്ത പുകമഞ്ഞ്: 100 വിമാനങ്ങൾ റദ്ദാക്കി

ന്യൂഡൽഹി: ഡൽഹിയിലും സമീപ പ്രദേശങ്ങളിലുമായുള്ള കനത്ത പുകമഞ്ഞ് തുടരുന്നതിനെത്തുടർന്ന് നിരവധി വിമാന, ട്രെയിൻ സർവീസുകൾ റദ്ദാക്കി. കാഴ്ചപരിധി കുറവായതിനെത്തുടർന്ന് 100 വിമാനങ്ങൾ റദ്ദാക്കിയതായി ഡൽഹി വിമാനത്താവള അധികൃതർ അറിയിച്ചു. 300-ൽ അധികം വിമാനങ്ങൾ വഴിതിരിച്ചുവിട്ടിട്ടുമുണ്ട്. എയർ ഇന്ത്യയും ഇൻഡിഗോയും യാത്രക്കാർക്ക് ഇതുസംബന്ധിച്ച മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

15-ന് രാവിലെ ആറുമണിക്ക് ദേശീയ തലസ്ഥാനത്തെ വായുഗുണനിലവാരം (എയർ ക്വാളിറ്റി ഇൻഡെക്സ് – എക്യൂഐ) 456 ആയിരുന്നു. ഈ സീസണിലെ ഏറ്റവും മോശപ്പെട്ട രണ്ടാമത്തെ എക്യൂഐ ആയിരുന്നു അത്. ഞായറാഴ്ചത്തെ എക്യൂഐ 461 ആയിരുന്നു. ഫ്ളൈറ്റ് സ്റ്റാറ്റസ് നോക്കിയശേഷം മാത്രമേ വിമാനത്താവളങ്ങളിലേക്കു പുറപ്പെടാവൂ എന്ന് വ്യോമയാന മന്ത്രാലയം മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

ഡൽഹിയിലെ വായുവിന്റെ ഗുണനിലവാരം അളക്കുന്ന 40 സ്റ്റേഷനുകളിൽ 38 എണ്ണത്തിലും എക്യൂഐ 'അതീവ ഗുരുതരം' അവസ്ഥയിലായിരുന്നു. രണ്ട് സ്റ്റേഷനുകളിൽ 'വളരെ മോശം' എന്ന അവസ്ഥയിലും. അവസ്ഥ മോശമായതിനെത്തുടർന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഡൽഹിയിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

## യുഡിഎഫിന് തകർപ്പൻ വിജയം

(3-ാം പേജിൽനിന്നും)

കണ്ണൂരിലെയും തോൽവി സിപിഎമ്മിനു കനത്ത ആഘാതമായി. കനത്തമത്സരം നേരിട്ട കോഴിക്കോട് മാത്രമാണ് നേരിയ ഭൂരിപക്ഷത്തിൽ എൽഡിഎഫ് ഒന്നാമതെത്തിയത്. 'മാറാത്തതു മാറും' എന്ന മുദ്രാവാക്യവുമായി തിരുവനന്തപുരം കോർപറേഷൻ ഭരണം പിടിച്ചെടുത്ത എൻഡിഎയാകട്ടെ, എൽഡിഎഫിനെയും യുഡിഎഫിനെയും ഞെട്ടിച്ചു.

കഴിഞ്ഞതവണ 340 ഗ്രാമപഞ്ചായത്തുകൾ മാത്രമുണ്ടായിരുന്ന യുഡിഎഫ് ഇക്കുറി 165 പഞ്ചായത്തുകൾ അധികം നേടി. 580 പഞ്ചായത്തുകൾ ഭരിച്ചിരുന്ന എൽഡിഎഫ് 340 പഞ്ചായത്തുകളിലേക്കു ചുരുങ്ങി. കഴിഞ്ഞ തവണ 12 പഞ്ചായത്തുകളിലുണ്ടായിരുന്ന എൻഡിഎ ഇക്കുറി 26 പഞ്ചായത്തുകളിൽ മുന്നിലെത്തി.

40 ബ്ലോക്ക് പഞ്ചായത്തുകൾ മാത്രമുണ്ടായിരുന്ന യുഡിഎഫ് 79-ൽ ഭരണമുറപ്പിച്ചു. 111 ബ്ലോക്കുകൾ കൈവശമുണ്ടായിരുന്ന എൽഡിഎഫ് 63-ലേക്കു ചുരുങ്ങി. 10 ബ്ലോക്കുകളിൽ ആർക്കും വ്യക്തമായ ഭൂരിപക്ഷമില്ല.

മലപ്പുറം, വയനാട് ഒഴികെ എല്ലാ ജില്ലാ പഞ്ചായത്തുകളും എൽഡിഎഫ് ഭരിച്ചിരുന്നിടത്തുനിന്നാണ് എൽഡിഎഫും യുഡിഎഫും ഏഴ് വീതമെന്ന നിലയിലെത്തിയിരിക്കുന്നത്. അതിൽ തന്നെ തിരുവനന്തപുരത്തും കാസർകോട്ടും എൽഡിഎഫ് കഷ്ടിച്ചാണു ജയിച്ചത്.

ആറ് കോർപറേഷനുകളിൽ കണ്ണൂർ (36-15) നിലനിർത്തിയ യുഡിഎഫ്, കൊല്ലം (27-16), കൊച്ചി (47-22), തൃശൂർ (33-13) കോർപറേഷനുകൾ പിടിച്ചെടുത്തു. എൽഡിഎഫ് കോഴിക്കോട് നിലനിർത്തിയെങ്കിലും കേവല ഭൂരിപക്ഷമില്ല (35-28). തിരുവനന്തപുരം കോർപറേഷനിൽ ഭരണമുറപ്പിച്ച ബിജെപി, കോഴിക്കോട്ട് 13 സീറ്റും കൊല്ലത്ത് 12 സീറ്റും നേടിയതും ശ്രദ്ധേയമാണ്.

42 മുനിസിപ്പാലിറ്റികളിൽ ഭരണമുണ്ടായിരുന്ന യുഡിഎഫ് 13 എണ്ണം അധികം പിടിച്ചു. 43-ൽനിന്നാണ് എൽഡിഎഫ് 28-ലേക്കു ചുരുങ്ങിയത്. പാലക്കാട്ട് ഭരണത്തിലുള്ള ബിജെപി ഇക്കുറിയും ഏറ്റവും വലിയ ഒറ്റക്കക്ഷിയാണെങ്കിലും കേവല ഭൂരിപക്ഷമില്ല. ഭരണത്തിലുണ്ടായിരുന്ന പന്തളത്ത് മൂന്നാമതായ അവർ തൃപ്പൂണിത്തുറ പിടിച്ചെടുത്തു.

തിരുവനന്തപുരത്ത് എൽഡിഎഫിനു കോർപറേഷൻ നഷ്ടപ്പെട്ടെങ്കിലും നാല് നഗരസഭകളും അവർക്കൊപ്പം നിന്നു. ജില്ലാ പഞ്ചായത്തിലേക്കു യുഡിഎഫ് ശക്തമായ വെല്ലുവിളി ഉയർത്തുകയും ചെയ്തു. കൊല്ലത്ത് കോർപറേഷൻ ഉൾപ്പെടെ പല ഉറച്ച കോട്ടകളും എൽഡിഎഫിനു നഷ്ടമായി. ഗ്രാമപഞ്ചായത്തുകളിൽ എൽഡിഎഫും (33) യുഡിഎഫും (32) ഒപ്പത്തിനൊപ്പം. ജില്ലാ പഞ്ചായത്ത് നിലനിർത്തിയത് എൽഡിഎഫിന് ആശ്വാസം.

ആലപ്പുഴയിൽ നഗരസഭകളിൽ യുഡിഎഫിനു വ്യക്തമായ മുന്നേറ്റം. ജില്ലാ, ബ്ലോക്ക്, ഗ്രാമപ്പഞ്ചായത്തുകളിൽ എൽഡിഎഫാണു മുന്നിലെങ്കിലും യുഡിഎഫ് നില മെച്ചപ്പെടുത്തി. പത്തനംതിട്ടയിൽ ജില്ലാ പഞ്ചായത്ത് തിരിച്ചുപിടിച്ച യുഡിഎഫ് പന്തളം ഒഴികെയുള്ള നാലു നഗരസഭകളും നേടി. ബ്ലോക്ക് തലത്തിലും യുഡിഎഫിന്റെ സമഗ്രാധിപത്യം.

കോട്ടയത്ത് കേരള കോൺഗ്രസ് എമ്മിനെ മുന്നിൽ നിർത്തിയുള്ള എൽഡിഎഫ് നീക്കം ഫലം കണ്ടില്ല. കഴിഞ്ഞതവണ കൈവിട്ടുപോയ പുതുപ്പള്ളി ഉൾപ്പെടെ തിരിച്ചുപിടിച്ച് ഗ്രാമപഞ്ചായത്തുകളിൽ വൻമുന്നേറ്റം. ആർക്കും ഭൂരിപക്ഷമില്ലാത്ത പാലാ നഗരസഭയിൽ യുഡിഎഫ് ഭരണത്തിനു വഴിയൊരുങ്ങുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ഇടുക്കിയിൽ 52 ഗ്രാമപ്പഞ്ചായത്തിൽ 36 എണ്ണവും നേടി യുഡിഎഫിന്റെ തിരിച്ചുവരവ്. രണ്ടു നഗരസഭകളും നേടിയ മുന്നണി ജില്ലാ പഞ്ചായത്തും തിരിച്ചുപിടിച്ചു. മലപ്പുറം കഴിഞ്ഞാൽ യുഡിഎഫിന്റെ ഏറ്റവും മികച്ച പ്രകടനം എറണാകുളത്തേതാണ്. കോർപറേഷനു പുറമേ 13 മുനിസിപ്പാലിറ്റികളിൽ പതിനൊന്നും 14 ബ്ലോക്ക് പഞ്ചായത്തുകളിൽ പന്ത്രണ്ടും യുഡിഎഫ് നേടി. തൃശൂരിൽ കോർപറേഷൻ ഭരണം പിടിച്ചെടുത്ത യുഡിഎഫ് ജില്ലാ പഞ്ചായത്തിലും നഗരസഭകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും നില മെച്ചപ്പെടുത്തി. കേന്ദ്രമന്ത്രി സുരേഷ് ഗോപി വൻ പ്രചാരണം നടത്തിയെങ്കിലും എൻഡിഎക്കു കാര്യമായ മുന്നേറ്റമുണ്ടായില്ല. പാലക്കാട് പട്ടാമ്പി, ചിറ്റൂർ നഗരസഭകൾ യുഡിഎഫ് തിരിച്ചുപിടിച്ചു. ബിജെപി രണ്ട് പഞ്ചായത്തുകളിൽ ഭരണത്തിലെത്തി. മലപ്പുറത്ത് 12 നഗരസഭകളിൽ പൊന്നാനി ഒഴികെയെല്ലാം യുഡിഎഫ് നേടി. പെരിന്തൽമണ്ണ നഗരസഭാ ഭരണം നേടുന്നത് 30 വർഷത്തിനുശേഷമാണ്. കഴിഞ്ഞ തവണ നഷ്ടപ്പെട്ട നിലമ്പൂരും പിടിച്ചെടുത്തു. 94 ഗ്രാമപ്പഞ്ചായത്തുകളിൽ 89 എണ്ണവും യുഡിഎഫ് നേടി. കോഴിക്കോട് എൽഡിഎഫിന്റെ കൈവശമുണ്ടായിരുന്ന പകുതിയിലേറെ ഗ്രാമപ്പഞ്ചായത്തുകൾ യുഡിഎഫ് പിടിച്ചെടുത്തു. ബ്ലോക്ക് പഞ്ചായത്തുകളിലും യുഡിഎഫ് മുന്നേറ്റമുണ്ടായി. വയനാട് നാലിൽ മൂന്നു ഗ്രാമപഞ്ചായത്തുകളും നേടിയ യുഡിഎഫ് 15-2 ഭൂരിപക്ഷത്തിനാണ് ജില്ലാ പഞ്ചായത്ത് നേടിയത്. ബ്ലോക്ക് പഞ്ചായത്തുകൾ നാലും നേടി. കണ്ണൂരിൽ ഭരണത്തിലുള്ള നഗരസഭകളും കോർപറേഷനും നിലനിർത്താൻ യുഡിഎഫിനു കഴിഞ്ഞു. ഗ്രാമപഞ്ചായത്ത് തലത്തിലും മുന്നേറ്റമുണ്ട്. കാസർകോട് ഗ്രാമപ്പഞ്ചായത്തുകളിലെ യുഡിഎഫ് മുന്നേറ്റം ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലങ്ങളിലേക്കും നഗരസഭകളിലേക്കും കൂടിയെത്താതെ തടുത്തുനിർത്താൻ എൽഡിഎഫിനു കഴിഞ്ഞു.

## സിപിഎം – സിപിഐ പോര്

(3-ാം പേജിൽനിന്നും)

പ്രതീക്ഷിച്ചതിനേക്കാൾ വലിയ തിരിച്ചടിയാണ് സംഭവിച്ചതെന്നാണ് ബിനോയ് വിശ്വത്തിന്റെ അഭിപ്രായം. ഇടത് നേതാക്കളുടെ ഭാഗത്തുനിന്നും ഇങ്ങനെയുള്ള പെരുമാറ്റം ഉണ്ടാകുമെന്ന് ജനങ്ങൾ കരുതിയില്ല. എൽഡിഎഫിനൊപ്പം നിലകൊണ്ട ന്യൂനപക്ഷ വോട്ടുകൾ നഷ്ടമായത് ദൗർഭാഗ്യകരമായിപ്പോയി. ബിജെപിയുമായി സർക്കാരിനു ബന്ധമുണ്ടെന്ന പ്രചാരണവും വലിയ തിരിച്ചടിയായെന്നും ബിനോയ് വിശ്വം വ്യക്തമാക്കി.

കുറ്റങ്ങളെല്ലാം സിപിഎമ്മിനുമേൽ കെട്ടിവയ്ക്കാനില്ല. എൽഡിഎഫ് കൂട്ടായി തിരുത്തൽ വരുത്തി തിരികെ വരുമെന്നും ബിനോയ് വിശ്വം പറഞ്ഞു. പരാജയകാരണത്തെക്കുറിച്ച് സിപിഎം നേതാവ് എം.എം. മണിയുടെ പ്രസ്താവന അംഗീകരിക്കുന്നില്ല. കമ്യൂണിസ്റ്റുകാർ നിലപാട് പറയുമ്പോൾ വാക്കുകൾ സൂക്ഷിച്ച് പ്രയോഗിക്കണം. വാക്കുകളും ശൈലിയും പ്രധാനമെന്നും ബിനോയ് വിശ്വം മുന്നറിയിപ്പ് നൽകി.

2020-ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ഭൂരിഭാഗം കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും എൽഡിഎഫിനൊപ്പമായിരുന്നു. എന്നാൽ, ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും യുഡിഎഫ് പിടിച്ചെടുക്കുകയായിരുന്നു. തലസ്ഥാന നഗരമായ തിരുവനന്തപുരം കോർപ്പറേഷൻ ബിജെപിയും പിടിച്ചെടുത്തതോടെ കനത്ത പരാജയമാണ് സിപിഎമ്മിന് നേരിട്ടത്. 30 വർഷക്കാലമായി സിപിഎമ്മാണ് കോർപ്പറേഷൻ ഭരിച്ച് വന്നിരുന്നത്. സംസ്ഥാന ബിജെപി വലിയ മുന്നേറ്റംനേടിയതും എൽഡിഎഫിനു തിരിച്ചടിയായി മാറുകയായിരുന്നു.

## കോൺഗ്രസിന്റെ കൂറ്റൻ റാലി

(3-ാം പേജിൽനിന്നും)

സമാധാനപരവും ജനാധിപത്യപരവുമായ മാർഗങ്ങളിലൂടെ കോൺഗ്രസ് പോരാട്ടം തുടരും. സമയമെടുത്തേക്കാമെങ്കിലും സത്യത്തിനായിരിക്കും ആത്യന്തിക വിജയം. ഇന്ത്യയിലെ തെരഞ്ഞെടുപ്പുകൾ തങ്ങളുടെ വരുതിക്കു വരുത്താൻ ബിജെപി സർക്കാർ രൂപീകരിച്ച നിയമത്തെയും രാഹുൽ പരാമർശിച്ചു. കോൺഗ്രസ് അധികാരത്തിലെത്തിയാൽ ഈ നിയമത്തിൽ മാറ്റം വരുത്തുമെന്നും തെരഞ്ഞെടുപ്പ് കമ്മീഷണർമാർക്കെതിരേ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. വോട്ട് മോഷണത്തിൽ പാർലമെന്റിൽ വിശദീകരണം നൽകാൻ ആവശ്യപ്പെട്ടപ്പോൾ ആഭ്യന്തരമന്ത്രി അമിത് ഷായുടെ കൈകൾ വിറയ്ക്കുകയായിരുന്നു – രാഹുൽ പറഞ്ഞു.

ബിജെപി-ആർഎസ്എസ് പ്രത്യയശാസ്ത്രമോ മനുസ്മൃതിയോ അല്ല ഭരണഘടനയാണു രാജ്യത്തെ നയിക്കേണ്ടതെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. ബിജെപി-ആർഎസ്എസ് ഭരണകൂടം ദരിദ്രരെ അടിച്ചമർത്താനും അടിമത്തത്തിലേക്കു തള്ളിവിടാനും ആഗ്രഹിക്കുന്നു.

ആർഎസ്എസിന്റെയോ മനുസ്മൃതിയുടെയോ പ്രത്യയശാസ്ത്രത്തിലൂടെ ഇന്ത്യയെ പുരോഗതിയിലേക്കു നയിക്കാൻ സാധിക്കില്ല. ഭരണഘടന പിന്തുടരുന്ന കോൺഗ്രസിനേ അതു സാധിക്കുവെന്നും ഖാർഗെ തുറന്നടിച്ചു. ഭരണഘടന ക്രമേണ ഇല്ലാതാക്കാനാണു ബിജെപി ശ്രമിക്കുന്നതെന്നും ഹിന്ദുത്വത്തിന്റെപേരിൽ ആളുകളെ തെറ്റിദ്ധരിപ്പിക്കാനും ചൂഷണം ചെയ്യാനുമാണ് ബിജെപി ശ്രമിക്കുന്നതെന്നും ഖാർഗെ കൂട്ടിച്ചേർത്തു.

സോണിയ ഗാന്ധി, കോൺഗ്രസിന്റെ മുഖ്യമന്ത്രിമാർ, പ്രധാന നേതാക്കൾ, പിസിസി അദ്ധ്യക്ഷന്മാർ എന്നിവരെയെല്ലാം അണിനിരത്തിക്കൊണ്ടായിരുന്നു കോൺഗ്രസിന്റെ പ്രതിഷേധ റാലി.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
◆ For Vacation and Holiday rentals.
◆ Licensed Home stay, Safe and Secured.
◆ 3 A/C rooms, Unique Packages for 2-8 people very economical.
◆ Individual Room rental for families.
◆ Fruits and vegetable Garden.
◆ Feels like farm house with Pets, Animals, Fish and birds.
◆ Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
◆ Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
◆ Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
◆ Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
◆ Adhering Food Safety Regulations.
◆ Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**